# അപ്പൊസ്തലനായ പൗലൊസ്
# എഫെസ്യർക്ക് എഴുതിയ ലേഖനം

## മുഖവുര

ആത്മീയ പാപ്പരത്തത്തിൽ കഴിയുന്നവർക്ക് എഴുതിയ ലേഖനമാണിത്. രക്ഷിക്കപ്പെട്ടവർ സ്വർഗ്ഗത്തിലെ സകല ആത്മീയാനുഗ്രഹങ്ങളും ക്രിസ്തുവിൽ ലഭിച്ചവരാണ്. എന്നാൽ പലരും അതിനെക്കുറിച്ചു ബോധവാന്മാരല്ല എന്നുള്ള ദുഃഖസത്യം ഈ ലേഖനത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിൽ നമുക്കുള്ള അപ്രമേയധനം മനസ്സിലാക്കി ആത്മീയ പ്രബുദ്ധരാകുവാൻ നമ്മെ പ്രബോധിപ്പിക്കുന്ന ലേഖനമാണ് ഇത്. സഭകൾക്കു പൊതുവായി എഴുതപ്പെട്ട ഒരു ലേഖനമാണ് ഇതെന്ന് അഭിപ്രായപ്പെടുന്നു.

ലേഖന കർത്താവ് പൗലൊസാണെന്ന് ഒന്നാം വാക്യം വ്യക്തമാക്കുന്നു. AD 60ൽ റോമിൽനിന്നും ഈ ലേഖനം എഴുതപ്പെട്ടു എന്നു കരുതുന്നു. എഫെസ്യർ, ഫിലിപ്പിയർ, കൊലൊസ്സ്യർ, ഫിലേമോൻ എന്നിവ കാരാഗൃഹലേഖന ങ്ങളാണ്. പൗലൊസ് റോമിൽ തടവുകാരനായിരുന്ന കാലത്താണ് ഈ ലേഖന ങ്ങൾ രചിച്ചത്. പൗലൊസിന്റെ പ്രവർത്തനഫലമായിട്ടുണ്ടായ സഭയാണ് എഫെസ്യ സഭ. തന്റെ രണ്ടാം മിഷ്യനറിയാത്രയിൽ ഇവിടം സന്ദർശിച്ചിരുന്നു. എന്നാൽ മൂന്നാം മിഷ്യനറിയാത്രയിൽ മൂന്നു വർഷം എഫെസൊസിൽ താമസിച്ചു പ്രവർത്തിക്കുകയും തൽഫലമായി സഭ വളരുകയും ചെയ്തു. പ്രശ്നപരിഹാരാർത്ഥം എഴുതപ്പെട്ട ലേഖനമല്ല ഇത്. പ്രത്യുത ക്രിസ്തുവും സഭയും തമ്മിലുള്ള ആഴമായ ബന്ധം വിശദമാക്കുവാൻ എഴുതപ്പെട്ട ലേഖനമാണ് ഇത്. സഭയെ ശരീരമായും, ദൈവാലയമായും, മർമ്മമായും, പുതിയ മനുഷ്യനായും, കാന്തയായും, പടയാളിയായും ഈ ലേഖന ത്തിൽ സാദൃശീകരിച്ചിരിക്കുന്നു. ഒരു യഥാർത്ഥ ക്രിസ്ത്യാനി ക്രിസ്തുവിൽ ആയിത്തീർന്നവനാണ് (2 കൊരി. 5:17). ക്രിസ്തുവിൽ എന്ന പദപ്രയോഗം മുപ്പതിൽപരം പ്രാവശ്യം ഈ ലേഖനത്തിൽ കാണാം. ദൈവമക്കൾ ക്രിസ്തുവിൽ തിരഞ്ഞെടുക്കപ്പെട്ടവരും, ദത്തെടുക്കപ്പെട്ടവരും, വീണ്ടെടുപ്പു പ്രാപിച്ചവരും, അവകാശികളും, ആശവച്ചവരും, മുദ്രയിടപ്പെട്ടവരും, കർത്താവിൽ വളരുന്നവരും, കൂട്ടവകാശികളും ആകുന്നു. ഇങ്ങനെയുള്ള പദവികളോടു കൂടെ നാം ലോകത്തിൽ ജീവിക്കണം. അപ്പോൾ തന്നെ നമുക്ക് ഈ ലോകത്തിൽ ആത്മീയ പോരാട്ടം ഉണ്ട്. കർത്താവിലും അവന്റെ അമിതബലത്തിലും ആശ്രയിച്ചു ശക്തിപ്പെടുന്നവർക്കു മാത്രമേ വിജയകരമായ ക്രിസ്തീയ ജീവിതം നയിക്കുവാൻ കഴിയുകയുള്ളൂ.

എഫെസൊസ് ഏഷ്യാമൈനറിലെ ഒരു മുഖ്യ വാണിജ്യകേന്ദ്രമായിരുന്നു. മതപരമായും ഈ നഗരം പ്രാധാന്യമുള്ളതായിരുന്നു. പ്രാചീന ലോകത്തിലെ അത്ഭുതങ്ങളിൽ ഒന്നായിരുന്ന അർത്തെമിസ് ദേവിയുടെ അതിമനോഹരമായ ക്ഷേത്രം ഇവിടെ സ്ഥിതിചെയ്തിരുന്നു. കൂടാതെ ജനം വിഗ്രഹാരാധനയ്ക്കും മന്ത്രവാദത്തിനും അടിമപ്പെട്ടിരുന്നു. അവർ സുവിശേഷം കേട്ട തിന്റെ ഫലമായി രക്ഷിക്കപ്പെട്ടു. ആത്മീയ വളർച്ച ലഭിച്ചവരെങ്കിലും ക്രിസ്തുവിനോടുള്ള സ്നേഹത്തിലും ഭക്തിയിലും നിലനിൽക്കാഞ്ഞതിന്റെ ഫലമായി ഈ സഭ ക്ഷയിച്ചുപോയി. തൽഫലമായി ക്രൈസ്തവസാക്ഷ്യം നഷ്ടപ്പെടുകയും ചെയ്തു.

## വിഷയ വിഭജനം

**A. ഉപദേശപരം (1:1–3:21)**

1. അഭിവാദനം (1:1,2)
2. ക്രിസ്തുവിലുള്ളവർക്കുള്ള (സഭ) അനുഗ്രഹങ്ങൾ (1:3–14)
3. ഹൃദയദൃഷ്ടി പ്രകാശിക്കാനുള്ള പ്രാർത്ഥന (1:15–23)
4. സഭയുടെ സ്വഭാവം (2:1–10)
5. സഭയുടെ ഘടനയും വളർച്ചയും (2:11–22)
6. സഭയുടെ വിളിയും ഉപദേശവും (3:1–13)
7. സഭയുടെ വ്യാപ്തിയും നിറവും (3:14–21)

**B. പ്രായോഗിക ഉപദേശം (4:1–6:24)**

1. സഭയുടെ വിളിയും ശുശ്രൂഷകളും (4:1–16)
2. സഭയുടെ അഥവാ വിശ്വാസികളുടെ ജീവിത സ്വഭാവം (4:17–5:14)
3. സഭയുടെ ലോകത്തോടുള്ള ബന്ധം (5:15–21)
4. കുടുംബ ജീവിത പ്രമാണങ്ങൾ (5:22–6:9)
5. സഭയുടെ പോരാട്ടം (6:10–20)
6. ഉപസംഹാരം (6:21–24)

## കൊലൊസ്സ്യ ലേഖനവുമായുള്ള സാമ്യം

രണ്ടു ലേഖനങ്ങളിലും ക്രിസ്തുവും സഭയുമാണ് വിഷയം. എഫെസ്യ ലേഖനം ക്രിസ്തുവിന്റെ മാർമ്മിക

ശരീരമായ സഭയുടെ പദവിയും സ്ഥാനവും വെളിപ്പെടുത്തുമ്പോൾ കൊലൊസ്സ്യ ലേഖനം സഭയുടെ തല യായ ക്രിസ്തുവിന്റെ ദൈവത്വവും പദവികളും പ്രസ്താവിച്ചുകൊണ്ട് നമ്മുടെ പൂർണ്ണത വെളിപ്പെടുത്തുന്നു. എഫെസ്യ ലേഖനം നാം ക്രിസ്തുവിൽ ആയിരിക്കുന്നു എന്ന് പറയുമ്പോൾ കൊലൊസ്സ്യ ലേഖനം ക്രിസ്തു നമ്മിൽ ആയി രിക്കുന്നു എന്ന് പ്രസ്താവിക്കുന്നു. സ്വർഗ്ഗീയ ലേഖനം എന്ന് അറിയപ്പെടുന്ന എഫെസ്യ ലേഖനം പഴയനിയമ ത്തിലെ യോശുവയുടെ പുസ്തകത്തിന് തുല്യമാണ്. ക്രിസ്തുവിൽ വിജയം ലഭ്യമാണെന്നു പ്രസ്താവിക്കുന്ന ലേഖനമാണ് ഇത്.

## അദ്ധ്യായം 1

### അഭിവാദനം (1:1,2)

ലേഖനം ആര് എഴുതി എന്ന പ്രസ്താവനയോടെയാണ് ഈ അദ്ധ്യായം ആരംഭിക്കുന്നത്. പൗലൊസ് ദൈവേ ഷ്ടത്താൽ അപ്പൊസ്തലൻ ആയവൻ ആണ്. അത് ഒരു തൊഴിലായോ തന്റെ യോഗ്യതകൊണ്ടോ ലഭിച്ചതല്ല. പ്രത്യുത കൃപയാൽ ലഭ്യമായതാണ്. നമുക്കുണ്ടായിരിക്കേണ്ട മനോഭാവം അതായിരിക്കണം. പൗലൊസ് എന്ന ലാറ്റിൻ പദത്തിന്റെ അർത്ഥം ചെറിയവൻ എന്നാണ്. അതുകൊണ്ട് പൗലൊസ് ആളിൽ കുറിയവൻ ആയിരുന്നു എന്ന് അഭിപ്രായപ്പെടുന്നു. അപ്പൊസ്തലന്മാർ ക്രിസ്തുവിനാൽ നിയോഗിക്കപ്പെട്ടവരാണ്. പൗലൊസിന് ക്രിസ്തു വിന്റെ സ്ഥാനപതിയാകുവാൻ പദവി ലഭിച്ചു (2 കൊരി. 5:20). നമുക്കും അവന്റെ സാക്ഷികൾ ആകുവാൻ പദവി ലഭിച്ചിരിക്കുന്നു.

രക്ഷിക്കപ്പെട്ട എല്ലാവരും വിശുദ്ധന്മാരാണ്. അവർ പാപികളും അശുദ്ധരും ആയിരുന്നു. ക്രിസ്തു അവർക്കു വേണ്ടി മരിച്ചു. അവന്റെ രക്തം അഥവാ ജീവൻ നൽകി വീണ്ടെടുക്കപ്പെട്ടവർ ആണ് ദൈവമക്കൾ. അവർ ദൈവമ ഹത്വത്തിനും ദൈവികശുശ്രൂഷകൾക്കുമായി വേർതിരിക്കപ്പെട്ടവർ ആകുന്നു. അങ്ങനെ വിശുദ്ധരായവർ വിശുദ്ധ ജീവിതം നയിക്കുവാൻ കട പ്പെട്ടവരും ആക്കിവെക്കപ്പെട്ടവരും ആകുന്നു. ഈ ലേഖനം വിശ്വാസികൾക്ക് എഴുതി യിട്ടുള്ളതാണ്. ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ടവരാണ് വിശ്വാസികൾ. അവർ ദൈവമക്കൾ ആകുന്നു. ദൈവത്തെ പിതാവ് എന്ന് വിളിക്കു വാൻ പദവി ലഭിച്ചവർ എന്നു സാരം (യോഹ. 1:12). പിതാവും പുത്രനും തുല്യ പദവി ഉള്ളവരാകുന്നു. സുവിശേഷങ്ങളിലും ലേഖനങ്ങളിലും ഈ സത്യം വ്യക്തമാക്കിയിട്ടുണ്ട് (യോഹ. 1:1,18; 5:18–29; 10:30; 14:8,9; റോമർ 9:5; കൊലൊ. 2:9; എബ്രാ. 1:8; 1 യോഹ. 5:20). ക്രിസ്തുവിന്റെ ദൈവത്വം ക്രിസ്തീയ അടിസ്ഥാന ഉപദേശം ആകുന്നു. അവൻ പിതാവിനെപ്പോലെ അനുഗ്രഹങ്ങൾ നൽകുവാൻ ശക്തിയുള്ളവനാണ്; പിതാവു ചെയ്യുന്നതെല്ലാം പുത്രനും ചെയ്യുന്നു; പിതാവിനെപ്പോലെ പുത്രനും സർവ്വജ്ഞാനി; പിതാവു മരിച്ച വരെ ഉയിർപ്പിക്കുന്നതുപോലെ പുത്രനും ഉയിർപ്പിക്കുന്നു; ന്യായവിധി പുത്രനു കൊടുത്തിരിക്കുന്നു; പിതാവിൽ വിശ്വസിക്കുന്നതുപോലെ പുത്ര നിലും വിശ്വസിക്കണം; പുത്രനും തന്നിൽത്തന്നെ ജീവനുള്ളവൻ (യോഹ. 5:19–26). ദൈവം തന്റെ ജനത്തിനു നൽകിയിരിക്കുന്ന അനുഗ്രഹങ്ങൾ ആണ് കൃപയും സമാധാനവും. അനർഹമായ കരു ണയാണ് കൃപ. മനുഷ്യരോടുള്ള ദൈവപ്രീതിയാണ് കൃപ. അതു നമ്മെ രക്ഷിക്കുകയും സംരക്ഷിക്കുകയും ചെയ്യു ന്നു. നമുക്ക് ആശ്വാസവും പ്രത്യാശയും ക്രിസ്തീയ ജീവിത ത്തിനു ബലവും നൽകുന്നത് ഈ കൃപയാണ് ( എബ്രാ. 4:16). കൃപ ലഭിച്ചവർക്ക് മാത്രമേ സമാധാനം അനുഭവിക്കുവാൻ കഴിയുകയുള്ളൂ. കലുഷിതമായ സാഹചര്യങ്ങളിൽ അചഞ്ചലരായി ജീവിക്കുവാൻ ഈ ദിവ്യസമാധാനം നമ്മെ സഹായിക്കുന്നു (ഫിലി. 4:7). കൃപ എന്നതു ഗ്രേക്കരുടെയും, സമാ ധാനം എന്നത് യെഹൂദന്മാരുടെയും അഭിവാദന വാക്കുകൾ ആയിരുന്നു.

### ദൈവമക്കൾക്കുള്ള അനുഗ്രഹങ്ങൾ (1:3–14)

ആത്മീയ അനുഗ്രഹങ്ങൾക്കുവേണ്ടി ദൈവത്തെ സ്തുതിച്ചുകൊണ്ടാ ണ് ഈ ഭാഗം ആരംഭിക്കുന്നത്. പി താവും പുത്രനും പരിശുദ്ധാത്മാവും നമുക്കുവേണ്ടി കഴിഞ്ഞ നിത്യതയിലും ഇന്നും പ്രവർത്തിക്കുന്ന വിധം ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. നമ്മെ കുറിച്ചുള്ള ദൈവിക പദ്ധതിയാണ് ഇവിടെ പറയുന്നത്. പിതാവു നിത്യതയിൽ എന്തു ചെയ്തു (3–6), പുത്രൻ നമുക്കുവേണ്ടി സാധിപ്പിച്ചത് എന്ത് (7–12), ഇന്നു പരിശുദ്ധാത്മാവ് നമുക്കു വേണ്ടി എന്തു ചെയ്യുന്നു (13,14). ഈ മൂന്നു ഭാഗങ്ങളും അവസാനിക്കുന്നത് 'മഹത്വത്തിന്റെ പുകഴ്ചയ്ക്കായിട്ട്' എന്ന വാചകത്തോടുകൂടെയാണ്. ദൈവം സകലവും തന്റെ മഹത്വത്തിനായി ചെയ്യുന്നു. ദൈവിക അനുഗ്രഹങ്ങൾ പ്രാപി ച്ചവർ അവനെ പുകഴ്ത്തുന്നവർ ആകണം എന്ന് ദൈവം ആഗ്രഹിക്കുന്നു.

### പിതാവു നമുക്കുവേണ്ടി എന്ത് ചെയ്തു (1:3–6)

ദൈവമക്കൾ സകല ആത്മികാനുഗ്രഹങ്ങളും ലഭിച്ചവരാണ്. ഭൗതികാനുഗ്രഹങ്ങൾ താൽക്കാലികമാകുന്നു; ആത്മികാനുഗ്രഹങ്ങൾ നിത്യവും. അതുകൊണ്ട് ആത്മിക അനുഗ്രഹങ്ങൾക്ക് മുൻഗണന നൽകണം. ഈ അനു ഗ്രഹങ്ങളുടെ ഉത്ഭവസ്ഥാനം സ്വർഗ്ഗമാണ്, അഥവാ ദൈവമാണ് (യാക്കോ. 1:17). ക്രിസ്തുവിൽക്കൂടി മാത്രമേ ഈ അനുഗ്രഹങ്ങൾ ലഭിക്കുക യുള്ളു. നമ്മെ ദൈവത്തോടു ബന്ധിപ്പിക്കുന്ന ഏക മദ്ധ്യസ്ഥൻ ക്രിസ്തുവാകുന്നു (1 തിമൊ. 2:5). ക്രിസ്തുവിനോടുള്ള സജീവ ബന്ധം പുലർത്തുന്നവർക്കു മാത്രമേ ഈ ആത്മിക അനുഗ്രഹങ്ങൾ അനുഭവിക്കുവാൻ കഴിയുകയുള്ളൂ. നാം ക്രിസ്തുവിൽ ആയിത്തീർന്നിട്ടുണ്ടോ? അങ്ങനെ രക്ഷിക്കപ്പെടുന്നവർ ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവർ ആകുന്നു.

ദൈവമക്കൾ ലോകസ്ഥാപനത്തിനു മുമ്പെ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരാണ്. പിതാവാണ് തിരഞ്ഞെടുത്തത്. ക്രിസ്തുവിൽ മാത്രമേ നമ്മെ തിരഞ്ഞെടുക്കുവാൻ കഴിയുകയുള്ളൂ (1 തിമൊ. 2:5). ദൈവം തന്റെ പരമാധികാരത്തിൽ നമ്മെ തിരഞ്ഞെടുത്തു. ദൈവം നഷ്ടപ്പെടാനായി ആരെയും തിരഞ്ഞെടുക്കുന്നില്ല. ദൈവത്തിന്റെ തിരഞ്ഞെടുപ്പും മനുഷ്യന്റെ സ്വാതന്ത്ര്യവും ഒരേ വാക്യത്തിൽ വ്യക്തമാക്കിയിട്ടുണ്ട് (യോഹ. 6:37). ദൈവ ത്തിന്റെ രക്ഷ എല്ലാവർക്കും ഒരുക്കപ്പെട്ടിട്ടുള്ളതാണ് (യോഹ. 3:16). ആർക്കും അനുതപിച്ച് ക്രിസ്തുവിൽ വിശ്വസിച്ച് രക്ഷിക്കപ്പെടാം (റോമർ 10:9,13). നമ്മുടെ യോഗ്യതയുടെ അടിസ്ഥാനത്തിലല്ല നമ്മെ തിരഞ്ഞെടുത്തത്. സുവിശേഷം കേട്ടു വിശ്വസിക്കുമ്പോൾ നാം തിരഞ്ഞെടുക്കപ്പെട്ടവ രിൽ ഉൾപ്പെട്ടിരിക്കുന്നു എന്ന് മനസ്സിലാക്കുകയാണ് (1 തെസ്സ. 1:4-6, 1 പത്രൊ. 1:2, 2 പത്രൊ. 1:10). യുക്തിവാദംകൊണ്ട് മനസ്സിലാക്കാവുന്ന സത്യമല്ല ഇത്. പ്രത്യുത ദൈവവചനം പ്രസ്താവിക്കുന്ന ഒരു മർമ്മമാകുന്നു ഇത്. ഈ ഉപദേശം നമ്മെ നിരാശാഭരിതരാക്കുകയല്ല പ്രത്യുത വിനീതരും ദൈവത്തോട് നന്ദിയുള്ളവരും ആക്കണം. എല്ലാവരും രക്ഷിക്കപ്പെടണം എന്നുള്ളതിന്റെ തെളിവാണ് പിതാവു പുത്രനെ കുരിശുമരണത്തിന് ഏൽപ്പിച്ചത്. സുവിശേഷം വിശ്വസിച്ചു രക്ഷിക്കപ്പെടുവാൻ പിതാവു നിർബന്ധിക്കുകയും ദീർഘക്ഷമയോടുകൂടെ കാത്തിരിക്കുകയും ചെയ്യുന്നു (1 തിമൊ. 1:16, റോമർ 2:4, 2 പത്രൊ. 3:9,10). എന്നാൽ സുവിശേഷം മനഃപൂർവ്വം നിരസിക്കുന്നവർ ശിക്ഷിക്കപ്പെടും. ഇന്നുതന്നെ ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെടുക.

ലോകസ്ഥാപനത്തിനു മുൻപെ നാം തിരഞ്ഞെടുക്കപ്പെട്ടു. അതായത് പ്രപഞ്ചസൃഷ്ടിക്ക് മുമ്പെ നാം ദൈവത്തിന്റെ ചിന്തയിൽ ഉണ്ടായിരുന്നു. ആദാമിന്റെ പാപപതനം ദൈവത്തെ അത്ഭുതപ്പെടുത്തിയില്ല. എന്തുകൊണ്ടെന്നാൽ ക്രിസ്തുവിൽ എന്റെയും നിങ്ങളുടെയും തിരഞ്ഞെടുപ്പ് നിത്യതയിൽ നടന്നുകഴിഞ്ഞിരുന്നു.

എന്തിനുവേണ്ടിയാണ് നമ്മെ തിരഞ്ഞെടുത്തതെന്നുള്ളതും പ്രാധാന്യമുള്ളതാണ്. നാം വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന്. വിശുദ്ധർ ആന്തരിക സമർപ്പണത്തെ കാണിക്കുന്നു. നിഷ്കളങ്കർ ആക്ഷേപരഹിതമായ ജീവിതം നയിക്കുന്നവർ ആണ്. തിരഞ്ഞെടുക്കപ്പെട്ടവർ പാപരഹിതർ അല്ല. എന്നാൽ പാപത്താൽ കറപുരണ്ട ജീവിതം അവർ നയിക്കുന്നില്ല (റോമർ 8:29, എബ്രാ. 12:14).

ദൈവമക്കൾ പിതാവിനാൽ മുൻനിയമിക്കപ്പെട്ടവർ ആണ്. ഇത് കൃപയുടെ രണ്ടാമത്തെ അനുഗ്രഹം ആണ്. മുൻനിയമനം ലക്ഷ്യത്തെ കാണി ക്കുന്നു. ക്രിസ്തുവിനോട് അനുരൂപരാകുവാനാണ് നമ്മെ മുൻനിയമിച്ചിരിക്കുന്നത് (റോമർ 8:29). മുൻനിയമിച്ചവരെ ദൈവം തിരഞ്ഞെടുക്കുന്നു. ക്രിസ്തുവിൽക്കൂടി നാം ദത്തെടുക്കപ്പെട്ടവർ ആകുന്നു. ഇനിയും പഴയ ജീവിതവുമായി നമുക്കു ബന്ധമില്ല. നാം ക്രിസ്തുവിൽ പുതിയ സൃഷ്ടിയും ദൈവഭവനത്തിന്റെ അവകാശികളും ആകുന്നു. ദത്തെടുക്കപ്പെട്ടവർ പ്രായപൂർത്തിയായ മക്കളുടെ പദവി ലഭിച്ചവർ ആണ് (ഗലാ. 4:5, 8:15). ഇന്നു നാം ദൈവത്തെ മക്കൾ എന്ന പദവിയോടുകൂടി സേവിക്കുന്നു. തന്റെ മക്കൾ എന്ന പദവിയോടുകൂടെ സേവിക്കുവാൻ പിതാവു നമ്മെ ദൈവഭവനത്തിലേക്കു ദത്തെടുത്തു. അങ്ങനെ തന്റെ കൃപാമഹത്വം വെളിപ്പെടുത്തി. ഇതോർത്തു നാം ദൈവത്തെ നിത്യകാലം പുകഴ്ത്തുന്നവർ ആകണം എന്നു ദൈവം ആഗ്രഹിക്കുന്നു.

## പുത്രൻ നമുക്കുവേണ്ടി എന്തു സാധിപ്പിച്ചു (1:7-12)

ക്രിസ്തുവിൽ അവന്റെ രക്തത്താൽ പാപമോചനവും വീണ്ടെടുപ്പും നമുക്ക് ലഭിച്ചിരിക്കുന്നു. ക്രിസ്തുവിന്റെ മരണം നമ്മുടെ പാപങ്ങൾക്കുള്ള പ്രായശ്ചിത്തയാഗമായിരുന്നു. നാം പാപത്തിനു ദാസന്മാരും നിത്യനരകത്തിനു യോഗ്യരും ആയിരുന്നു. അങ്ങനെയുള്ള നമ്മെ തന്റെ രക്തം നൽകി വീണ്ടെടുക്കുവാൻ ക്രിസ്തു ക്രൂശിൽ മരിച്ചു. വീണ്ടെടുപ്പുകൊണ്ടുള്ള ആശയങ്ങൾ മൂന്നാണ്. ഒന്ന്, അടിമച്ചന്തയിൽനിന്നും വിലയ്ക്കുവാങ്ങുക. ക്രിസ്തു സ്വന്ത രക്തം നൽകി നമ്മെ വിലയ്ക്കുവാങ്ങി (1 പത്രൊ. 1:18-20). രണ്ടാമത്, വിലയ്ക്കുവാങ്ങി തനിക്കായി സൂക്ഷിക്കുക എന്ന ആശയവും ഉണ്ട്. ഇന്നു നാം ക്രിസ്തുവിനുള്ളവരാണ് (1 കൊരി. 6:19). മൂന്നാമതായി, നാം വിലയ്ക്കുവാങ്ങി സ്വതന്ത്രരായി വിട്ടയക്കപ്പെട്ടവർ ആകുന്നു (1 പത്രൊ. 1:18,19; തീത്തൊ. 2:14). അങ്ങനെ വീണ്ടെടുക്കപ്പെട്ടവർ പാപത്തിന്റെ ശിക്ഷയിൽ നിന്നും ശക്തിയിൽനിന്നും സ്വതന്ത്രരാണ് (യോഹ. 8:36). ക്രിസ്തുവിന്റെ വരവിങ്കൽ നാം പാപത്തിന്റെ സാന്നിദ്ധ്യത്തിൽനിന്നും മോചിതർ ആകും (റോമർ 8:23).

ക്രിസ്തുവിന്റെ രക്തം വിലയുള്ളതാകുന്നു. നാം വീണ്ടെടുക്കപ്പെട്ടത് ആ രക്തത്താലാണ് (1:7). കൂടാതെ നീതീകരിക്കപ്പെടുന്നതും (റോമർ 5:9), പാപമോചനം പ്രാപിക്കുന്നതും (കൊലൊ. 1:14), ശുദ്ധീകരിക്കപ്പെടുന്നതും (1 യോഹ. 1:7), ദൈവത്തോട് സമാധാനം ഉള്ളവർ ആകുന്നതും (എഫെ. 2:14), മനസ്സാക്ഷിയുടെ ശുദ്ധീകരണം പ്രാപിക്കുന്നതും (എബ്രാ. 9:14), ദൈവത്തെ ആരാധിക്കുവാൻ പ്രാഗൽഭ്യം ഉള്ളവർ ആകുന്നതും (എബ്രാ. 9:13), സാത്താന്റെ മേൽ ജയം പ്രാപിക്കുന്നതും (വെളി. 12:11) ക്രിസ്തുവിന്റെ നിസ്തുല്യമായ രക്തത്താൽ ആകുന്നു.

പാപമോചനം വീണ്ടെടുപ്പല്ല; വീണ്ടെടുപ്പിന്റെ ഫലമാണ്. അതു ലഭി ക്കുന്നതു ദൈവത്തിന്റെ കൃപാധനപ്രകാരമാണ്. ദൈവത്തിന്റെ കൃപയുടെ വലിപ്പം നമ്മുടെ വീണ്ടെടുപ്പിന്റെ വിലയും ഭദ്രതയും വ്യക്തമാക്കുന്നു. ഈ ലേഖനത്തിൽ ദൈവത്തിന്റെ ധനത്തെക്കുറിച്ച് കൃപാധനം (1:8), മഹിമാധനം (1:18), കൃപയുടെ അത്യന്തധനം (2:6), ക്രിസ്തുവിന്റെ അപ്രമേയധനം (3:8), അവന്റെ മഹത്വത്തിന്റെ ധനം (3:16) എന്നിങ്ങനെ പ്രസ്താവിച്ചിരിക്കുന്നു. പാപിയെ രക്ഷിക്കുവാനും സംരക്ഷിക്കുവാനും മതിയായതാണ് ഈ കൃപ. കൃപയാൽ നാം പാപക്ഷമ പ്രാപിക്കുന്നു. മോചനം, കടം മറ്റൊരാൾ കൊടുത്ത് ഒരുവനെ സ്വതന്ത്രനായി വിടുന്നതിനെ കാണിക്കുന്നു. ക്രിസ്തു നമ്മുടെ പാപത്തിന്റെ ശിക്ഷ ചുമന്നു നീക്കിയ ദൈവകുഞ്ഞാടാകുന്നു (യോഹ. 1:29). കർത്താവു നൽകുന്ന പാപ

മോചനം സമ്പൂർണവും നിത്യവുമാണ് (യെശ. 43:25; 44:22; 38:17; സങ്കീ. 103:11,12; മീഖാ 7:19; എബ്രാ. 8:12).

ദൈവത്തിന്റെ കൃപാധനം നമുക്കു ദൈവം ഒരുക്കിയ വീണ്ടെടുപ്പിൻ പദ്ധതി മനസ്സിലാക്കുവാനുള്ള അറിവു നൽകുന്നതാണ്. ലോകം അത് ഭോഷത്തമായി ഗണിക്കുന്നു (1 കൊരി. 1:18). ക്രിസ്തു മൂലമുള്ള വീണ്ടെടുപ്പ് ദൈവജ്ഞാനത്തിന്റെ പ്രദർശനം ആണ്. ആ ജ്ഞാനത്തെ ശരിയായ നിലയിൽ പ്രായോഗികമാക്കുന്നതാണ് വിവേകം. ഈ വെളിപ്പാടും കഴിവും ദൈവദത്തമാകുന്നു (യാക്കോ. 1:17, 3:17).

## ക്രിസ്തു ദൈവഹിതത്തിന്റെ മർമ്മം വെളിപ്പെടുത്തി (1:9,10)

ഈ മർമ്മം പഴയനിയമ കാലത്ത് മറഞ്ഞിരുന്നതും പുതിയനിയമകാലത്ത് വെളിപ്പെടുത്തിയതുമായ സത്യങ്ങളാണ് (റോമർ 16:25; കൊലൊ. 1:26,27). ജാതികളുടെ ഇടയിൽ മർമ്മങ്ങൾ അടങ്ങിയ ആരാധന ഉണ്ടായിരുന്നു. അതു സാധാരണക്കാർക്കു ഗ്രഹിക്കുവാൻ കഴിയുന്നതല്ല. പ്രത്യേക സിദ്ധി ലഭിച്ചവർക്ക് മാത്രമേ ഈ മർമ്മം മനസ്സിലാക്കുവാൻ കഴിയുമായിരുന്നുള്ളൂ. ക്രിസ്തുവിൽ വെളിപ്പെടുത്തിയ മർമ്മം സഭയെ കുറിച്ചുള്ളതായിരുന്നു. അത് നമ്മുടെ ആത്മിക അനുഗ്രഹത്തിനായി ക്രിസ്തുവിൽ വെളിപ്പെടുത്തുവാൻ ദൈവം പ്രസാദിച്ചു. ജാതികളെയും യെഹൂദനെയും ഒന്നായി ചേർത്ത് ഒരു മാർമ്മിക ശരീരമാക്കി ക്രിസ്തുവിനെ ആ ശരീരത്തിന്റെ തലയാക്കി വച്ചിരിക്കുന്നു എന്നുള്ളതത്രെ വെളിപ്പെടുത്തപ്പെട്ട മർമ്മം. ദൈവം നിശ്ചയിച്ചിട്ടുള്ള സമയത്ത് ക്രിസ്തുവിൽ സ്വർഗത്തിലും ഭൂമിയിലുമുള്ളത് ഒന്നായി ചേർക്കപ്പെടും. ക്രിസ്തു സാധിപ്പിച്ച വീണ്ടെടുപ്പിന്റെ അനുഗ്രഹം സകലസൃഷ്ടികളും അനുഭവിക്കും (റോമർ 8:23). പാപം, ശാപവും ശിഥിലീ കരണവും ഉളവാക്കി. ക്രിസ്തുവിൽ സൃഷ്ടികളും സ്രഷ്ടാവും തമ്മിലുള്ള ഐക്യം കൈവരുന്നു. അങ്ങനെ ദൈവത്തിന്റെ ആധിപത്യം സ്വർഗ്ഗത്തിലും ഭൂമിയിലും സ്ഥാപിക്കപ്പെടും. ഇത് മശിഹായുഗമായ സഹസ്രാബ്ദകാലത്തു ണ്ടാകും എന്ന് അഭിപ്രായപ്പെടുന്നു. ഇവിടെ പ്രസ്താവിക്കുന്നത് സാർവ്വ ത്രിക രക്ഷയല്ല പ്രത്യുത സാർവ്വത്രിക ആധിപത്യത്തെക്കുറിച്ചാണ്. ക്രിസ്തുവിൽ വിശ്വസിക്കുന്നവർ മാത്രം രക്ഷിക്കപ്പെടും.

## ക്രിസ്തുവിൽ നാം അവകാശവും പ്രാപിച്ചു (1:11,12)

പഴയനിയമത്തിൽ യിസ്രായേൽ ദൈവത്തിന്റെ അവകാശമാണെന്നു സൂചനയുണ്ട് (ആവ. 32:9). പുറജാതികളെയും യെഹൂദനെയും ചേർത്ത് സഭയാക്കുവാൻ ദൈവം പ്രസാദിച്ചു. സഭ ദൈവത്തിന്റെ മന്ദിരവും അവകാശവും ആണ് (1 തിമൊ. 3:15). ദൈവം തന്റെ അവകാശത്തിൽ സന്തോഷിക്കുന്നു (സെഫ. 3:17). ക്രിസ്തുവിനാൽ നാം അവകാശികളും ആകുന്നു. യെഹൂദന്മാർക്ക് ഈ പദവി ദൈവം മുൻനിയമിച്ചിരുന്നു. മുൻനിയമനം ദൈവത്തിന്റെ പരമാധികാരനിർണ്ണയപ്രകാരമാണ്. യെഹൂദൻ ക്രിസ്തുവിനെ തള്ളിക്കളഞ്ഞു (യോഹ. 1:11). എന്നാൽ കർത്താവിന്റെ രണ്ടാം വരവിൽ അവർ കുത്തിയവങ്കലേക്കു നോക്കും (സെഖ. 12:10). അന്ന് അവർ ജാതിയായി രക്ഷിക്കപ്പെടും. അതിൽ മുൻപുകൂട്ടി വിശ്വസിച്ചവരായിരുന്നു പൗലൊസും ശിമ്യോനും ഹന്നാ തുടങ്ങിയ ക്രിസ്തുഭക്തന്മാർ. ദൈവം ഇതൊക്കെയും തന്റെ കൃപയാൽ ചെയ്തിരിക്കുന്നത് ആ കൃപയുടെ മഹത്വം മനസ്സിലാക്കി നാം ദൈവത്തെ പുകഴ്ത്തുന്നവർ ആകേണ്ടതിനാണ്. അതിനു സർവ്വേശ്വരൻ നമ്മെ സഹായിക്കട്ടെ.

## വീണ്ടെടുപ്പിൽ പരിശുദ്ധാത്മാവിനുള്ള പങ്ക് (1:13,14)

രക്ഷ ദൈവത്തിന്റെ ദാനം ആകുന്നു. പിതാവു രക്ഷയുടെ പദ്ധതി ആവിഷ്കരിച്ചു. പുത്രൻ അത് സജ്ജീകരിച്ചു. പരിശുദ്ധാത്മാവ് രക്ഷ അനുഭവത്തിൽ കൊണ്ടുവരുന്നു. രക്ഷിക്കപ്പെടുവാൻ സുവിശേഷ കേൾവി ആവശ്യമാണ് (റോമർ 10:17). പരിശുദ്ധാത്മാവു വിശ്വസിക്കുവാൻ പ്രേരണ നൽകുന്നു. ക്രിസ്തുവാണ് വിശ്വാസ വിഷയം. ക്രിസ്തുവിനോട് നമ്മെ ബന്ധിപ്പിക്കുന്ന കണ്ണിയാണ് വിശ്വാസം. സുവിശേഷം സത്യവചനം ആകുന്നു. അതു വെളിപ്പെടുത്തിയതു ക്രിസ്തുവാണ്. ഈ ആത്യന്തിക സത്യസന്ദേശം ദൈവസ്നേഹത്തിന്റെയും കരുണയുടെയും കാഹളധ്വനി മുഴക്കുന്നു. അത് വിശ്വസിച്ച് രക്ഷിക്കപ്പെടുന്നവർ പരിശുദ്ധാത്മാവിനാൽ മുദ്രയിടപ്പെടും. വിശ്വസിച്ചപ്പോൾ തന്നെ മുദ്രയിടപ്പെടുന്നു. അതിനായി കുറെക്കാലം കാത്തിരിക്കേണ്ടതില്ല. ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ തന്നെ പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നു (പ്രവൃ. 19:2). പരിശുദ്ധാത്മാവിന്റെ മുദ്ര ഒരു ആന്തരിക ആത്മീയ അനുഭവം ആകുന്നു. പരിശുദ്ധാത്മാവിന്റെ അധിവാസം ആണ് ഈ മുദ്ര. ഇത് ദൈവം മാത്രം അറിയുന്ന വസ്തുതയാകുന്നു. ആത്മാവിന്റെ മുദ്ര ദൈവത്തിന് നമ്മുടെ മേലുള്ള ഉടമസ്ഥാവകാശത്തെ കാണിക്കുന്നു (1 കൊരി. 6:19,20). അത് ദൈവിക ഉടമ്പടിയുടെ പൂർത്തീകരണമാണ് (യിരെ. 32:9,10). രക്ഷയുടെ ഭദ്രതയെയും അത് കാണിക്കുന്നു (എഫെ. 4:30). പരിശുദ്ധാത്മാവിനെ വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവ് എന്നു സംബോധന ചെയ്തിരിക്കുന്നു (പ്രവൃ. 1:4; യോഹ. 14:16). നമ്മോടുള്ള എല്ലാ വാഗ്ദത്തങ്ങളും നിവൃത്തി യാകുമെന്നുള്ളതിന്റെ ഉറപ്പുംകൂടിയാണ് പരിശുദ്ധാത്മാവിന്റെ അധിവാസം. അച്ചാരം എന്ന വാക്കുകൊണ്ടുള്ള ആശയം അതാണ്. പരിശുദ്ധാത്മാവ് ആദ്യദാനം ആകുന്നു (റോമർ 8:23). ഈ അച്ചാരം പിൻവലിക്കപ്പെടുന്നില്ല (ഫിലി. 1:6). ദൈവം വാഗ്ദത്തങ്ങളിൽ വിശ്വസ്തനാകുന്നു. വിവാഹമോതിരം വിവാഹത്തിന്റെ ഉറപ്പിനെ കാണിക്കുന്നതുപോലെയാണ് പരിശുദ്ധാത്മാവിന്റെ അധിവാസം. ദൈവത്തിനുള്ളതെല്ലാം ക്രിസ്തുവിൽ നമ്മുടേതാണ്. നാം ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിൽ കൂട്ടവകാശികളും ആകുന്നു (റോമർ 8:17; 1 കൊരി. 3:21–23). വിശ്വാസികളുടെ ശരീരത്തിന്റെ വീണ്ടെടുപ്പിന്റെ ഉറപ്പും കൂടിയാണ് പരിശുദ്ധാത്മാവിന്റെ അച്ചാരം. വീണ്ടെടുപ്പിൽ മൂന്ന് കാര്യങ്ങൾ അടങ്ങിയിരിക്കുന്നു. നീതീകരണം, വിശുദ്ധീകരണം, തേജസ്കരണം. നാം ക്രിസ്തുവിൽ വിശ്വസിച്ചപ്പോൾ ആത്മാവും ദേഹിയും വീണ്ടെടുക്കപ്പെട്ടു. ശരീരത്തിന്റെ വീണ്ടെടുപ്പ് ഭാവിയിൽ സംഭവിക്കും. അത് ക്രിസ്തുവിന്റെ വരവിൽ ഉണ്ടാവുകയും നമ്മുടെ

ശരീരം അവന്റെ ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടുകയും ചെയ്യും (1 തെസ്സ. 4:16–18; ഫിലി. 3:21). പരിശുദ്ധാത്മാവ് എന്ന നാമം പിതാവിനെക്കാളും പുത്രനെക്കാളും ആത്മാവ് വിശുദ്ധനല്ല എന്ന് കാണിക്കാനല്ല ഉപയോഗിച്ചിരിക്കുന്നത്. പ്രത്യുത വിശ്വാസികളിൽ ശുദ്ധീകരണത്തിന്റെ വേല ചെയ്യുന്നതുകൊണ്ടാകുന്നു.

നമ്മുടെ വീണ്ടെടുപ്പിൽ ദൈവകൃപയുടെ മഹത്വം വെളിപ്പെടുത്തിയിരിക്കുന്നു. തന്റെ കൃപാമഹത്വത്തിന്റെ പുകഴ്ചയ്ക്കായി പിതാവു നമ്മെ തിരഞ്ഞെടുക്കുകയും മുൻനിയമിക്കുകയും ചെയ്തിരിക്കുന്നു. ക്രിസ്തുവിൽ നാം വീണ്ടെടുപ്പും അവകാശവും പ്രാപിച്ചു. പരിശുദ്ധാത്മാവിന്റെ മുദ്രയും അച്ചാരവും നമ്മുടെ വീണ്ടെടുപ്പിന്റെ ഭദ്രതയെ കാണിക്കുന്നു. അങ്ങനെ ദൈവം തന്റെ കൃപയെ ധാരാളമായി വെളിപ്പെടുത്തി നമ്മെ വീണ്ടെടുത്തിരിക്കുന്നു. ഈ ധന്യനായ ദൈവത്തെ പുകഴ്ത്തുന്നവർ ആകുവാൻ നമുക്ക് ഇടയാകട്ടെ.

## പൗലൊസിന്റെ സഭയ്ക്കുവേണ്ടിയുള്ള പ്രാർത്ഥന (1:15–23)

ഈ ലേഖനത്തിൽ പൗലൊസിന്റെ രണ്ട് പ്രാർത്ഥനകൾ കാണാം. ആദ്യത്തെ പ്രാർത്ഥന ദൈവിക പരിജ്ഞാനത്തിനായും (1:15–23), രണ്ടാമത്തെ പ്രാർത്ഥന ദൈവസ്നേഹത്തിന്റെ വലിപ്പം ഗ്രഹിക്കാനുമായിരുന്നു (3:14–21). ആത്മിക ജീവിതത്തിൽ പ്രാർത്ഥന ശരീരത്തിനു ശ്വാസോച്ഛ്വാസം ആവശ്യമായിരിക്കുന്നതിനു സമമാണ്.

എഫെസ്യ വിശ്വാസികളുടെ ആത്മികാനുഗ്രഹങ്ങളെ ഓർത്തുകൊണ്ട് ദൈവത്തിനു സ്തോത്രം അർപ്പിച്ചുകൊണ്ടാണ് ഈ പ്രാർത്ഥന ആരംഭിക്കുന്നത്. അവർ സ്വർഗ്ഗത്തിലെ സകല ആത്മികാനുഗ്രഹങ്ങളാലും അനുഗ്രഹിക്കപ്പെട്ടവർ ആണ്. അവരുടെ വിശ്വാസത്തെയും സ്നേഹത്തെയും കുറിച്ചു കേൾക്കുവാൻ പൗലൊസിനു കഴിഞ്ഞു. ദൈവമക്കൾക്കുണ്ടായിരിക്കേണ്ട ലക്ഷണങ്ങളാണ് വിശ്വാസവും സ്നേഹവും. വിശ്വാസം സ്നേഹത്തെ ഉളവാക്കുകയും സ്നേഹത്തിൽ കൂടി വ്യാപരിക്കുകയും ചെയ്യുന്നു (ഗലാ. 5:6). വിശ്വാസവും സ്നേഹവും വേർപ്പെടുത്താവുന്നതല്ല (1 യോഹ. 3:14). പ്രാർത്ഥ നയിൽ സ്തോത്രവും അപേക്ഷയും ഉണ്ടായിരിക്കണം. നാം നിരന്തരം പ്രാർത്ഥിക്കുന്നവർ ആകണം. നാം ദൈവത്തോട് പ്രാർത്ഥിക്കണം. ക്രിസ്തുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നത് അവനിൽക്കൂടി മാത്രമേ നമുക്ക് പിതാവിനോട് ബന്ധപ്പെടുവാൻ സാധിക്കുകയുള്ളൂ എന്നു കാണിക്കുന്നു. പൗലൊസ് പ്രാർത്ഥിക്കുന്നത് വിശ്വാസികളുടെ ആത്മീയ ദൃഷ്ടി പ്രകാശി ക്കപ്പെടുവാനാണ്. നാം ആത്മീയ വിഷയങ്ങൾക്കു മുഖ്യ സ്ഥാനം നൽകുന്ന വർ ആയിരിക്കണം. നമുക്ക് ലഭിച്ച പരിശുദ്ധാത്മാവിന്റെ പ്രവർത്തനഫലമായി ജ്ഞാനവും വെളിപ്പാടും ലഭിക്കുന്നു. ദൈവവചനം ദൈവത്തിന്റെ സമ്പൂർണ്ണ വെളിപ്പാടാകുന്നു. പുതിയ വെളിപ്പാടിന്റെ ആവശ്യം ഇന്നില്ല. അതിൻമേലുള്ള പ്രകാശനം നമുക്കാവശ്യമാണ്. പരിശുദ്ധാത്മാവ് അത് നമുക്ക് നല്കുന്നു (യോഹ. 14:26). ദൈവിക സത്യങ്ങൾ അറിയുവാനുള്ള കഴിവാണ് ജ്ഞാനം. അത് പ്രായോഗികമാക്കുന്നതാണ് പരിജ്ഞാനം. ഹൃദയദൃഷ്ടി ആത്മികവും മാനസികവുമായ നമ്മുടെ മുഴുവൻ വ്യക്തിത്വത്തെ കാണിക്കുന്നു. പരിശുദ്ധാത്മാവ് ദൈവവചനത്തിൽക്കൂടി നമുക്ക് പ്രകാശനം നൽകുന്നു (പ്രവൃ. 26:18, എബ്രാ. 10:32). അപ്പോൾ നാം ക്രിസ്തുവിനെക്കുറിച്ചുള്ള ആഴമേറിയ സത്യങ്ങൾ അറിയുന്നവർ ആകും.

ഹൃദയദൃഷ്ടി പ്രകാശിക്കപ്പെടുമ്പോൾ നാം ദൈവത്താൽ വിളിക്കപ്പെട്ടവർ ആകുന്നുയെന്നുള്ള ബോധം ഉണ്ടാകും (റോമർ 8:30). ക്രിസ്തുവിനോട് അനുരൂപരാകുവാനുള്ള സ്വർഗ്ഗീയ വിളിയാണ് ഇത് (ഫിലി. 3:13,14). വിശ്വാസത്താൽ നാം ആ വിളി കേട്ടു. ഭാവിയിൽ നമുക്ക് ലഭിക്കുവാൻ പോകുന്ന മഹത്വത്തെ കുറിച്ചുള്ള പ്രത്യാശ അങ്ങനെ ഉണ്ടായി. ദൈവം ഇന്നും വിളിച്ചുകൊണ്ടിരിക്കുന്നു. വിശുദ്ധജീവിതം നയിക്കുവാനും അവനെ സേവിക്കുവാനും ഉള്ളതാണ് ഈ വിളി.

രണ്ടാമതായി നാം അറിയേണ്ടത് സഭ ദൈവത്തിന്റെ വലിയ അവകാശം ആകുന്നു എന്നുള്ളതാണ്. ദൈവത്തിന്റെ ജ്ഞാനം, മഹത്വം ഇവ വെളിപ്പെടുത്തിയിരിക്കുന്നത് സഭയിലാണ്. അങ്ങനെ ദൈവജനം അവന്റെ കൃപാമഹത്വത്തിന്റെ പുകഴ്ചയായിത്തീർന്നിരിക്കുന്നു (പ്രവൃ. 20:28).

മൂന്നാമതായി നാം അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം അറിയണം. ഈ അത്യന്തശക്തിയെ കുറിച്ചുള്ള ബോധം പരീക്ഷകളെ അതിജീവിക്കുവാൻ നമ്മെ സഹായിക്കും. ആ ശക്തിയുടെ അളവറ്റ വലിപ്പം രക്ഷയിലും അനുദിന ജീവിതത്തിലും അനുഭവിച്ചറിയുന്നവർ ആകുവാൻ നമുക്ക് ആഗ്രഹിക്കാം. ഈ ശക്തി ദൈവം ക്രിസ്തുവിന്റെ പുനരുത്ഥാനത്തിലും സ്വർഗ്ഗാരോഹണത്തിലും വെളിപ്പെടുത്തിയിരിക്കുന്നു (പ്രവൃ. 2:24). ക്രിസ്തു ദൈവപുത്രനാണെന്നുള്ളതിന്റെ തെളിവാണ് അവന്റെ പുനരുത്ഥാനം. അത് അവൻ സാധിപ്പിച്ച വീണ്ടെടുപ്പ് ശുശ്രൂഷയുടെ അംഗീകാരവും ആകുന്നു. ക്രിസ്തു വിന്റെ പുനരുത്ഥാനം നമ്മുടെ പുനരുത്ഥാനത്തിന്റെ അച്ചാരമാണ് ( റോമർ 6:8–11). സ്വർഗ്ഗാരോഹണം ചെയ്ത കർത്താവ് ഇന്ന് ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നു. വലതുഭാഗം ബഹുമാനത്തെയും, അധികാരത്തെയും, സന്തോഷത്തെയും കാണിക്കുന്നു. അവൻ നിസ്തുല്യനായി അഖിലാണ്ഡ ത്തിലുള്ള സകലത്തിനും മീതെ അധികാരമുള്ളവനായി ഇരുത്തപ്പെട്ടിരിക്കുന്നു.

ക്രിസ്തുവിനെ സകലത്തിനും മീതെ തലയാക്കിയിരിക്കുന്നു. അവൻ സൃഷ്ടിയുടെ അധിപനാണ് (1 കൊരി. 15:27; വെളി. 19:16); സഭയുടെ ശിര സ്സാണ്. സഭ ക്രിസ്തുവിന്റെ ശരീരമാണ്. ശരീരവും ശിരസ്സും എന്നു പറയുന്നത് സജീവ ബന്ധത്തെ കാണിക്കുന്നു. സഭ രക്ഷിക്കപ്പെട്ടവരുടെ സമൂഹമാണ്. അവർ ക്രിസ്തുവിനോട് ജീവൽബന്ധം ഉള്ളവർ ആകുന്നു. ശിരസ്സിനാൽ ഭരിക്കപ്പെടുവാനും ഉപയോഗമുള്ളതാകുവാനും ഉള്ളതാണ് ശരീരം. ശിരസ്സിനും ശരീരത്തിനും തമ്മിലുള്ള ബന്ധം വേർപ്പെടുത്താവുന്നതല്ല. ശരീര ത്തിന്റെ ശക്തി തലയാണ്. സഭ ഒരു സംഘടനയല്ല, ജീവൽവസ്തുവാകുന്നു. ക്രിസ്തു ദൈവത്തിന്റെ നിറവാണ് (കൊലൊ. 1:19, 2:9). ആ ക്രിസ്തുവിനെ സഭ

യ്ക്ക് കൊടുത്തിരിക്കുന്നു. ക്രിസ്തു സഭയുടെ നിറവും ലാക്കും ആകുന്നു. ക്രിസ്തുവിന്റെ ശരീരമാണ് സഭയെന്നുള്ളതാണ് അതിന്റെ മഹത്വം. ഇന്ന് ക്രിസ്തു പ്രവർത്തിക്കുന്നത് സഭയിൽ കൂടിയാണ്. വിശ്വാസികൾ ക്രിസ്തുവിൽ അന്യോന്യം ബന്ധമുള്ള അവയവങ്ങൾ ആകുന്നു (റോമർ 12:4,5). ക്രിസ്തുവിന്റെ നിറവായിരിക്കണം സഭ എന്ന് ദൈവം ആഗ്രഹിക്കുന്നു. അവനിൽ നാം പരിപൂർണ്ണരും ദൈവത്തിന് പ്രയോജനമുള്ളവരും ആകുവാൻ പദവി ലഭിച്ചിരിക്കുന്നു. അവന്റെ നിറവിൽനിന്നു നാം കൃപമേൽ കൃപ പ്രാപിക്കുന്നു (യോഹ. 1:16). ഈ ചിന്തകൾ നമ്മെ ദൈവത്തോട് നന്ദിയും കർത്തവ്യബോധവും ഉള്ളവരാക്കി തീർക്കട്ടെ.

## അദ്ധ്യായം 2

### രക്ഷ കൃപയാൽ മാത്രം (2:1-10)

ഒന്നാം അദ്ധ്യായത്തിൽ വീണ്ടെടുപ്പിന്റെ പദ്ധതി വിവരിച്ച ശേഷം രണ്ടാം അദ്ധ്യായത്തിൽ അത് എങ്ങനെ പ്രാവർത്തികമായി എന്നു പ്രസ്താവിക്കുന്നു. മനുഷ്യൻ പാപിയും ആത്മീയമായി മരിച്ചവനും ആണ്. ദൈവം സൃഷ്ടിയിൽ അവനെ കുറിച്ച് ഉദ്ദേശിച്ചിരുന്ന വഴിവിട്ടു പോകയും ഇന്ന് ലക്ഷ്യം തെറ്റിയ ജീവിതം നയിക്കുകയും ചെയ്യുന്നു. കല്പനാലംഘനമാണ് അതിക്രമം. ജീവിതത്തിന് ദൈവം വച്ചിരിക്കുന്ന ലക്ഷ്യം തെറ്റുന്നതാണ് പാപം. മനുഷ്യൻ പാപസ്വഭാവമുള്ളവനായി ജനിക്കുന്നു. കളവും കൊലപാതകവും അസൂയയും മറ്റും പാപത്തിന്റെ ബാഹ്യ പ്രകടനങ്ങൾ മാത്രമാണ്. ആത്മീയ മരണം ദൈവത്തോട് സംസർഗ്ഗം ചെയ്യാൻ കഴിയാത്ത രക്ഷിക്കപ്പെടാത്ത അവസ്ഥയെ കാണിക്കുന്നു.  അവർക്ക് സ്വന്ത ശക്തികൊണ്ട് ജീവിക്കുവാൻ കഴിയുന്നതല്ല. ആത്മീയകാര്യങ്ങളിൽ അവർക്ക് താൽപര്യമില്ല. ഈ ലോകത്തിന്റെ സ്ഥിതി അതാണ് (1 യോഹ. 2:17). ദൈവവചനം അനുസരിക്കാത്തവർ സാത്താന്യ അടിമത്തത്തിൽ കഴിയുന്നു. അവരെ അനുസരണക്കേടിന്റെ മക്കൾ എന്ന് വിളിച്ചിരിക്കുന്നു. ഇന്ന് ലോകത്തിന്റെ വ്യവസ്ഥിതി നിയന്ത്രിക്കുന്നത് സാത്താനാണ്. തൽഫലമായി ധാർമ്മിക അധഃ പതനം ലോകത്തിൽ ഉണ്ടാകുന്നു. പാപിയായ മനുഷ്യൻ ജഡത്തിനും മനോവികാരങ്ങൾക്കും അടിമയാണ്. മനുഷ്യന്റെ പാപാവസ്ഥയെയാണ് ജഡം എന്ന വാക്ക് കാണിക്കുന്നത്. മനോവികാരങ്ങൾ, ചിന്തയിലും വികാരങ്ങളി ലുമുള്ള പാപത്തെ കാണിക്കുന്നു. പാപിയായ മനുഷ്യൻ ദൈവകോപത്തിന് യോഗ്യനായി. ദൈവകോപം പാപത്തിന് എതിരെയുള്ള ദൈവത്തിന്റെ മനോഭാവം ആകുന്നു. യെഹൂദനും ജാതിയും ഒരുപോലെ പാപിയാകുന്നു (റോമർ 8:19,23). അങ്ങനെയുള്ള മനുഷ്യനോട് ദൈവത്തിന് കരുണ തോന്നി. പാപാവസ്ഥയിൽ നിസ്സഹായനായി കഴിയുന്ന മനുഷ്യനോട് ദൈവം പ്രദർശിപ്പിക്കുന്ന സഹതാപമാണ് കരുണ. ദൈവം കരുണയിൽ സമ്പന്നനാണ്. അതുകൊണ്ട് ഏതു മഹാപാപിയെയും രക്ഷിക്കുവാൻ ദൈവത്തിനു കഴിയും. ദൈവത്തിന്റെ സ്നേഹമാണ് ഈ കരുണ പ്രദർശിപ്പിക്കുവാൻ അവനെ പ്രേരിപ്പിച്ചത്. അത് നാം ക്രൂശിൽ കാണുന്നു (യോഹ. 3:16). പരിശുദ്ധനായ ദൈവം പാപത്തെ വെറുക്കുകയും പാപിയെ സ്നേഹിക്കുകയും ചെയ്യുന്നു (റോമർ 5:6,8). ഇത് ദൈവസ്നേഹത്തിന്റെ വ്യാപ്തി വ്യക്തമാക്കുന്നു. ക്രിസ്തുവിൽക്കൂടിയാണ് ആ സ്നേഹം വെളിപ്പെടുത്തപ്പെട്ടത് (1 യോഹ. 4:9). പാപികളായ മനുഷ്യർ മരണയോഗ്യരാണ്. പാപം ശാരീരിക മരണവും ആത്മീയ മരണവും നിത്യമരണവും ഉളവാക്കി. മരണംകൊണ്ടുള്ള ആശയം വേർപാട് എന്നാണ്. അങ്ങനെയുള്ള മനുഷ്യർ ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ പാപത്തിന്റെ കുറ്റത്തിൽനിന്നും ശിക്ഷയിൽനിന്നും വിമോചിതർ ആകുന്നു. അവർ ക്രിസ്തുവിനോടുകൂടെ ജീവിക്കപ്പെടുകയും (2:5,6), ഉയിർപ്പിക്കപ്പെടുകയും, സ്വർഗ്ഗത്തിൽ ഇരുത്തപ്പെടുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ പുനരുത്ഥാനവും സ്വർഗ്ഗാരോഹണവും നമുക്കുവേണ്ടിയുള്ളതാകുന്നു. അങ്ങനെ വിശ്വാസികൾ ക്രിസ്തുവിന്റെ ജീവൻ ഉള്ളവരായിത്തീരുന്നു (കൊലൊ. 2:12). എന്തിനുവേണ്ടിയാണ് ദൈവം ഇതൊക്കെയും ചെയ്തിരി ക്കുന്നത്? ദൈവകൃപയുടെ അത്യന്തധനത്തെ വരുംകാലങ്ങളിൽ കാണിക്കേണ്ടതിന് (2:7). ഇന്ന് കൃപയുടെ അനുഗ്രഹങ്ങളെക്കുറിച്ച് അല്പമായിട്ട് മാത്രമേ നാം അറിയുന്നുള്ളൂ. അതിന്റെ അഗാധരഹസ്യങ്ങൾ നിത്യതയിൽ നാം അറിഞ്ഞുകൊണ്ടേയിരിക്കും. വിശ്വാസിയുടെ ആത്മീയ ഉയിർത്തെഴുന്നേൽപ്പ് ശാരീരിക ഉയിർപ്പിന്റെ മുന്നോടിയാകുന്നു. പാപിയെ രക്ഷിച്ച് സ്വർഗ്ഗത്തിൽ ഇരുത്തിയ ദൈവം എത്ര കരുണയുള്ളവനാകുന്നു. ഈ ദൈവത്തെ എങ്ങനെ സ്നേഹിക്കാതിരിക്കാൻ  കഴിയും!

ദൈവം പാപിയെ രക്ഷിക്കുന്നത് ക്രിസ്തുവിൽക്കൂടിയാണ്. രക്ഷ കൃപയാൽ ലഭിക്കുന്നതാണ്. രക്ഷ ദൈവത്തിന്റെ ദാനമാകുന്നു (വെളി. 7:10). അതിനു നാം അർഹരല്ല. നമ്മുടെ സൽപ്രവൃത്തികൾ നമ്മെ രക്ഷിക്കുകയില്ല (2:9; യെശ. 64:6). "സ്നേഹിക്കപ്പെടുവാനുള്ള എല്ലാ അവകാശങ്ങളെയും മറികടന്ന് സ്നേഹിക്കുന്നതാണ് കൃപ" എന്ന് ഒരു പണ്ഡിതൻ പറഞ്ഞിരിക്കുന്നു. ദൈവത്തിന്റെ ദാനമായ രക്ഷയെ സ്വായത്തമാക്കുവാ നുള്ള മുഖാന്തരമാണ് വിശ്വാസം. വിശ്വാസത്തിന്റെ അളവല്ല പ്രത്യുത ആരിൽ വിശ്വസിക്കുന്നു എന്നുള്ളതിനാണ് പ്രാധാന്യം. കൃപയാൽ വിശ്വാസം മൂലമുള്ള  രക്ഷ ദൈവത്തിന്റെ ദാനമാകുന്നു.

ആ ദാനം സ്വീകരിക്കുന്ന ഉപാധി മാത്രമാണ് വിശ്വാസം. സ്നാനം, കർത്തൃമേശ, ദാനധർമ്മം, സ്ഥിരീകരണം മുതലായ പ്രവൃത്തികളും ആരെയും രക്ഷിക്കുകയില്ല. രക്ഷ കരസ്ഥമാക്കുവാൻ വിശ്വാസത്തോട് അല്പമെങ്കിലും പ്രവൃത്തി ചേർത്താൽ അത് കൃപയാൽ ആകുകയില്ല. ഇത് തെളിയിക്കുവാനാണ് റോമാലേഖനവും ഗലാത്യ ലേഖനവും എഴുതിയിട്ടു ള്ളത്. പ്രവൃത്തികളാൽ രക്ഷിക്കപ്പെടുമായിരുന്നെങ്കിൽ ക്രിസ്തു മരിക്കേണ്ട ആവശ്യം ഉണ്ടായിരുന്നില്ല. കൂടാതെ ദൈവം നമ്മുടെ കടക്കാരനാകുകയും ചെയ്യും.  ദൈവം തന്റെ മഹത്വം മറ്റുള്ളവരുമായി

പങ്കുവയ്ക്കുന്നില്ല (യെശ. 42:8). നാം ക്രിസ്തുവിൽ മാത്രം പ്രശംസിക്കുന്നവർ ആകണം (1 കൊരി. 1:31). അതുകൊണ്ട് രക്ഷ മുഴുവനായി ദൈവം ക്രിസ്തുവിൽക്കൂടി ഒരുക്കിയിരിക്കുന്നു.

നാം സൽപ്രവൃത്തികൾ ചെയ്യേണ്ടതിന് പുതിയ സൃഷ്ടികൾ ആയിത്തീർന്നിരിക്കുന്നു. സൽപ്രവൃത്തികൾ രക്ഷയുടെ അടിസ്ഥാനമല്ല, രക്ഷയുടെ ഫലങ്ങളാണ്. നമ്മുടെ വിശ്വാസത്തിന്റെ നിജസ്ഥിതി പ്രവൃത്തികൾ തെളിയിക്കുന്നു (യാക്കോ. 2:14–16). നാം ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവർ ആകുന്നു. സൃഷ്ടിച്ചു എന്നതുകൊണ്ട് ദൈവം രക്ഷയിൽ മുൻ കൈയെടുത്തു എന്ന് വ്യക്തമാകുന്നു. സൽപ്രവൃത്തികൾ ഏവയെന്ന് ദൈവവചനം വ്യക്തമാക്കുന്നു. ദൈവവചനപഠനം അത് ഗ്രഹിക്കുവാൻ ആവശ്യമാണ്. സൽപ്രവൃത്തികളിൽ വർദ്ധിച്ചുവരണം എന്ന് രക്ഷിക്കപ്പെട്ടവരെ കുറിച്ച് ദൈവം ആഗ്രഹിക്കുന്നു. നാം ദൈവസ്നേഹം അനുഭവിക്കുന്നതോടൊപ്പംതന്നെ സൽപ്രവൃത്തികൾ ചെയ്യുന്നതിൽ താൽപര്യം ഉള്ളവരും ആയിത്തീരും (2 കൊരി. 5:14). ദൈവം സൽപ്രവൃത്തികൾക്ക് പ്രതിഫലം നൽകുന്നു. രക്ഷ അവന്റെ ദാനം ആകുന്നു. എല്ലാം കൃപയാൽ മാത്രമാകുന്നു.

### ദൈവമക്കൾക്ക് ക്രിസ്തുവിലുള്ള ഐക്യം (2:11–22)

ഇപ്പോൾ ദൈവമക്കൾക്കുള്ള പദവികൾ ഈ ഭാഗത്ത് രേഖപ്പെടുത്തി യിരിക്കുന്നു. മുമ്പ് നാം ദൈവത്തോട് ദൂരസ്ഥരും ദൈവസംസർഗ്ഗം ഇല്ലാത്തവരുമായിരുന്നു. നാം പ്രകൃതിയാൽ ജാതികൾ ആയിരുന്നു. യെഹൂദന്മാ രല്ലാത്തവരെ ജാതികൾ എന്ന് വിളിച്ചിരിക്കുന്നു. അവർ യെഹൂദന്മാരാൽ വെറുക്കപ്പെട്ടവരും അഗ്രചർമ്മികൾ എന്ന് വിളിക്കപ്പെട്ടവരും ആയിരുന്നു. ജാതികളെ നിന്ദിക്കുവാനാണ് ആ പദം ഉപയോഗിച്ചിരുന്നത്. അബ്രഹാമിനോടുള്ള ദൈവത്തിന്റെ ഉടമ്പടിയുടെ അടയാളമായിരുന്നു പരിച്ഛേദന. അവർ അതുകൊണ്ടുള്ള ആത്മീയാർത്ഥം അവഗണിച്ചിരുന്നു. തൽഫലമായി അത് വെറും ഒരു ബാഹ്യ അടയാളമായി മാറിയിരുന്നു. യെഹൂദന്മാർ അവരുടെ ആത്മീയ പാരമ്പര്യങ്ങളിൽ പ്രശംസിച്ചിരുന്നു. ജാതികളെ "നായ്ക്കൾ" എന്ന് നിന്ദ്യമനോഭാവത്തോടെ അവർ വിളിച്ചിരുന്നു. ജാതികൾക്ക് മശിഹയെ കുറിച്ചുള്ള പ്രതീക്ഷ ഇല്ലായിരുന്നു. ക്രിസ്തുവിനെ കൂടാതെയുള്ള ജീവിതം ആത്മീയ ജീവനും വെളിച്ചവും സ്വസ്ഥതയും ഇല്ലാത്ത ജീവിതമാണ്. ജാതികൾ യിസ്രായേൽ പൗരതയോട് ബന്ധമില്ലാത്തവർ ആയിരുന്നു. അവർ ദൈവവാഗ്ദത്തങ്ങൾക്ക് അവകാശികൾ ആയിരുന്നില്ല. അവർക്കു പ്രത്യാശ യ്ക്കു വഴി ഒന്നും ഉണ്ടായിരുന്നില്ല. ശവക്കുഴികൊണ്ട് അവസാനിക്കുന്ന ജീവിതം അവർ നയിച്ചിരുന്നു. യിസ്രായേൽ ജാതി പ്രത്യാശയുള്ളവരാണ് (പ്രവൃ. 23:6). ജാതികൾ ദൈവത്തെ കുറിച്ച് വികലമായ അറിവുള്ളവരായിരുന്നു. എന്നാൽ യെഹൂദൻ സത്യദൈവത്തെ കുറിച്ച് പരിജ്ഞാനമുള്ളവനായിരുന്നു. ക്രിസ്തുമൂലം സത്യദൈവത്തെ കുറിച്ചുള്ള അറിവു ലഭിക്കുന്നു (യോഹ. 17:3). ജാതികൾക്ക് ആ അറിവ് ഉണ്ടായിരുന്നില്ല. അതുകൊണ്ട് അവരെ നിരീശ്വരന്മാർ എന്ന് പൗലൊസ് സംബോധന ചെയ്യുന്നു (1 തെസ്സ. 4:5). ഈ അവസ്ഥയിൽ കഴിഞ്ഞിരുന്ന ജാതികൾ കൃപയാൽ രക്ഷിക്കപ്പെട്ടു ദൈവത്തിന്റെ പ്രിയമക്കളും അവകാശികളും ആയി. അത് നമ്മെ ദൈവത്തോട് നന്ദിയുള്ളവർ ആകുവാൻ നിർബന്ധിക്കുന്നില്ലേ! എന്നാൽ ഇപ്പോൾ യെഹൂദനും ജാതിയും ക്രിസ്തുവിന്റെ രക്തത്താൽ ദൈവത്തോട് സമീപസ്ഥരും സംസർഗ്ഗമുള്ളവരുമായിരിക്കുന്നു. ക്രിസ്തുവിന്റെ രക്തത്താൽ നമുക്ക് പാപമോചനം ലഭിച്ചു (1:7). ദൈവസന്നിധിയിലുള്ള നമ്മുടെ പ്രവേശനത്തിന്റെ ഉറപ്പാണ് ക്രിസ്തുവിന്റെ രക്തം (1 പത്രൊ. 3:18). അവന്റെ മരണം മൂലം യെഹൂദനെയും ജാതിയെയും ചേർത്തു ദൈവസഭയുണ്ടാക്കുവാൻ ദൈവം പ്രസാദിച്ചു. നമുക്ക് ലഭിച്ച പദവി എത്ര വിലയേറിയതാകുന്നു!

ക്രിസ്തു നമ്മുടെ സമാധാനം. ശത്രുക്കൾ ആയിരുന്ന നാം ക്രിസ്തുവിൽ ദൈവത്തോട് സമാധാനം ഉള്ളവരായി. അന്യോന്യം നിന്ദിച്ചും ശത്രുതയിലും കഴിഞ്ഞിരുന്ന യെഹൂദനും ജാതികളും ക്രിസ്തുവിൽ ഒന്നായി. അങ്ങനെ അന്യോന്യം സമാധാനമുള്ളവരായി. ന്യായപ്രമാണം യെഹൂദനെ യും ജാതിയെയും വേർതിരിച്ചിരുന്ന മതിലായിരുന്നു. ജാതികൾക്ക് യെഹൂ ദന്റെ ദേവാലയത്തിൽ പ്രവേശനം ഉണ്ടായിരുന്നില്ല. അത് മരണഹേതുവായിരുന്നു (പ്രവൃ. 21:28). എല്ലാ ജാതിവ്യത്യാസങ്ങളും ക്രൂശിൽ നീക്കപ്പെട്ടിരിക്കുന്നു (ഗലാ. 3:28). ക്രിസ്തുവിൽ മാത്രമേ ജാതീയ ശത്രുത്വം നീങ്ങുകയുള്ളൂ. മനുഷ്യൻ സമാധാനസന്ധികൾ വാക്കുകൾകൊണ്ട് ഉണ്ടാക്കുന്നു. ക്രിസ്തു തന്റെ ക്രൂശുമരണം മൂലം ജാതീയ അകൽച്ചയും ശത്രുതയും ഇല്ലാതാക്കി. അവൻ നമ്മെ ഒന്നാക്കി ദൈവത്തോട് നിരപ്പിച്ചു (കൊലൊ. 1:20). നാം സ്നേഹവാനായ ദൈവത്തോട് ശത്രുക്കൾ ആയി ജീവിച്ചവരാണ്. അങ്ങനെയുള്ളവരായിരുന്ന നമ്മെ ക്രിസ്തു തന്റെ ക്രൂശുമരണം മൂലം ദൈവത്തോട് നിരപ്പിച്ചു. പുനരുത്ഥാനം ചെയ്ത ക്രിസ്തുവിന്റെ ആദ്യത്തെ വാക്കുകൾ "നിങ്ങൾക്ക് സമാധാനം" എന്നായിരുന്നു (യോഹ. 20:19). സുവിശേഷം ഈ സമാധാനത്തിന്റെ ദൂതാകുന്നു. അത് അറിയിക്കുവാൻ നാം നിയോഗം ലഭിച്ചവരത്രെ (2 കൊരി. 5:17–19).

നമുക്ക് ഇന്ന് പിതാവിന്റെ സന്നിധിയിൽ പ്രവേശനം ഉണ്ട്. യെഹൂദജാതിക്കുവേണ്ടി മഹാപുരോഹിതൻ വർഷത്തിൽ ഒരിക്കൽ അവിടെ പ്രവേശിച്ചിരുന്നു. അതും ഭയത്തോടും വിറയലോടും കൂടി മാത്രം. എന്നാൽ ക്രിസ്തുവിൽ നമുക്ക് ജാതിവ്യത്യാസം കൂടാതെ എപ്പോഴും പ്രവേശനം ഉണ്ട് (എബ്രാ. 4:16). രക്ഷകൊണ്ടുള്ള സാധ്യത അതാണ്. അതിൽ പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും പങ്കുണ്ട് (2:18). നാം ദൈവത്തെ 'പിതാവേ' എന്ന് സംബോധന ചെയ്തുകൊണ്ട് അടുത്തുവന്ന് ആരാധിക്കുന്നു. ക്രിസ്തു മുഖാന്തരം നാം ദൈവത്തോട് പ്രാർത്ഥിക്കുന്നു. ക്രിസ്തു വാണ് നമ്മുടെ ഏകമദ്ധ്യസ്ഥൻ (1 തിമൊ. 2:5,6). പിതാവിനെ ആരാധിക്കുവാനും അവനോട് പ്രാർത്ഥിക്കുവാനും നമ്മെ സഹായിക്കുന്നത് പരിശുദ്ധാത്മാവാണ് (റോമർ 8:26). നാം ക്രിസ്തുവിൽ ആയിരിക്കുന്നതിനാൽ ദൈവസന്നിധിയിൽ ധൈര്യത്തോടുകൂടെ പ്രവേശിക്കുവാൻ പദവി ലഭിച്ചവർ ആകുന്നു (എബ്രാ. 10:19–22).

ഈ പദവികൾ ലഭിച്ചവരായ നാം ഇനിയും അന്യരും പരദേശികളും അല്ല. നാം ദൈവഭവനത്തിലെ അംഗങ്ങളും പ്രജകളും ആകുന്നു. സ്വർഗ്ഗം നമ്മുടെ അവകാശമായിരിക്കുന്നു. നാം ക്രിസ്തുവിൽ ദൈവത്തിന്റെ വിശുദ്ധ മന്ദിര മാണ്. ക്രിസ്തുവാണ് മൂലക്കല്ല്. രണ്ട് ഭിത്തിയെ ബന്ധിപ്പിക്കുന്നത് മൂലക്കല്ലാണ്. യെഹൂദനെയും ജാതിയെയും ദൈവത്തിന്റെ ആലയമായ സഭയിൽ കൂട്ടിയിണക്കുന്നത് ക്രിസ്തുവാണ്. മൂലക്കല്ല് കെട്ടിടത്തിന്റെ ഉറപ്പാണ്. സഭ യുടെ ഉറപ്പും ബലവും ക്രിസ്തുവാകുന്നു. ക്രിസ്തുവാണ് സഭയിൽ ഐക്യമുണ്ടാക്കുന്ന മൂലക്കല്ല്. അപ്പൊസ്തല ലന്മാരും പ്രവാചകന്മാരും സഭയുടെ അടിസ്ഥാന പണിയിൽ ഉൾപ്പെട്ടവരാണ്. അവർ സഭയുടെ അടിസ്ഥാന ഉപ ദേശങ്ങൾ നൽകിയിരിക്കുന്നു. അവ എന്നും നമ്മുടെ വിശ്വാസത്തിനും ഭക്തിക്കും ആധാരമായിരിക്കണം. ഈ സത്യങ്ങൾ രേഖയാക്കി നൽകിയിരിക്കുന്നതാണ് ബൈബിൾ. ഭൂതകാലത്ത് അടിസ്ഥാനം നടന്നുകഴിഞ്ഞു. ഇനിയും അടിസ്ഥാനമായ അപ്പൊസ്തലന്മാരും പ്രവാചകന്മാരും ആവശ്യമില്ല. അപ്പൊസ്തലന്മാർ സാർവ്വത്രിക സഭയുടെ അടിസ്ഥാന ഉപദേശങ്ങൾ നൽകി. ഇന്നുള്ള പ്രാദേ ശിക സഭകളുടെ ഉപദേശവും അതായിരിക്കണം. ബൈബി ളിൽ ഇല്ലാത്ത ഉപദേശങ്ങൾ നാം സ്വീകരിക്കരുത്. മൂലക്കല്ലിനോട് ചേർത്ത് പണിയപ്പെടുന്ന കല്ലുകളാണ് വിശ്വാ സികൾ. ശില്പിയായ കർത്താവ് തിരുഹിതപ്രകാരം കല്ലുകളെ ഓരോരോ സ്ഥാനങ്ങളിൽ വച്ചിരിക്കുന്നു. നാം ജീവനുള്ള കല്ലുകളാണ് (1 പത്രൊ. 2:5). ക്രിസ്തുവിനോടുള്ള സജീവബന്ധം സഭയുടെ വളർച്ച യ്ക്ക് ഒഴിച്ചുകൂടാ ത്തതാകുന്നു. കർത്താവ് നമ്മെ ആക്കിവച്ചിരിക്കുന്ന സ്ഥാന ങ്ങളിൽ അവനായി നമുക്ക് വളരാം. ദൈവസഭ രക്ഷി ക്കപ്പെട്ടവരുടെ കൂട്ടമാകുന്നു. അത് ദൈവത്തിന്റെ വിശുദ്ധ മന്ദിരമാണ്. ക്രിസ്തുവാണ് സഭയുടെ അടിസ്ഥാനവും ഐക്യവും (1 കൊരി. 3:11). സഭ ദൈവത്തിന്റെ നിവാസമാണ്. അവിടെ ദൈവത്തെ ആരാധിച്ചും ആഘോഷിച്ചും കൂട്ടായ്മ ആചരിച്ചും വളരുവാൻ ദൈവം നമ്മെ കുറിച്ച് ആഗ്രഹിക്കുന്നു. ദൈവമക്കൾക്കുള്ള പദവി എത്ര വലി യത്!

## അദ്ധ്യായം 3

### ദൈവസഭ ഒരു മർമ്മമായിരുന്നു (3:1-7)

ദൈവകൃപയുടെ പ്രദർശനം നാം സഭയിൽ കാണുന്നു. അത് യെഹൂ ദനും ജാതിയും ക്രിസ്തുവിൽ ഒന്നായി രിക്കുന്നു എന്നുള്ളതാണ്. ആ മർമ്മം വെളിപ്പെടുത്തുവാൻ ദൈവം പ്രസാദിച്ചു. അത് പ്രസംഗിച്ചതിന്റെ ഫലമായി പൗലൊസ് ഇപ്പോൾ തടവുകാരനായിരിക്കുന്നു. എങ്കിലും ആത്മാവിൽ സ്വാതന്ത്ര്യമുള്ളവനായി പൗലൊസ് സന്തോ ഷിക്കുന്നു. സുവിശേഷം നിമി ത്തം കഷ്ടം അനുഭവിക്കുന്നവർക്ക് എന്നും ഉണ്ടായിരിക്കേണ്ട സ്വഭാവം അതായിരി ക്കണം. പൗലൊസ് സുവിശേഷം ജാതികളോട് അറിയിക്കുവാൻ കൃപയാൽ തിരഞ്ഞെടുക്കപ്പെട്ടു. അത് കൃപ യുടെ സുവിശേഷമാണ്. ആ സുവിശേഷം സ്വീകരിക്കുവാൻ ജാതികൾ അനർഹരായിരുന്നു. ഈ കാര്യങ്ങളെ ദൈവകൃപയുടെ വ്യവസ്ഥ യെന്നു വിശേഷിപ്പിച്ചിരിക്കുന്നു. Dispensation എന്ന വാക്കിന് വ്യവസ്ഥ എന്ന് പരിഭാഷ ചെയ്തിരിക്കുന്നു. ദൈവം ഇന്ന് നമ്മോട് ഏർപ്പെടുന്ന വർത്തനാരീതിയെ അതു കാണിക്കുന്നു. യെഹൂദന്മാരും ജാതികളും ക്രിസ്തുവിൽ ഒന്നായി ആത്മീയാനുഗ്രഹ ങ്ങൾ ക്ക് അവകാശികൾ ആകും എന്ന് ആർക്കും വെളിപ്പെടുത്തിയിരുന്നില്ല. പൗലൊസിന് അത് വെളിപ്പെടുത്ത പ്പെട്ടു. അതിനു മുമ്പ് ഈ സത്യം ഒരു മർമ്മമായിരുന്നു. മറ്റ് അപ്പൊസ്തലന്മാർക്കും ഈ സത്യം വെളിപ്പെടുത്ത പ്പെട്ടിരുന്നു. പ്രവാചകന്മാർ എന്ന് ഇവിടെ പറഞ്ഞിരിക്കുന്നത് പുതിയനിയമ പ്രവാചകന്മാരെ ഉദ്ദേശിച്ചാണ്. ഇന്ന് നാം ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന് കൂട്ടവകാശികളും ആയിരിക്കുന്നു. സഭ തലയായ ക്രിസ്തു വിന്റെ മാർമ്മിക ശരീരമാണ്. അതുപോലെ തന്നെ സുവിശേഷം മൂലം ലഭിക്കുന്ന സകല വാഗ്ദത്തത്തിനും നാം പങ്കാളികളും ആയിത്തീർന്നിരിക്കുന്നു. ആ സുവിശേഷം അറിയിക്കുവാൻ പൗലൊസിനു ദൈവകൃപയും പരി ശുദ്ധാത്മശക്തിയും ലഭിച്ചു. ഇന്നും ഈ രണ്ട് കാര്യങ്ങൾ സുവിശേഷഘോഷണത്തിന് ആവശ്യമാണ്.

### സഭകൊണ്ടുള്ള ഉദ്ദേശം (3:8-13)

ദൈവകൃപയെ കുറിച്ചുള്ള അറിവു പൗലൊസിനെ താഴ്മയുള്ളവനാക്കി. അതു 'ഞാൻ അപ്പൊസ്തലന്മാ രിൽ ഏറ്റവും ചെറിയവൻ' (1 കൊരി. 15:9), 'ഞാൻ പാപികളിൽ ഒന്നാമൻ' എന്നിങ്ങനെ പറയുവാൻ തന്നെ പ്രേരി പ്പിച്ചു (1 തിമൊ. 1:15). കൃപയാൽ രക്ഷിക്കപ്പെട്ടവർ ഭാവിക്കേണ്ടതിനുമീതെ ഭാവിച്ചുയരുന്നവർ ആകരുത് (റോമർ 12:3). ക്രിസ്തുവിൽക്കൂടി വെളിപ്പെടുത്തപ്പെട്ട സുവിശേഷത്തിൽ അന്തർഭവിച്ചിട്ടുള്ള അനുഗ്രഹങ്ങൾ അപ്രമേയം ആണ്. ഈ അനുഗ്രഹദാതാവായ ക്രിസ്തുവിനെ നാം പ്രസംഗിക്കുന്നവർ ആകണം. അപ്പോൾ മാത്രമേ ദൈവസഭയെ ക്കുറിച്ചുള്ള മർമ്മം വെളിപ്പെടുകയുള്ളൂ. സുവിശേഷീകരണവും ദൈവവചനപഠനവും തുല്യ പ്രാധാന്യമുള്ളതാകു ന്നു. രക്ഷിക്കപ്പെട്ടവർ ക്രിസ്തുവിനെ കുറിച്ചുള്ള പരിജ്ഞാനം ഉള്ളവർ ആകണം. ഈ സത്യങ്ങൾ വെളിപ്പെടു ത്തുവാനുള്ള ഉത്തരവാദിത്വം സഭയ്ക്ക് ഇന്നുണ്ട്. സഭ സ്വർഗ്ഗത്തിലെ ദൂതന്മാർക്ക് ആശ്ചര്യവിഷയമാണ്. ദൈവ ത്തിൽ അനാദികാലം മുതൽ ഉണ്ടായിരുന്നതും ക്രിസ്തുമൂലം നിറ വേറ്റിയതും സഭയിൽ വെളിപ്പെടുത്തിയതുമായ ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം നാം ഗ്രഹിക്കുവാൻ ദൈവവചനപഠനം ഒഴിച്ചുകൂടാത്തതാകുന്നു. ക്രിസ്തു വിനോടുള്ള നമ്മുടെ ബന്ധം മൂലം ദൈവസന്നിധിയിൽ നമുക്ക് പ്രവേശനം ലഭിച്ചിരിക്കുന്നു. ഭയപ്പെടാതെ ദൃഢ വിശ്വാസത്തോടെ പ്രവേശിക്കുവാനുള്ള പദവി നാം പ്രാപിച്ചിരിക്കുന്നു (എബ്രാ. 4:16, 10:19). അങ്ങനെ ന്യായപ്രമാ

ണത്തിനു കഴിയാതിരുന്നതിനെ കൃപ സാദ്ധ്യമാക്കിയിരിക്കുന്നു. സഭയെ കുറിച്ചുള്ള വെളിപ്പെടുത്തപ്പെട്ട സത്യങ്ങൾ പ്രസംഗി ച്ചതുമൂലമാണ് പൗലൊസ് തടവുകാരനായിരിക്കുന്നത്. അതുമൂലം വിശ്വാസികൾ അധൈര്യപ്പെടരുത്. ദൈവഹിതപ്രകാരമുള്ളതാണ് തന്റെ തടവ്. ഇതോർത്ത് പൗലൊസ് സന്തോഷിക്കുന്നു. മറ്റുള്ളവരും സഭയെ കുറിച്ചുള്ള അറിവുള്ളവരായി സന്തോഷിക്കുന്നവർ ആകണം എന്ന് പൗലൊസ് ആഗ്ര ഹിക്കുന്നു. ക്രിസ്തുവിനെ സേവിക്കുമ്പോൾ നേരിടുന്ന എതിർപ്പുകൾ നമ്മെ നിരാശപ്പെടുത്തരുത്.

## പൗലൊസിന്റെ സഭയ്ക്കുവേണ്ടിയുള്ള പ്രാർത്ഥന (3:14-21)

ദൈവമക്കൾ ആത്മീയ പരിജ്ഞാനവും ശക്തിയും ഉള്ളവർ ആകുവാൻ അപ്പൊസ്തലൻ ആഗ്രഹിച്ചു. ഇവിടെ ആത്മീയ ശക്തിയുള്ളവർ ആകുവാൻ പ്രാർത്ഥിക്കുന്നു. അവർ സ്വർഗ്ഗത്തിലെ സകല ആത്മീയാനുഗ്രഹങ്ങളാലും ക്രിസ്തുവിൽ അനുഗ്രഹിക്കപ്പെട്ടവർ ആണ്. ദൈവം അവരുടെ പിതാവാകുന്നു. രക്ഷിക്കപ്പെടുമ്പോൾ നാം ദൈവമക്കൾ ആയിത്തീരുന്നു (യോഹ. 1:12). പിതാവ് എന്ന നിലയിൽ ദൈവം നമ്മോടു സ്നേഹവും മനസ്സലിവും ദയയും കരുതലും ഉള്ളവനാണ്. അവൻ സകലത്തെയും സൃഷ്ടിച്ചു. ആ നിലയിലും മനുഷ്യരുടെ പിതാവാണ് ദൈവം (പ്രവൃ. 17:28,29). എന്നാൽ പാപം മൂലം മനുഷ്യവർഗ്ഗത്തിന് ആ ബന്ധം നഷ്ടപ്പെട്ടു. വീണ്ടെടുപ്പുമൂലം ഇന്നു നമുക്ക് ദൈവമക്കൾ ആകാം. പിതാവ് എന്നുള്ള ബന്ധം ക്രിസ്തുവിനോടും ദൈവത്തിന് ഉണ്ട്. ആ ബന്ധം ആർക്കും ലഭിക്കുന്നതല്ല. അതു നിസ്തുല്യ ബന്ധമാകുന്നു. പ്രാർത്ഥിക്കുമ്പോൾ നാം നന്ദിയും വിനയവും ഭക്തിയും ഉള്ളവരായിരിക്കണം. മുട്ടുകുത്തുന്നതുകൊണ്ടുള്ള അർത്ഥം അതാകുന്നു. രക്ഷിക്കപ്പെടുന്നതിന് മുമ്പ് നാം ജഡിക മനുഷ്യർ ആയിരുന്നു. രക്ഷിക്കപ്പെടുമ്പോൾ പുതിയ സ്വഭാവം ലഭിക്കുന്നു. ആത്മീയ സ്വഭാവം ദൈവദത്തമാണ് (2 പത്രൊ. 1:3). പുറമേയുള്ളതു ജഡവും അകമേയുള്ളത് ആത്മീയവുമാണ് (റോമർ 7:22). പുറമേയുള്ള മനുഷ്യൻ ക്ഷയിക്കുകയും അകമേയുള്ള ഗൂഢമനുഷ്യൻ ബലപ്പെടുകയും വേണം. ദൈവവചനം ധ്യാനിക്കുകയും പ്രാർത്ഥിക്കുകയും ദൈവമക്കളുമായി കൂട്ടായ്മബന്ധം പുലർത്തുകയും ചെയ്യുമ്പോൾ പരിശുദ്ധാത്മാവ് ആത്മീയമായി വളരുവാൻ ശക്തി പ്രദാനം ചെയ്യുന്നു.

രണ്ടാമതായി ക്രിസ്തുവിന് നമ്മുടെ ജീവിതത്തിൽ പ്രഥമസ്ഥാനം ഉണ്ടാകുവാൻ പ്രാർത്ഥിക്കുന്നു. ക്രിസ്തു ഹൃദയത്തിൽ വസിക്കണം എന്നു ള്ളതുകൊണ്ടുള്ള ആശയം അതാണ്. പരിശുദ്ധാത്മാവ് ക്രിസ്തുവിനെ കുറിച്ച് നമ്മെ ബോധവാന്മാരാക്കുന്നത് ദൈവവചനത്തിൽക്കൂടിയാണ്. അത് അനുഭവിക്കുന്നത് വിശ്വാസത്താൽ ആകുന്നു (ഗലാ. 2:20). ക്രിസ്തുവിന് പ്രഥമ സ്ഥാനം നൽകുന്നവർ അവനെ മഹത്വപ്പെടുത്തുന്നവർ ആകും.

മൂന്നാമതായി നാം ക്രിസ്തുവിന്റെ സ്നേഹത്തെ അനുഭവിച്ച് അറിയുന്നവർ ആകുവാൻ പ്രാർത്ഥിക്കുന്നു. ക്രിസ്തുവിനെ കുറിച്ചുള്ള അറിവ് അതിന് ആവശ്യമാണ്. ആ അറിവ് ക്രിസ്തുവിൽ ദൈവം നമ്മെ എത്രമാത്രം സ്നേഹിച്ചിരിക്കുന്നു എന്നുള്ള ചിന്തകൊണ്ട് ഹൃദയം നിറഞ്ഞ് കവി യുവാൻ സഹായിക്കണം. അറിവിനെ അതിശയിപ്പിക്കുന്ന ക്രിസ്തുവിന്റെ സ്നേഹം അവനെ ആരാധിക്കുവാനും ആഘോഷിക്കുവാനും നമ്മെ നിർബന്ധിക്കണം. ക്രിസ്തുവിന്റെ സ്നേഹം അവർണ്ണനീയമാണ്. അതിന്റെ വീതി ലോകവ്യാപകം ആയിരിക്കുന്നു (യോഹ. 3:16). അതിന്റെ നീളം നിത്യതയോളം നിലനിൽക്കുന്നു. ക്രിസ്തുവിന്റെ സ്നേഹത്തിന്റെ ആഴം ക്രൂശിനോളമുള്ളതാണ്. അതിന്റെ ഉയരം സ്വർഗ്ഗത്തോളം ഉന്നതമായിരിക്കുന്നു. ഈ സ്നേഹം മനുഷ്യബുദ്ധിക്ക് അതീതമാണ്.

നാലാമതായി പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിന്റെ സ്നേഹ ത്തെ അറിയുവാൻ പ്രാപ്തർ ആകണം. നമ്മുടെ അനുഭവങ്ങൾക്ക് പരിധിയുണ്ട്. ദൈവസ്നേഹത്തിനു പരിധിയില്ല. അതുകൊണ്ട് ആ സ്നേഹത്തെ കുറിച്ചുള്ള പുതിയ അറിവ് നമുക്ക് ലഭിച്ചുകൊണ്ടിരിക്കും. നിത്യത മുഴുവനും ആ സ്നേഹം നമ്മുടെ ധ്യാനവിഷയം ആയിരിക്കും. അത് സകല ബുദ്ധിയെയും കവിയുന്നതാണ് (ഫിലി. 4:7).

അഞ്ചാമതായി നാം ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞുവരു ന്നവർ ആകുവാൻ പ്രാർത്ഥിക്കുന്നു. ദൈവത്തിന്റെ എല്ലാ നിറവും വസിക്കുന്നത് ക്രിസ്തുവിൽ ആണ് (കൊലൊ. 2:9). നാം ക്രിസ്തുവിനെ കുറിച്ചുള്ള അറിവുകൊണ്ട് നിറയുകയും പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെടുകയും ചെയ്യണം. അങ്ങനെ നാം ക്രിസ്തുവിനോട് അനുരൂപരാകണം. രക്ഷയുടെ ആത്യന്തിക ലക്ഷ്യം അതാണല്ലോ (റോമർ 8:29). നമ്മുടെ ജീവിതം ഇന്ന് ക്രിസ്തുവിന്റെ സാന്നിദ്ധ്യവും ശക്തിയുംകൊണ്ട് നിറഞ്ഞതായിരിക്കണം. അങ്ങനെ നാം ആത്മസ്വഭാവങ്ങൾ പുറപ്പെടുവിക്കുന്നവർ ആകുവാൻ അപ്പൊസ്തലൻ പ്രാർത്ഥിക്കുന്നു.

ദൈവം പ്രാർത്ഥന കേൾക്കുകയും ഉത്തരം നൽകുകയും ചെയ്യുന്നു. നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും ഉപരിയായി പ്രവർത്തിക്കുവാൻ ദൈവം ശക്തിയുള്ളവൻ ആകുന്നു. ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ച ആ ദിവ്യശക്തി ഇന്ന് നമ്മിൽ വ്യാപരിക്കുന്നു. ആ പരിശുദ്ധാത്മശക്തി, പ്രാർത്ഥിക്കുവാനും ആരാധിക്കുവാനും സേവിക്കുവാനും നമ്മെ ബലപ്പെടുത്തുന്നതാണ്. ഇങ്ങനെയുള്ള ദൈവത്തെ സ്തുതിക്കുവാനുള്ള ആഹ്വാനം ഇവിടെ കാണാം. സഭ ക്രിസ്തുവിന്റെ മാർമ്മിക ശരീരമാകുന്നു. ആ ബന്ധം നിത്യമാണ്. മരിച്ച് മഹത്വത്തിൽ എടുക്കപ്പെട്ടവരും ജീവിക്കുന്ന വിശുദ്ധ ന്മാരും നിത്യകാലം ദൈവത്തെ സ്തുതിക്കുന്നവർ ആയിരിക്കണം എന്ന് അപ്പൊസ്തലൻ ആഗ്രഹിക്കുന്നു.

## അദ്ധ്യായം 4

ഈ അദ്ധ്യായം മുതൽ ക്രിസ്തീയ ജീവിതത്തിലെ പ്രായോഗിക നിർദ്ദേശങ്ങൾ കാണാം. ഉപദേശങ്ങൾ പ്രായോഗിക ജീവിതത്തിന് അടിസ്ഥാനമാകുന്നു. ഉപദേശം മാത്രം അറിഞ്ഞതുകൊണ്ട് പ്രയോജനം ഇല്ല. ക്രിസ്തുവിനെ കുറിച്ചുള്ള അറിവ് അവനെ സ്നേഹിക്കുവാൻ നമ്മെ നിർബന്ധിക്കണം. ആ സ്നേഹം കർത്താവിനെ അനുസരിക്കുവാൻ പ്രേരണ നൽകും. പൗലൊസിന്റെ ലേഖനങ്ങളെ ഉപദേശം, പ്രായോഗികം എന്നീ വിധം രണ്ടായി തിരിച്ചിരിക്കുന്നു. ആത്മീയാനുഗ്രഹങ്ങൾ അനുസരണത്തിലേക്ക് നമ്മെ നയിക്കണം. ആദ്യത്തെ മൂന്ന് അദ്ധ്യായങ്ങളിൽ സഭയെ കുറിച്ചുള്ള ആഴമേറിയ സത്യങ്ങൾ വിശദീകരിച്ചിരിക്കുന്നു.

### ദൈവമക്കൾ ഐക്യതയുള്ളവർ ആയിരിക്കണം (4:1–16)

ക്രിസ്തു നമുക്കുവേണ്ടി ചെയ്തിരിക്കുന്ന അത്ഭുതകരമായ കാര്യങ്ങളുടെ അടിസ്ഥാനത്തിലും വ്യക്തിപരമായി പൗലൊസിനുണ്ടായ അനുഭവത്തിന്റെ വെളിച്ചത്തിലുമാണ് ഈ പ്രബോധനം നൽകിയിരിക്കുന്നത്. ജാതികളും യെഹൂദന്മാരും ക്രിസ്തുവിൽ ഏകശരീരമായിത്തീർന്നു. ഇന്നു നാം ക്രിസ്തുയേശുവിൽ കൂട്ടവകാശികൾ ആണ്. നാം വിശുദ്ധ ജീവിതം നയിക്കുവാൻ വിളി ലഭിച്ചവർ ആണ്. സുവിശേഷത്താൽ നാം വിളിക്കപ്പെട്ടു. വിശുദ്ധ ജീവിതത്തിനു പരിശുദ്ധാത്മാവിനാൽ ബലപ്പെട്ടുകൊണ്ടിരിക്കുന്നു. നാം ക്രിസ്തുവിനെ ലോകത്തിനു വെളിപ്പെടുത്തുവാൻ നിയോഗിക്കപ്പെട്ടവർ ആണ്. നാം ക്രിസ്തുവിനെ കുറിച്ച് എന്തു വിശ്വസിക്കുന്നുവോ അതു ജീവിതത്തേയും നിയന്ത്രിക്കും. രക്ഷിക്കപ്പെടുന്നതിനു മുൻപ് നാം അതിക്രമങ്ങ ളിലും പാപങ്ങളിലും നടന്നിരുന്നു. ഇവിടെ നടക്ക എന്നതിന്റെ ആശയം ജീവിക്കുക എന്നാണ്. ജാതികളെപ്പോലെ ലോകമയന്മാരായി ജീവിച്ചവരായ നമ്മെ ദൈവം രക്ഷിച്ചു. അതു ക്രിസ്തുവിനെ ലോകത്തിനു പ്രതിഫലിപ്പി ക്കുവാനാണ്. നാം സൽപ്രവൃത്തികളിൽ നടക്കണം. വെളിച്ചത്തിനുള്ളവരായി നടക്കണം. സ്നേഹത്തിൽ നടക്കുന്നവർ ആകണം. എന്തുകൊണ്ടെന്നാൽ ഇതൊക്കെയും ക്രിസ്തുവിന്റെ സ്വഭാവം ആണ്.

ദൈവമക്കൾ ഐകമത്യത്തിൽ കഴിയുവാൻ ആവശ്യമായ കാര്യങ്ങൾ ഈ അദ്ധ്യായത്തിൽ കാണാം. ഈ ഐക്യം പരിശുദ്ധാത്മാവ് ദൈവവചന ത്തിൽക്കൂടി നമ്മെ ബോധ്യപ്പെടുത്തുന്നു. ആത്മീയ ഐക്യം സഭയുടെ ബാഹ്യമായ ചട്ടക്കൂടുകൾ മൂലം ഉണ്ടാകയില്ല. ഇത് ഒരു ആത്മീയ ബന്ധം ആണ്. അതു സർവ്വസമാനത അല്ല. ദൈവമക്കൾ തമ്മിലുള്ള ഐക്യം സഭ യുടെ വളർച്ചയ്ക്കും സുവിശേഷത്തിന്റെ പ്രചരണത്തിനും ഒഴിച്ചുകൂടാത്തതാണ്.

1. ഐകമത്യത്തിനു വിനയം ആവശ്യമാണ്. നമ്മുടെ ഒന്നുമില്ലായ്മയെ പ്പറ്റിയുള്ള ബോധമാണ് വിനയം. സ്വയം ചെറുതാണെന്നു വിചാരിക്കുന്നത് വിനയമല്ല, അതു വിനയത്തിന്റെ വേഷത്തിലുള്ള നിഗളമാണ്. വിനയം ക്രിസ്തുവിനും മറ്റുള്ളവർക്കും ബഹുമാനം നൽകുന്നു. നാം കൃപയാൽ രക്ഷിക്കപ്പെട്ടവർ ആകയാൽ ഭാവിക്കേണ്ടതിനു മീതെ ഭാവിച്ചുയരുന്നവർ ആകരുത് (റോമർ 12:3). അത് ആത്മീയ നിഗളം ഉളവാക്കും.
2. സൗമ്യത ഐക്യത്തിന് ഒഴിച്ചുകൂടാത്തതാകുന്നു. ദൈവത്തോട് പിറു പിറുക്കാതെയും മനുഷ്യർ ക്രൂരമായി നമ്മോട് ഇടപെടുമ്പോൾ പ്രതികാരചിന്തയില്ലാതെ വർത്തിക്കുകയും ചെയ്യുന്നതാണ് സൗമ്യത. മോശെയും ദാവീദും ഈ സ്വഭാവമുള്ളവർ ആയിരുന്നു (സംഖ്യാ. 12:3; 2 ശമൂ. 16:11). കർത്താവ് സൗമ്യതയും താഴ്മയും ഉള്ളവനാണ് (മത്താ. 11:29). അവന്റെ അനുഗാമികൾക്കും ഈ സ്വഭാവം ഉണ്ടായിരിക്കണം. തെറ്റിൽ അകപ്പെട്ടവരെ യഥാസ്ഥാനപ്പെടുത്തേണ്ടതും സൗമ്യതയുടെ ആത്മാവിൽ ആയിരിക്കണം (ഗലാ. 6:1).
3. ദീർഘക്ഷമ ഐക്യത്തിന് ആവശ്യമാണ്. പോരാട്ടങ്ങളിൽ കോപിക്കാതെ സഹനശക്തി കാണിക്കുന്നതാണ് ദീർഘക്ഷമ. യവനർ ഇത് ഒരു ബലഹീനതയായി കരുതിയിരുന്നു. നമ്മുടെ കർത്താവ് നമ്മോടു ദീർഘക്ഷമ ഉള്ളവനാണ്. പാപികൾ രക്ഷിക്കപ്പെടുവാൻ ദീർഘക്ഷമയോടെ കാത്തിരിക്കുന്നവനാണ് കർത്താവ് (റോമർ 2:4). ദൈവമക്കൾ പ്രതികാരബുദ്ധിയുള്ളവരാകാതെ മറ്റുള്ളവരോട് സഹനശക്തി വെളിപ്പെടുത്തുന്നവർ ആകണം. പ്രതികാരം ദൈവത്തിന് ഉള്ളതാണ് (റോമർ 12:19).
4. ദൈവമക്കൾ സ്നേഹത്തിൽ അന്യോന്യം ക്ഷമിക്കുന്നവർ ആയിരിക്കണം. മറ്റുള്ളവർ തെറ്റുചെയ്യുമ്പോൾ പ്രതികാരചിന്തയില്ലാതെ സ്നേഹത്തിൽ സഹിക്കുന്നവർ ആകണം. വിനയത്തിന്റെ പൊയ്മുഖം പ്രദർശിപ്പിക്കരുത്. ദൈവമക്കളോടുള്ള എല്ലാ ഏർപ്പാടുകളുടെയും പിൻപിൽ സ്നേഹം പ്രേരകശക്തിയായി തീരണം. നമ്മുടെ ഏർപ്പാടുകൾ മറ്റുള്ളവരെ കോപിപ്പിക്കുന്നതും മുഷിപ്പിക്കുന്നതും ആയിരിക്കരുത് (1 കൊരി. 13:4,7; കൊലൊ. 3:13).
5. ആത്മാവിന്റെ ഐക്യം ഉള്ളവരായിരിക്കണം. അതു കലഹം ഉണ്ടാക്കു ന്നതിന് എതിരാണ്. മാനുഷികമായി ആത്മിക ഐക്യം ഉണ്ടാക്കാവു ന്നതല്ല. ക്രിസ്തുവാണ് അതിന്റെ അടിസ്ഥാനം. അതു നിലനിൽക്കു ന്നതും ക്രിസ്തുവിലാണ്. പരിശുദ്ധാത്മസ്നാനത്താൽ ഉളവാകുന്ന താണ് ഈ ഐക്യം (1 കൊരി. 12:13; യോഹ. 17:21–23). അത് നിലനിർത്തുവാൻ നാം പരിശ്രമിക്കേണ്ടതാകുന്നു.
6. ഐക്യം സമാധാനബന്ധത്തിൽ കാപ്പാൻ ശ്രമിക്കണം. വിട്ടുവീഴ്ചാ മനോഭാവത്തോടും സ്നേഹപൂർവ്വവും ഇടപ്പെടുന്നതുമൂലമാണ് സമാ ധാനബന്ധം ഉളവാകുന്നത്. അത് ഉണ്ടാകുവാൻ അത്യുത്സാഹം ചെയ്യു ന്നവർ ആകണം. ഒരു ഭക്തൻ പറഞ്ഞിരിക്കുന്നത് ദൈവമക്കൾ തമ്മിൽ സുപ്രധാന വിഷയങ്ങളിൽ യോജിപ്പും അപ്രധാന കാര്യങ്ങളിൽ അഭിപ്രായസ്വാതന്ത്ര്യവും എല്ലാറ്റിലും സ്നേഹവും ഉണ്ടായിരിക്കണം എന്നത്രെ.

ദൈവത്തോട് സമാധാനബന്ധം പുലർത്താത്തവർക്ക് സഹ വിശ്വാസികളോട് സമാധാനമുള്ളവരാകുവാൻ കഴിയുന്നതല്ല.

## ആത്മിക ഐക്യത്തിന്റെ ഏഴു ഘടകങ്ങൾ (4:4-6)

ക്രിസ്തുവിനെ പ്രതിഫലിപ്പിക്കുന്നവർ ആകുവാൻ ഇത് ആവശ്യ മാണ്. ഈ ഐക്യത അതിന്റെ പരിപൂർണ്ണതയിൽ എത്തുന്നത് കർത്താ വിന്റെ വരവിങ്കൽ മാത്രമാകുന്നു.

1. നാം ഏക പ്രത്യാശയ്ക്കായി വിളിക്കപ്പെട്ടവർ ആണ്. കർത്താവിന്റെ രണ്ടാം വരവിൽ നാം അവനെപ്പോലെ ആകും. അവന്റെ മഹത്വത്തിനു പങ്കാളികളും ആകും (1 യോഹ. 3:2). ഈ ചിന്ത വിശുദ്ധ ജീവിതത്തിനു നമ്മെ പ്രേരിപ്പിക്കണം.
2. ശരീരം ഒന്ന്. അതുകൊണ്ടുള്ള ആശയം സഭ ഒന്നാകുന്നു എന്നത്രെ. രക്ഷിക്കപ്പെട്ടവരുടെ സമൂഹമാണ് സഭ. രക്ഷിക്കപ്പെടുന്നവർ ക്രിസ്തു വിനോടു ബന്ധമുള്ളവർ ആകും. അപ്പോൾ ക്രിസ്തു തലയും വിശ്വാ സികൾ ശരീരവുമായി തീരുന്നു. ഇത് ഒരു മർമ്മമാണ്. പെന്തക്കൊ സ്തു മുതൽ ഉൽപ്രാപണം വരെയുള്ള സകല വിശുദ്ധന്മാരും സാർവ്വ ത്രികസഭയുടെ അംഗങ്ങൾ ആണ്. പരിശുദ്ധാത്മസ്നാനത്തിന്റെ ഫല മായിട്ടാണ് നാം ഏകശരീരമായി ക്രിസ്തുവിനോട് ബന്ധമുള്ളവർ ആകുന്നത് (1 കൊരി. 12:13). എന്നാൽ രക്ഷിക്കപ്പെട്ടവർ അതാതു സ്ഥല ങ്ങളിൽ കൂടിവന്നു സ്ഥലംസഭകളായി മുന്നോട്ടുപോകുന്നു. അപ്പോൾ കർത്താവിനെ പ്രതിഫലിപ്പിക്കുവാനും കൃപാവരങ്ങൾ പ്രായോഗിക മാക്കുവാനും അത് സഹായിക്കുന്നു. ബൈബിളിൽ സ്ഥലംസഭയുടെ പ്രാധാന്യം ഊന്നിപ്പറയുന്നുണ്ട്.
3. ആത്മാവ് ഒന്ന്. സഭയ്ക്ക് ശക്തിയും ചൈതന്യവും നൽകുന്നത് പരി ശുദ്ധാത്മാവ് ആകുന്നു. എല്ലാ വിശ്വാസികളിലും സഭയിലും അധിവസി ക്കുന്ന ആത്മാവ് പരിശുദ്ധാത്മാവാണ് (റോമർ 8:9; 1 കൊരി. 3:16; 6:19). ആത്മാവിൽനിന്നും ജനിച്ചവരാണ് വിശ്വാസികൾ.
4. കർത്താവ് ഒരുവൻ. യേശുവിനെ കർത്താവ് എന്ന് ഏറ്റുപറയുന്നതാണ് രക്ഷിക്കപ്പെടുവാനുള്ള ഉപാധി. അവൻ രക്ഷിതാവും കർത്താവുമാണ് (റോമർ 10:9). കർത്താവ് നമ്മെ ഭരിക്കുന്നവനും നിയന്ത്രിക്കുന്നവനും ആണ്. തന്റെ ഹിതം അനുസരിക്കുന്നവരാണ് വിശ്വാസികൾ. ആത്മീയ ഐക്യം ക്രിസ്തുവിനെ അനുസരിക്കുമ്പോൾ മാത്രമേ ഉണ്ടാകയുള്ളൂ.
5. വിശ്വാസം ഒന്ന്. രക്ഷിക്കപ്പെട്ടവരുടെ കൂട്ടമായ സഭയുടെ വിശ്വാസ പ്രമാണം പുതിയ നിയമം ആകുന്നു. നമ്മുടെ വിശ്വാസത്തിനും ഭക്തി ക്കും അടിസ്ഥാനം ദൈവവചനം ആണ് (യൂദാ 3). പാരമ്പര്യങ്ങളും മറ്റും തെറ്റായ പരിചയങ്ങളിലേക്ക് നയിക്കും. എന്നാൽ മാറ്റമില്ലാത്ത ദൈവവചനം സത്യമാർഗ്ഗം കാട്ടിത്തരും. ഒരിക്കലായി നമ്മെ ഭരമേൽപ്പിച്ചിരിക്കുന്ന വിശ്വാസസത്യങ്ങൾക്ക് വേണ്ടി നാം നിലനിൽക്കുന്നവരും അതു ഭാവി തലമുറയ്ക്കു കൈമാറുന്നവരും ആകണം (2 തിമൊ. 2:1,2).
6. സ്നാനം ഒന്ന്. ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവരും ഏക ശരീര മായിത്തീരുന്നത് ആത്മസ്നാനം മൂല മാണ് (1 കൊരി. 12:13). എന്നാൽ രക്ഷിക്കപ്പെടുന്നവർ ക്രിസ്തുവിന്റെ മരണം, അടക്കം, പുനരുത്ഥാനം ഇവയോട് ഏകീഭവിക്കുന്നവർ ആണ്. ആ വിശ്വാസത്തെ പരസ്യമായി ഏറ്റുപറയുന്നതിന്റെ അടയാളമാണ് ജല സ്നാനം. ശിശുസ്നാനം ഈ സത്യങ്ങൾ വ്യക്തമാക്കുന്നില്ല. രക്ഷിക്കപ്പെടുന്നവർ സ്നാനപ്പെടണം എന്നും ദൈവവചനം അനുശാസിക്കുന്നു.
7. എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ. രക്ഷിക്കപ്പെടുന്ന യെഹൂദനും പുറംജാതിക്കും ദൈവമക്കളാകുവാൻ പദവി ലഭിച്ചിരി ക്കുന്നു. ദൈവം അവരുടെ പിതാവാണ്. നാം ദൈവകുടുംബത്തിലെ അംഗങ്ങളും ദൈവം നമ്മുടെ പിതാവാകുന്നു എന്ന സത്യത്തിൽ വിശ്വ സിക്കുന്നവരും ആണ്. ദൈവവചനാനുസരണ മായ ഭക്തിയുള്ള ജീവി തം ഐകമത്യത്തിന് ആവശ്യമാണ്. സ്നേഹത്തിൽ സത്യം സംസാരി ക്കുമ്പോൾ ആത്മീയ ഐക്യം ഉളവാകും.

## ആത്മീയ വരങ്ങളും ക്രിസ്തീയ ഐക്യവും (4:7-16)

ക്രിസ്തീയ ഐക്യത്തിന്റെ ഏഴ് ഘടകങ്ങൾ നാം പരിശോധിച്ചു. ഇനി യും ഈ ഐക്യം സഭയിൽ ഉണ്ടാകുവാൻ കൃപാവരങ്ങൾക്കുള്ള സ്ഥാനം നാം അറിയേണ്ടതുണ്ട്. ദൈവമക്കൾ അന്യോന്യം ശുശ്രൂഷിക്കുവാൻ കൃപാവരങ്ങൾ ലഭിച്ചവരാണ്. തനിയെ വിജയകരമായ ക്രിസ്തീയ ജീവിതം നയിക്കുവാൻ സാധിക്കുന്നതല്ല. യോഗ്യതയുടെ അടിസ്ഥാനത്തിലല്ല കൃപാവരങ്ങൾ നൽകുന്നത്. ശുശ്രൂഷകൾ മറ്റുള്ളവരുടെ നന്മയ്ക്കായി ചെയ്യേണ്ടതാകുന്നു. ക്രിസ്തു കൃപാവരങ്ങൾ നൽകുന്നു. അതിന്റെ ലക്ഷ്യം ദൈവസഭയുടെ ആത്മീയ വർദ്ധനവും ഐക്യവും അത്രെ. എല്ലാ വരങ്ങളും ഒരുപോലെ പ്രാധാന്യം ഉള്ളവയാണ് (1 കൊരി. 12:4-6; റോമർ 12:3-8).

ക്രിസ്തു തന്റെ മരണപുനരുത്ഥാനങ്ങൾ വഴി മരണത്തെയും സാത്താ നെയും ജയിച്ചു. അതുകൊണ്ട് തന്നിൽ വിശ്വസിക്കുന്നവർക്ക് വിജയകരമായ ക്രിസ്തീയ ജീവിതം നയിക്കുവാൻ സാധിക്കും. സ്വർഗ്ഗാരോഹണം ചെയ്ത ക്രിസ്തു സഭയ്ക്ക് ദാനങ്ങൾ നല്കി. ജേതാവായ സേനാധിപൻ കൊള്ളസാധനങ്ങൾ സ്വജനത്തിന് നൽകുന്ന പരിചയത്തോട് ഇതിനെ സാമ്യപ്പെടുത്തിയിരിക്കുന്നു. 1 കൊരി. 12-ൽ സഭയ്ക്ക് കൃപാവരങ്ങൾ നൽകുന്നതായി പറയുന്നു. എന്നാൽ എഫെസ്യർ 4-ൽ ആളുകളെ തന്നെ ദാനമായി നൽകുന്നതായി സൂചിപ്പിക്കുന്നു.

സഭയുടെ ആത്മീയ വർദ്ധനവിനും ഐക്യത്തിനുമായി അഞ്ച് തരം ശുശ്രൂഷകന്മാരെ അഥവാ ദാനങ്ങൾ

നൽകിയിരിക്കുന്നു. അവർ അപ്പൊസ്തലന്മാർ, പ്രവാചകന്മാർ, സുവിശേഷകന്മാർ, ഇടയന്മാർ, ഉപദേഷ്ടാക്ക ന്മാർ എന്നിവരാണ്.

1. **അപ്പൊസ്തലന്മാർ:** ഈ വാക്കിന് അയക്കപ്പെട്ടവർ എന്നാണർത്ഥം. അവരുടെ യോഗ്യതകൾ ശ്രദ്ധേയമാണ്.
   1. ക്രിസ്തു നേരിട്ട് നിയമിച്ചു (ഗലാ. 1:1).
   2. പുനരുത്ഥാനം ചെയ്ത ക്രിസ്തുവിനെ കണ്ടിരിക്കണം (പ്രവൃ. 1:21,22; 1 കൊരി. 9:1,5,8).
   3. അത്ഭുതങ്ങളും അടയാളങ്ങളും ചെയ്യുവാനുള്ള കഴിവ് (2 കൊരി. 12:12; എബ്രാ. 2:3,4).
   4. വെളിപ്പാടിനാൽ സത്യങ്ങൾ പ്രാപിക്കുവാനുള്ള ആത്മനിശ്വസ്തതയും രേഖയാക്കുവാനും പറയുവാനുമുള്ള കഴിവും (യോഹ. 14:26; 1 കൊരി. 2:10).
   5. പ്രവാചകന്മാരോട് ചേർന്ന് സഭയുടെ അടിസ്ഥാനപ്പണിയിൽ ഉൾ പ്പെടുക (എഫെ. 2:20).

12 അപ്പൊസ്തലന്മാർക്കുള്ള സ്ഥാനം മറ്റാർക്കുമില്ല. അപ്പൊസ്തല ഉപദേശത്തിനല്ലാതെ അപ്പൊസ്തലന്മാർക്ക് പിന്തുടർച്ചക്കാരില്ല. അതിശ്രേഷ്ഠതയുള്ള 12 അപ്പൊസ്തലന്മാരെ കൂടാതെ ബർന്നബാസ്, യാക്കോബ് തുടങ്ങിയ അപ്പൊസ്തലന്മാരും ഉണ്ടായിരുന്നു. അയക്കപ്പെട്ടവർ എന്ന അർത്ഥത്തിൽ അവരെ മനസ്സിലാക്കുന്നതാണ് നന്ന്. ഇന്ന് അപ്പൊസ്തലന്മാരില്ല.

2. **പ്രവാചകന്മാർ:** വെളിപ്പാടിനാൽ സത്യങ്ങൾ മനസ്സിലാക്കി സഭയെ ഉപദേശിക്കുവാനും അടിസ്ഥാനപ്പണി നിർവ്വഹിക്കുവാനും നിയോഗം ലഭിച്ചവർ ആയിരുന്നു ഇവർ. ഭാവികാര്യങ്ങളെ കുറിച്ചും പ്രവചിക്കു വാൻ ഇവർക്ക് കഴിവ് നൽകിയിരുന്നു (പ്രവൃ. 11:28; 21:9,11). അന്ന് എഴുത പ്പെട്ട ദൈവവചനം ഉണ്ടായിരുന്നില്ല. അപ്പൊസ്തലന്മാരും പ്രവാചക ന്മാരും സഭയുടെ ആത്മീയ അഭിവൃദ്ധിക്ക് ശുശ്രൂഷകൾ നിർവ്വഹിച്ചു. പുതിയനിയമ കാനോൻ പൂർത്തിയായതോടെ പ്രവാചകന്മാരുടെ ആവശ്യം ഇല്ലാതായി.
3. **സുവിശേഷകന്മാർ:** സുവിശേഷം അറിയിക്കുവാൻ നിയോഗവും കഴിവും ലഭിച്ചവരാണ് ഇവർ. രക്ഷിക്കപ്പെടാത്തവരോട് ക്രിസ്തുവിന്റെ മരണപുനരുത്ഥാനത്തിൽക്കൂടി ദൈവം ഒരുക്കിയിട്ടുള്ള രക്ഷയുടെ സന്ദേശമാകുന്നു സുവിശേഷം (1 കൊരി. 15:1–4). സുവിശേഷം മുഖ്യമായും സഭയുടെ പുറത്തുള്ളവർക്കുള്ള സന്ദേശമാകുന്നു. അത് അറിയിക്കുവാനുള്ള ഉത്തരവാദിത്വം എല്ലാവർക്കും ഉണ്ട്. നാം ക്രിസ്തുവിന്റെ സാക്ഷികൾ ആണ്. എന്നാൽ സുവിശേഷകന്റെ കൃപാവരം എല്ലാവർക്കും ഇല്ല. അവർ സുവിശേഷം അറിയിക്കുമ്പോൾ ആത്മാക്കൾ രക്ഷിക്കപ്പെടുന്നു. ആത്മാക്കളെ കുറിച്ചുള്ള ഭാരം അവർക്കുണ്ട്. രക്ഷിക്കപ്പെടുന്നവരെ സഭയിലേക്ക് നയിക്കുവാനുള്ള ഉത്തരവാദിത്വവും അവർക്കുള്ളതാകുന്നു.
4. **ഇടയൻമാർ:** ഇടയന്മാർക്കുള്ള ശുശ്രൂഷയാണ് സഭയെ പരിപാലിക്കുക അഥവാ പാസ്റ്റർ ചെയ്യുക എന്നുള്ളത്. കർത്താവാണ് (പരിശുദ്ധാ ത്മാവ്) അവരെ നിയമിക്കുന്നത് (പ്രവൃ. 20:28). വിശ്വാസികളുടെ തെറ്റു തിരുത്തുക, പ്രബോധിപ്പിക്കുക, ശാസിക്കുക, ആശ്വസിപ്പിക്കുക മുതലായ കാര്യങ്ങൾ ഇടയൻ ചെയ്യുന്നു. വിശ്വാസികളുടെ ക്ഷേമം അവർ മുഖ്യമായും അന്വേഷിക്കുന്നു. മൂപ്പൻ, ഇടയൻ, പാസ്റ്റർ, അദ്ധ്യക്ഷൻ (ബിഷപ്പ്) ഇവയെല്ലാം ഒരേ ഔദ്യോഗിക സ്ഥാനമാണ്. മൂപ്പൻ സഭയെ ഭരിക്കുകയും നയിക്കുകയും ചെയ്യണം. ഭരണം, പരിപാലനം എന്നിവ കൃപാവരങ്ങൾ ആണ് (റോമ. 12:8). ഉന്മേഷത്തോടും കർത്തൃത്വം നട ത്താതെയും മാതൃകാജീവിതം നയിച്ചും ദുരാഗ്രഹം കൂടാതെയും സഭ യെ നയിക്കുവാൻ അവർക്ക് ഉത്തരവാദിത്വം ഉണ്ട്. കുടുംബത്തെ ദൈവഭക്തിയിൽ ഭരിക്കുന്നവർക്ക് മാത്രമേ സഭയെയും ഭരിക്കുവാൻ കഴിയൂ. ഇടയന്റെ യോഗ്യതകൾ നാം 1 തിമൊ. 3:1–7 ൽ കാണുന്നു. അപ്പൊസ്ത ലന്മാർ സഭയിൽ മൂപ്പന്മാരെ നിയമിച്ചു (പ്രവൃ. 14:23; ഫിലി. 1:1). സഭ യ്ക്ക് ഒരു പാസ്റ്റർ എന്ന പരിചയം കാലാന്തരത്തിൽ വന്നതാണ്. ദൈവവചനം പഠിപ്പിക്കുവാൻ കഴിവും ആഗ്രഹവുമുള്ളവരായിരിക്കണം അവർ. സ്ത്രീകൾ മൂപ്പന്മാരാകുവാൻ അനുവദിച്ചിരുന്നില്ല. സ്ത്രീകൾ പഠിപ്പിക്കുവാൻ കഴിവുള്ളവർ ആണെങ്കിലും സ്ത്രീപുരുഷന്മാർ ഉൾ ക്കൊള്ളുന്ന സഭയിൽ ഉപദേശിക്കാൻ അവർക്ക് അനുവാദം ഇല്ല (1 തിമൊ. 2:11,12).
5. **ഉപദേഷ്ടാക്കന്മാർ:** ഇടയന്മാർ ദൈവസഭയെ ഉപദേശിക്കുവാൻ നിയോഗം ലഭിച്ചവരാണ്. അതുകൊണ്ടായിരിക്കാം ഈ രണ്ടു കൃപാവരങ്ങളും ഒന്നിച്ച് ചേർത്തിരിക്കുന്നത്. ഉപദേഷ്ടാക്കന്മാർ എല്ലാം ഇടയന്മാരല്ല. എന്നാൽ ഇടയൻ ഉപദേശിക്കുവാൻ കഴിവുള്ളവൻ ആയിരിക്കണം. ഇന്നു സഭയിൽ സുവിശേഷകൻ, ഇടയൻ, ഉപദേഷ്ടാവ് എന്നീ കൃപാദാനങ്ങൾ ഉണ്ട്.

### കൃപാദാനങ്ങളുടെ ഉദ്ദേശം (4:12–16)

ദൈവമക്കളെ ആത്മിക ശുശ്രൂഷയ്ക്കു പ്രാപ്തിയുള്ളവർ ആക്കുവാനും അങ്ങനെ സഭ ആത്മീയവർദ്ധനവ് പ്രാപിക്കാനും ശുശ്രൂഷകന്മാരെ ദൈവം സഭയ്ക്കു നൽകിയിരിക്കുന്നു.

രണ്ടാമതായി വിശ്വാസത്തിലും ക്രിസ്തുവിനെ കുറിച്ചുള്ള പരിജ്ഞാ നത്തിലും സഭ ഐക്യം ഉള്ളവരാകണം. ആത്മാവിന്റെ ഐക്യം സമാധാന ബന്ധത്തിൽ നിലനിർത്തുവാൻ ശുശ്രൂഷകന്മാർ കടപ്പെട്ടവരാണ്, അഥവാ അവരുടെ ശുശ്രൂഷകൊണ്ട് സാധിക്കേണ്ടത് അതാണ്. സഭ ക്രിസ്തുവിന്റെ നിറവാണ്. ക്രിസ്തുവിന്റെ സമ്പൂർണ്ണത സഭ പ്രതിഫലിപ്പിക്കണം. അതിനു തലയായ ക്രിസ്തുവിനോളം നാം വളരണം. ആ ലക്ഷ്യം കൈവരുമ്പോൾ

മാത്രമേ സഭ തികഞ്ഞ പുരുഷത്വം പ്രാപിക്കുകയുള്ളൂ. കർത്താവ് വന്ന് സഭയെ തന്നോട് ചേർക്കുന്നതുവരെ അതു പൂർണ്ണമായി നിറവേറുകയില്ല. ഇതു സാധിക്കുന്നത് വരെ കൃപാവരങ്ങളുടെ ശുശ്രൂഷയും തുടരും.

മൂന്നാമതായി ഉപദേശത്തിൽ സ്ഥിരത ഉണ്ടാകുവാൻ ശുശ്രൂഷ സഭ യ്ക്ക് ആവശ്യമാകുന്നു. ഉപദേശത്തിൽ സ്ഥിരതയില്ലാതെ കഴിയുമ്പോൾ ദുരുപദേശത്തിന് അടിമപ്പെടാവുന്നതാണ്. ദുരുപദേശം തെറ്റായ ജീവിതത്തിലേക്കു നയിക്കും. സഭയിൽ ശുശ്രൂഷിക്കുന്നവർ സ്നേഹത്തിൽ സത്യം സംസാരിക്കുന്നവർ ആയിരിക്കണം. അപ്പോൾ നാം ക്രിസ്തു എന്ന തല യോളം വളരുന്നവർ ആകും. ദൈവമക്കൾ സഹകരിക്കുകയും സ്നേഹത്തിൽ അന്യോന്യം ശുശ്രൂഷിക്കുകയും ചെയ്യുമ്പോൾ സഭ വളരും. അതിൽ എല്ലാവർക്കും പങ്കുണ്ട്. ഒരവയവവും സഭയിൽ അധികപ്പറ്റല്ല.

## സഭ ആത്മീയമായി വളരുന്നുണ്ട് എന്ന് എങ്ങനെ അറിയാം

1. സഭ ക്രിസ്തുവിനെ പ്രതിഫലിപ്പിക്കുന്നു; ക്രിസ്തുസ്വഭാവമായ വിശുദ്ധി, സ്നേഹം, നീതി തുടങ്ങിയവ വെളിപ്പെടുത്തുന്നു.
2. പക്വത പ്രാപിക്കുന്നു. അതുകൊണ്ടുള്ള ആശയം തെറ്റ്, ശരി എന്നിവ വിവേചിക്കുവാൻ പ്രാപ്തി ഉള്ളവരാകുന്നു.
3. ഉപദേശത്തിൽ സ്ഥിരത ഉണ്ടാകുന്നു.
4. സാത്താന്റെ തന്ത്രങ്ങളെ ഒഴിയുവാനുള്ള കഴിവ്.
5. സ്നേഹത്തിൽ സത്യം സംസാരിക്കുന്നു.
6. ഓരോ വിശ്വാസിയും തന്റെ കൃപാവരങ്ങൾ സഭയുടെ വളർച്ചയ്ക്കുവേണ്ടി ഉപയോഗിക്കുന്നു. വളരാത്ത സഭ തളരും എന്നുള്ളതിനു സംശയം ഇല്ല.

## ദൈവമക്കളുടെ ജീവിതമാതൃക (4:17-32)

ദൈവമക്കൾ ആത്മിക ഐക്യം ഉള്ളവർ ആകണം (4:1-16). രണ്ടാമതായി നാം വിശുദ്ധജീവിതം നയിക്കുവാൻ വിളിക്കപ്പെട്ടവരാണ് (4:17-32). നാം സ്വർഗ്ഗീയ വിളി ലഭിച്ചവരാണ്. അതുകൊണ്ട് രക്ഷിക്കപ്പെടാത്തവരെപ്പോലെ ജീവിക്കുവാൻ ഇടയാകരുത്. അവർ ആത്മിക അന്ധതയിൽ കഴിയുന്നു. യിസ്രായേൽ ദൈവജനമായി തീർന്നപ്പോൾ ജാതികളുടെ പരിചയ ങ്ങൾ ഉപേക്ഷിക്കണം എന്നു നിർദ്ദേശിച്ചിരുന്നു. ജ്യോതിഷം, മന്ത്രവാദം, വാരഫലം നോക്കുക, രാഹുകാലം നോക്കുക മുതലായ പൈശാചിക പ്രവൃത്തികൾ നാം ഉപേക്ഷിക്കണം (ലേവ്യ 19:26-81, ആവ. 18:9-31). കാരണം നമ്മുടെ ദൈവം ജ്യോതിർഗോളങ്ങളെ സൃഷ്ടിച്ചവനാണ് (യെശ. 47:10-14). ജാതികൾ ഇതൊക്കെയും ഗോളങ്ങളുടെ ഗമനത്തെ ആസ്പദമായി ചെയ്യുന്ന നിഗമനങ്ങൾ മാത്രമാണ്. ഈ കൂട്ടരെ ബൈബിൾ വിളിച്ചിരിക്കുന്നത് അന്ധബുദ്ധികൾ, വ്യർത്ഥബുദ്ധികൾ എന്നാണ്. സത്യത്തെ അവഗണിക്കുന്നവർക്ക് ഹൃദയകാഠിന്യം സംഭവിക്കും. മനം തഴമ്പിച്ച് മനസ്സാക്ഷിയിൽ ദൈവിക പ്രവർത്തനങ്ങളുടെ സ്പർശനം അറിയാത്ത അവസ്ഥയിലേക്ക് അവർ മാറ്റപ്പെടും. ലജ്ജയായതിൽ അഭിമാനം കൊള്ളുന്ന ഇവർ ദൈവമില്ലാത്തവരും, ആത്മിക അന്ധരും, മലിനഹൃദയമുള്ളവരും, ഭോഗാസക്തരും, അത്യാഗ്രഹികളും ആകുന്നു.

## പുതിയ മനുഷ്യന്റെ സ്വഭാവം (4:20-24)

ദൈവമക്കൾ പുതിയ സൃഷ്ടിയാണ് (2 കൊരി. 5:17). ക്രിസ്തീയ സ്വഭാവം ഈ ലോകത്ത് പ്രദർശിപ്പിക്കുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.അങ്ങനെയുള്ളവരുടെ സമൂഹമാണ് സഭ. രക്ഷിക്കപ്പെട്ടവർ ക്രിസ്തുവിന്റെ ഉപദേശം ലഭിച്ചവരാണ്. യേശുക്രിസ്തു സത്യദൈവവും സത്യം വെളിപ്പെടുത്തിയവനും ആകുന്നു. അവൻ സത്യത്തിന്റെ പൂർണ്ണതയും സ്വരൂപവും ആകുന്നു (യോഹ. 14:6, 1:14). ആ ക്രിസ്തുവിനെ അറിയുന്നതാണ് വിശുദ്ധി യുടെയും ഭക്തിയുടെയും രഹസ്യം (യോഹ. 17:3). ക്രിസ്തുവിനുള്ളവർ പഴയ മനുഷ്യനെ ഉരിഞ്ഞുകളയണം. രക്ഷിക്കപ്പെടുന്നതിനു മുമ്പുള്ള മനുഷ്യനാണ് പഴയ മനുഷ്യൻ. അതു നിത്യശിക്ഷാവിധിക്ക് യോഗ്യനായ ആദാമ്യസന്തതിയെ സൂചിപ്പിക്കുന്നു. വിശ്വാസികൾ ഉപേക്ഷിക്കേണ്ട കാര്യങ്ങളുടെ ലിസ്റ്റ് ഇവിടെ കാണാം.

### 1. ഭോഷ്ക്ക് ഉപേക്ഷിക്കണം

വ്യാജം പറയുന്നത് മാത്രമല്ല അതിന്റെ എല്ലാ വഞ്ചനയും ഉപേക്ഷിക്കണം. അവിശ്വസ്തത, അതിശയോക്തി, മുഖസ്തുതി ആദിയായവ ഭോഷ്ക്കിൽ ഉൾപ്പെടും. ഇതെല്ലാം സാത്താന്റെ സ്വഭാവമാണ് (യോഹ. 8:44). സാത്താൻ ദൈവമക്കളെ കുറിച്ച് ദൂഷണം പറയുന്നു (വെളി. 12:10). അവയവങ്ങൾ തമ്മിൽ ഭോഷ്ക്ക് സംസാരിക്കുന്നത് ശരീരത്തിന് ഹാനികരമാണ്. ഇതിൽ നാം അന്യോന്യം കരുതൽ ഉള്ളവരാകുന്നത് സഭയ്ക്ക് അനുഗ്രഹമാണ്.

### 2. കോപിക്കരുത്

കോപിച്ചാൽ പാപം ചെയ്യരുത് (സങ്കീ. 4:4). വ്യക്തിവിദ്വേഷത്തിന്റെ പേരിലുള്ള കോപം പാപം ചെയ്യാൻ പ്രേരിപ്പിക്കും. വികാരം വിവേകത്തെ അടിമപ്പെടുത്തുന്നതാണ് മുൻകോപം. പ്രതികാരചിന്തയും നിഗളവും അസൂയയും അമർഷവും കോപത്തിന് കളമൊരുക്കും. ദൈവമക്കൾ നീതിക്കും സത്യത്തിനും വേണ്ടി നിലനിൽക്കുന്നവരും തിന്മയ്ക്ക് എതിരുനിൽക്കുന്നവരും ആകണം. ഈ അർത്ഥത്തിലാണ് യേശു കോപിച്ചത് (മർക്കൊ. 3:5; യോഹ.

2:13-17). എന്നാൽ കോപം പാപത്തിലേക്ക് അവനെ നയിച്ചില്ല (1 യോഹ. 3:5). നീതിയായ കോപം പോലും വെച്ചുപുലർത്തുന്നത് അപകട കരമാണ്. ഒരു പകൽ മുഴുവൻ പോലും കോപത്തിന്റെ മനോഭാവം വെച്ചു പുലർത്തരുത് (മത്താ. 5:22). കോപം ഉപേക്ഷിക്കുന്നവർക്ക് മാത്രമേ ദൈവത്തോടും മനുഷ്യരോടും കൂട്ടായ്മയുള്ളവരാകുവാൻ കഴിയൂ. അല്ലാത്തവർ ഉറങ്ങാതെ അവരുടെ കിടക്കമേൽ അന്ധകാരപ്രഭുവിന് ഇടംകൊടുക്കുന്നവർ ആകും. അത് അപകടകരമാണ്. പിശാചിന് അഥവാ കോപത്തിന് അൽപം ഇടംകൊടുത്താൽ അവൻ അവിടെ മുഴുവൻ സ്വാതന്ത്ര്യവും ആധിപത്യവും സ്ഥാപിക്കും. വ്യക്തിപരമായും സഭയായും നാം സാത്താനോട് എതിർത്തുനിൽക്കുന്നവർ ആകണം. പരദൂഷണം പൈശാചികവും ദോഷഫലങ്ങൾ ഉളവാക്കുന്നതും ആണ്.

**3. മോഷ്ടിക്കരുത്**

എഫെസ്യർ രക്ഷിക്കപ്പെടുന്നതിന് മുൻപു മോഷ്ടിച്ചിരുന്നു എന്ന ആശയമല്ല ഇവിടെ കാണുന്നത്. അന്നു വിശ്വാസികളിൽ നല്ല പങ്കും അടിമകളായിരുന്നു. ജീവിതസന്ധാരണത്തിനു ചിലപ്പോൾ മോഷ്ടിച്ചിരുന്നിരിക്കാം. എന്നാൽ അവർ മോഷ്ടിക്കരുതെന്നു മാത്രമല്ല അധ്വാനിക്കുന്നവരും ഇല്ലാത്തവർക്ക് പങ്കുവയ്ക്കുന്നവരും ആകണം എന്ന് ഉപദേശിക്കുന്നു. പൗലൊസ് അതിനു മാതൃകയായിരുന്നു (പ്രവൃ. 20:34). മറ്റുള്ളവരെ ദ്രോഹിക്കരുതെന്ന് ജാതികൾ പഠിപ്പിക്കുന്നുണ്ട്. എന്റേതെല്ലാം എനിക്ക് എന്ന പ്രമാണം അവർ വിശ്വസിക്കുന്നു. ക്രിസ്തുമാർഗ്ഗം അധ്വാനിച്ചു മറ്റുള്ളവരെ സഹായിക്കണം എന്നു പഠിപ്പിക്കുന്നു. ദരിദ്രരെയും വിധവമാരെയും സഹായിക്കാൻ സഭ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ക്രിസ്തു പറഞ്ഞു: 'വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതു നന്ന്.'

**4. കൃപയോടെ സംസാരിക്കുക**

ആകാത്തതൊന്നും സംസാരിക്കരുത്. നമ്മുടെ വാക്കുകൾ കൃപയുള്ളതും ആത്മിക വർദ്ധനവുളവാക്കുന്നതും ആയിരിക്കണം. വാക്കുകൾക്ക് ശക്തിയുണ്ട്. മറ്റുള്ളവരെ ദ്രോഹിക്കുന്ന വാക്കുകൾ നാം ഒഴിവാക്കണം. ഏതു നിസ്സാരവാക്കിനും ന്യായവിധിയുണ്ട് (മത്താ. 12:36). സന്ദർഭോചിതമായ വാക്കുകൾ വെള്ളിത്താലത്തിൽ പൊൻനാരങ്ങാപോലെയാണ് (സദൃ. 25:11). ദൈവമക്കളെക്കുറിച്ചു ദോഷമായി പറയുന്ന ഭവനങ്ങൾ അനുഗ്രഹിക്കപ്പെടുകയില്ല.

**5. പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്**

നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുന്നത് പരിശുദ്ധാത്മാവാണ്. ദൈവമക്കൾ പരിശുദ്ധാത്മാവിനാൽ മുദ്രയിടപ്പെട്ടവരാണ്. അതു നമ്മുടെ രക്ഷ യുടെ ഭദ്രതയെ ചൂണ്ടിക്കാണിക്കുന്നു. പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുന്നു. നമ്മുടെ ശരീരവും അവൻ വീണ്ടെടുക്കും. അവന്റെ പ്രധാന ശുശ്രൂഷ നമ്മിൽക്കൂടി ക്രിസ്തുവിനെ മഹത്വപ്പെടുത്തുകയും നമ്മെ ക്രിസ്തുവിനോട് സമന്മാരാക്കുകയും ചെയ്യുന്നതാണ് (2 കൊരി. 3:18). നമ്മുടെ വാക്കുകളും പ്രവൃത്തികളും പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നതായിരിക്കരുത്.

## നാം വിട്ടൊഴിയേണ്ട അഞ്ച് കാര്യങ്ങൾ

1. കൈപ്പ്; ക്ഷമിക്കാൻ ഇഷ്ടമില്ലാത്ത മനോഭാവം, പ്രതികാരചിന്ത.
2. കോപവും ക്രോധവും; വ്യക്തിതാൽപര്യം മുൻനിർത്തി കോപിക്കുന്നത്.
3. കൂറ്റാരം; കോപത്തോടുകൂടിയ ശകാരവും ഭീഷണിയും.
4. ദൂഷണം; ദൈവത്തിന് എതിരായി പറയുന്നത്. ഇവർ ദൈവമക്കളെപ്പറ്റി ശകാരവാക്കുകൾ പറഞ്ഞ് അവരെ അപഹസിക്കുന്നു (കൊലൊ. 3:8).
5. സകല ദുർഗുണം; വാക്കിനാലോ പ്രവൃത്തിയാലോ മറ്റുള്ളവരെ ഹനിക്കുന്നത്. വിശ്വാസികൾ ഇവ ഒഴിഞ്ഞിരിക്കണം.

## വിശ്വാസികൾക്കുണ്ടായിരിക്കേണ്ട ഗുണങ്ങൾ (4:32)

1. ദയ; മറ്റുള്ളവരുടെ ക്ഷേമത്തിനുള്ള നിസ്വാർത്ഥ താല്പര്യം, ഏതു ത്യാഗം സഹിച്ചും മറ്റുള്ളവരെ സഹായിക്കാനുള്ള താല്പര്യം എന്നീ ആശയങ്ങളാണ് ഇതിനുള്ളത്.
2. മനസ്സലിവ്; അനുഭാവപൂർവ്വം മറ്റുള്ളവരുടെ ക്ഷേമം അന്വേഷിക്കുകയും അവരുടെ ഭാരം ചുമക്കുന്നതിനുമുള്ള സന്മനസ്സ്.
3. ക്ഷമിക്കുക; നമ്മോട് ചെയ്യുന്ന തെറ്റുകളെ പ്രതികാരേച്ഛ കൂടാതെ ക്ഷമിക്കുക. ക്ഷമ സൗജന്യവും പൂർണ്ണവും ഉദാരവുമായിരിക്കണം. ഇതിന്റെ മാതൃക നാം ക്രൂശിൽ കാണുന്നു. ദൈവം ക്രിസ്തുവിൽ നമ്മുടെ പാപങ്ങൾ ക്ഷമിച്ചതു മറ്റുള്ളവരോട് ക്ഷമിക്കുന്നതിനുള്ള മാതൃകയും പ്രേരകശക്തിയുമായിരിക്കണം. നാം അന്യോന്യം ക്ഷമിക്കുവാൻ കടപ്പെട്ടവരത്രെ.

## അദ്ധ്യായം 5

ഈ അദ്ധ്യായത്തിൽ സഭയെ ഒരു മണവാട്ടിയോടു തുലനപ്പെടുത്തിയിരിക്കുന്നു. ക്രിസ്തു നമ്മുടെ ആത്മമണവാളനാണ്. ദൈവമക്കൾ ക്രിസ്തുവിനുവേണ്ടി വേർതിരിക്കപ്പെട്ട ഒരു ജീവിതം നയിക്കുന്നവർ ആകണം (5:1-13). അവനെ സേവിക്കുന്നതു നമ്മുടെ ജീവിത ലക്ഷ്യമാകണം (5:14-16). നാം ദൈവഹിതം ഗ്രഹിക്കുവാൻ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ട ജീവിതം നയിക്കണം (5:18-20). നാം കർത്താവിനു കീഴടങ്ങുന്നവർ ആകണം (5:21-24).

നാം ക്രിസ്തുവിന്റെ നിസ്തുല്യസ്നേഹത്തെ അംഗീകരിക്കുന്നവരും ഭാര്യമാരെ സ്നേഹിക്കുന്നവരും ആകണം (5:25-32) എന്നു പ്രബോധിപ്പിക്കുന്നു.

### 1. നാം ദൈവത്തെ അനുകരിക്കണം

ദൈവം നമ്മുടെ പിതാവാണ്. അന്യോന്യം ക്ഷമിക്കുന്നതിലൂടെയാണ് നാം അവനെ അനുകരിക്കുന്നത്. നമുക്ക് ദൈവമക്കൾ ആകുവാൻ പദവി ലഭിച്ചു. ക്രിസ്തു പിതാവിനെ വെളിപ്പെടുത്തി (യോഹ. 1:18). നാം അവന്റെ പ്രിയമക്കൾ ആകുന്നു. പിതാവിന്റെ വാത്സല്യം നാം അനുഭവിക്കുന്നു. ദൈവം തന്റെ സ്നേഹം നമ്മുടെ ഹൃദയത്തിൽ പകർന്നു (റോമർ 5:5). നാം നമ്മുടെ സ്വർഗ്ഗീയ പിതാവിന്റെ സ്വഭാവത്തെ പ്രതിഫലിപ്പിക്കുന്നവർ ആകണം. നാം സ്നേഹിക്കുന്നവരാകണം. ക്രിസ്തു സ്നേഹത്തിന്റെ പ്രതീകം ആകുന്നു. അയോഗ്യരായ മനുഷ്യവർഗ്ഗത്തെ അവൻ അളവുകൂടാതെ സ്നേഹിച്ചു. നമുക്കുവേണ്ടി സ്വന്തജീവനെ തന്ന് നമ്മെ വീണ്ടെടുത്തു. ക്രിസ്തുവിന്റെ ക്രൂശുമരണം ദൈവത്തിനു പ്രസാദകരമായ വഴിപാടും യാഗവുമായിരുന്നു. അതുകൊണ്ട് ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കു പാപക്ഷമ ലഭിക്കുന്നു. സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ മറയ്ക്കുന്നു (1 പത്രൊ. 4:8). ക്രിസ്തുവിന്റെ സ്നേഹത്തെ രുചിച്ചറിഞ്ഞവർക്കു മാത്രമേ യഥാർത്ഥമായി ക്ഷമിക്കുവാൻ കഴിയൂ. ക്രിസ്തുവിന്റെ സ്നേഹത്തെ നാം അനുകരിക്കുന്നവർ ആകണം. സ്നേഹിക്കുന്നതു പരിശുദ്ധാത്മാവിന്റെ നിറവിന്റെ അടയാളം ആകുന്നു (ഗലാ. 5:22). സ്നേഹിക്കുന്നതു ന്യായപ്രമാണത്തിന്റെ നിവൃത്തിയാകുന്നു (റോമർ 13:8). നാം അന്യോന്യം സ്നേഹിക്കുന്നവർ ആകുമ്പോൾ ക്രിസ്തുവിന്റെ സാക്ഷികൾ എന്ന് അറിയപ്പെടും.

### 2. നാം വിശുദ്ധജീവിതം നയിക്കുന്നവർ ആകണം (5:3-7)

ദൈവമക്കൾ ജാതികളെപ്പോലെ ജീവിക്കരുത്. അവർ ദുർന്നടപ്പ്, അശുദ്ധി, അത്യാഗ്രഹം, ചീത്തത്തരം, പൊട്ടച്ചൊൽ, കളിവാക്ക് എന്നിവയിൽ രസിക്കുന്നവർ ആണ്. ഇവ ദൈവമക്കൾക്കുചിതമല്ല. നാം പാപാന്ധ കാരത്തിൽനിന്നും ക്രിസ്തുവിന്റെ അത്ഭുതപ്രകാശത്തിലേക്കു വന്നവരാണ്. നാം ദൈവമക്കൾ ആകുന്നു. നമ്മുടെ പിതാവു വെളിച്ചം ആകുന്നു (1 യോഹ. 1:5). നാം വെളിച്ചത്തിന്റെ മക്കളായി ജീവിക്കുവാൻ കടപ്പെട്ടവർ ആകുന്നു. അശുദ്ധജീവിതം നയിക്കുന്നവർ രക്ഷയുടെ അനുഭവമുള്ളവരല്ല. ആടു ചെളിയിൽ വീണാലും കുടഞ്ഞെഴുന്നേൽക്കും. പന്നി ചെളി ഇഷ്ടപ്പെടുന്നു. ദൈവമക്കൾ പാപത്തിൽ വീണാലും അതിൽ രസിച്ചു ജീവിക്കുകയില്ല. അവർ അനുതപിച്ച് പിതാവിന്റെ സ്നേഹത്തിലേക്കു മടങ്ങിവരും. പാപി ദൈവരാജ്യം അവകാശമാക്കില്ല. പാപപരിചയങ്ങളെ ന്യായീകരിക്കുന്നവർ ദൈവിക ശിക്ഷയ്ക്കു യോഗ്യരാകും. സാത്താൻ ഹവ്വയെ വാക്കുകളാൽ ചതിച്ചു. നാം പാപത്തിന്റെ ചതിയിൽ വീഴാതിരിക്കുവാൻ വെളിച്ചത്തിന്റെ മക്കളായി ജീവിക്കണം. രക്ഷിക്കപ്പെടുന്നതിനു മുൻപ് നാം ഇരുളായിരുന്നു. ഇപ്പോൾ നാം വെളിച്ചമായിരിക്കുന്നു. നാം ക്രിസ്തുവിനെ പ്രതിഫലിപ്പിക്കുന്നവർ ആകുന്നതു കർത്താവിനു പ്രസാദമുള്ള പ്രവൃത്തിയാകുന്നു. അതുകൊണ്ട് തിന്മയെ വെറുത്ത് നന്മ ചെയ്യുന്നവരാകുവാൻ നമുക്ക് ഉത്തരവാദിത്വം ഉണ്ട്. ഇരുട്ട് പാപത്തെയും തിന്മയെയും കാണിക്കുന്നു. ഇരുട്ടിന്റെ പ്രവൃത്തികൾ നിഷ്ഫലപ്രവൃത്തികൾ ആണ്. അതിനെ ശാസിക്കണം. അതിന്റെ പ്രവൃത്തികൾ ലജ്ജാവഹമാണ്. വെളിച്ചത്തിന് മാത്രമേ ഇരുട്ടിനെ നീക്കുവാൻ കഴിയൂ. ദൈവമക്കൾ വിശുദ്ധജീവിതം നയിക്കുമ്പോൾ മറ്റുള്ളവർ കർത്താവിന്റെ വെളിച്ചം കാണും. നാം ദയയോടുകൂടി ഇടപെടുകയും, നീതിപൂർവ്വം പ്രവർത്തിക്കുകയും, സത്യസന്ധമായി പെരുമാറുകയും ചെയ്യുമ്പോൾ വെളിച്ചത്തിന്റെ സാക്ഷികൾ ആകും. സുവിശേഷം സത്യവെളിച്ചം പകരുന്നു. അതു കേൾക്കുകയും വിശ്വസിക്കുകയും ചെയ്യുമ്പോൾ പാപമയക്കത്തിൽ കഴിയുന്നവർ ഉണർന്നു വിശുദ്ധജീവിതം നയിക്കുവാൻ പ്രാപ്തിയുള്ളവർ ആകും. അവർ ക്രിസ്തുവിനെ പ്രതിഫലിപ്പിക്കുന്നവരാകും. നന്ദിയുടെ വാക്കുകളായ സ്തോത്രം അവരിൽനിന്നും ഉയരും.

### 3. നാം ബുദ്ധിപൂർവ്വമായി ജീവിക്കണം (5:15-17)

ക്രിസ്തീയ ജീവിതം ശ്രദ്ധയോടുകൂടെ നയിക്കേണ്ടതാകുന്നു. അശ്രദ്ധ അനേകരുടെ ആത്മിക തകർച്ചയ്ക്കു കാരണമായിട്ടുണ്ട്. നാം ജ്ഞാനികളായി നടക്കുന്നവർ ആകണം. ജ്ഞാനി എന്ന് ബൈബിളിൽ പറയുന്നത് പണ്ഡിതൻ എന്ന അർത്ഥത്തിലല്ല. ആത്മികവും സാന്മാർഗ്ഗികവുമായ സത്യങ്ങൾ അറിഞ്ഞ് ദൈവഭക്തിയിൽ ജീവിക്കുന്നവനാണ് ജ്ഞാനി. ദൈവഹിതം അനുസരിക്കാത്തവർ ഭോഷന്മാരാകുന്നു (മത്താ. 7:24-28). നാം ജീവിക്കു ന്നതു പാപവും ദുഷ്ടതയും നിറഞ്ഞ ഒരു കാലത്താണ്. അന്ത്യകാല ലക്ഷണ ങ്ങൾ എവിടെയും കാണാം (2 തിമൊ. 3:1-5). മാത്രമല്ല മനുഷ്യായുസ്സ് ചുരുക്കവുമാണ് (1 കൊരി. 7:29, സങ്കീ. 90:10-12). അതുകൊണ്ട് നമുക്ക് ലഭിക്കുന്ന സമയവും അവസരങ്ങളും ഫലപ്രദമായി ഉപയോഗിക്കണം. നഷ്ടപ്പെടുത്തുന്ന സമയം തിരിച്ചെടുക്കാവുന്നതല്ല. അവസരങ്ങൾ പാഴാക്കുന്നത് ഭോഷത്തമാണ് (കൊലൊ. 4:5). സമയത്തിന്റെ വില മനസ്സിലാക്കി കർത്താവിനെ സേവിക്കുന്നവരാകുവാൻ നമുക്ക് ഇടയാകട്ടെ. ദൈവമക്കൾ വീണ്ടു വിചാരമില്ലാത്ത ജീവിതം നയിക്കരുത്. ദൈവഹിതം അനുസരിക്കുമ്പോൾ മാത്രമേ ക്രിസ്തീയ ജീവിതം വിജയിക്കുകയുള്ളൂ. ദൈവവചനം പഠിക്കുന്ന വർക്കു മാത്രമേ ദൈവഹിതം ഗ്രഹിക്കുവാൻ സാധിക്കുകയുള്ളൂ. വചന വിരുദ്ധമായ മാനുഷിക അഭിപ്രായങ്ങളിൽ ദൈവം പ്രസാദിക്കുന്നില്ല. നാം ദൈവഹിതം ചെയ്യുന്നവർ ആകണം (ലൂക്കൊ. 22:42). ദൈവഹിതം നന്മയും പ്രസാദവും പൂർണ്ണതയും ഉള്ളതാണ്. അത് അനുസരിക്കുമ്പോൾ ദൈവനാമം മഹത്വപ്പെടുകയും നാം അനുഗ്രഹിക്കപ്പെടുകയും ചെയ്യും.

**ചില ദൈവഹിതങ്ങൾ**

1. ദൈവം അയച്ചവനിൽ വിശ്വസിക്കണം (യോഹ. 6:28,29)
2. ദൈവത്തെ ആരാധിക്കണം (റോമ. 12:1,2)
3. വിശുദ്ധജീവിതം നയിക്കണം (1 തെസ്സ. 4:3)
4. എല്ലാറ്റിനും സ്തോത്രം ചെയ്യണം (1 തെസ്സ. 5:18)
5. സകല മനുഷ്യരും രക്ഷ പ്രാപിക്കണം (1 തിമൊ. 2:4)

ദൈവത്തിനു നമ്മെ കുറിച്ചു ശ്രേഷ്ഠമായ ഉദ്ദേശങ്ങൾ ഉണ്ട്. അവൻ നമ്മെ രക്ഷിച്ചു. നാം സൽപ്രവൃത്തികളിൽ വർദ്ധിച്ചുവരണം എന്നും ദൈവം ആഗ്രഹിക്കുന്നു (എഫെ. 2:10). നമ്മെ കുറിച്ചുള്ള ദൈവഹിതം അറിയുവാൻ നാം പ്രാർത്ഥനയോടുകൂടെ വചനം ധ്യാനിക്കുന്നവർ ആകണം (കൊലൊ. 1:9,10). ദൈവാത്മാവു വചനത്തിൽക്കൂടി ദൈവഹിതം വെളിപ്പെടുത്തുന്നു. നമ്മുടെ സാഹചര്യങ്ങളെ നിയന്ത്രിച്ചു തിരുഹിതം വെളിപ്പെടുത്തുവാനും ദൈവത്തിനു ശക്തിയുണ്ട് (റോമർ 8:28). ദൈവഹിതം അറിയുകയും അനുസരിക്കുകയും ചെയ്യുമ്പോൾ ജീവിതം അനുഗ്രഹിക്കപ്പെടും. എങ്ങനെ അനുസരിക്കുന്നു എന്നുള്ളതും പ്രാധാന്യം ഉള്ളതാണ്. കർത്താവിനോടുള്ള ഭക്തിയും സ്നേഹവും അവനെ അനുസരിക്കുവാൻ നമ്മെ നിർബന്ധിക്കട്ടെ.

## 4. നാം പരിശുദ്ധാത്മനിറവിൽ ജീവിക്കണം (5:18-33)

ഇതൊരു കല്പനയാണ്. കുടുംബജീവിതത്തിലും സഭാജീവിതത്തിലും ഐക്യം ഉണ്ടാകുവാൻ ആത്മാവിന്റെ നിറവ് അഥവാ നിയന്ത്രണം ആവശ്യ മാകുന്നു. വീഞ്ഞു കുടിച്ചു മത്തരാകുന്നവർ വീഞ്ഞിന്റെ ലഹരിക്ക് അടിമപ്പെടുന്നു. അത് ദുർന്നടപ്പിലേക്കു നയിക്കും. ആത്മാവിൽ നിറയുമ്പോൾ നാം ദൈവത്തെ സ്തുതിക്കുന്നവരും, ആത്മീയ ഗീതങ്ങൾ പാടുന്നവരും, ദൈവത്തിന് സ്തോത്രം ചെയ്യുന്നവരും, ദൈവഭയത്തിൽ അന്യോന്യം കീഴ്പ്പെട്ട് ജീവിക്കുന്നവരും ആകും. രക്ഷിക്കപ്പെടാത്തവർക്ക് പരിശുദ്ധാത്മാവ് ഇല്ല (റോമർ 8:9). രക്ഷിക്കപ്പെട്ടവരായ ജഡികർ സ്വന്തശക്തിയിലും ഹിതപ്രകാ രവും ജീവിക്കുന്നു. ആത്മികർ ആത്മഫലങ്ങൾ നിറഞ്ഞ ജീവിതം നയിക്കുന്നു.

എന്താണ് പരിശുദ്ധാത്മനിറവ്? പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിലാകുന്നതാണ് ആത്മനിറവ്. അതല്ലാതെ ആത്മാവിനെ കൂടുതൽ ലഭിക്കുന്നതല്ല, പ്രത്യുത പരിശുദ്ധാത്മാവിന് നമ്മെ കൂടുതൽ കിട്ടുന്നതാണ്. ആത്മാവിൽ നിറഞ്ഞുകൊണ്ടിരിക്കണം എന്നാണ് കല്പന. എല്ലാ വിശ്വാസികൾക്കുമുള്ള കല്പനയാണിത്. രക്ഷിക്കപ്പെടുമ്പോൾ പരിശുദ്ധാത്മാവിന്റെ അധിവാസം നമ്മിൽ ഉണ്ടാകുന്നു. നാം ആത്മസ്നാനത്താൽ ക്രിസ്തുശരീരത്തിന്റെ ഭാഗമാകുന്നു. ആത്മീയ സത്യങ്ങൾ ഉപദേശിച്ചുതരുവാൻ പരിശുദ്ധാത്മാവു നമ്മെ സഹായിക്കുന്നു. ഇതാണ് ആത്മാഭിഷേകംകൊണ്ടുള്ള ആശയം. രക്ഷിക്കപ്പെട്ടവർ എല്ലാം പരിശുദ്ധാത്മാവിന്റെ മുദ്രയും അച്ചാരവും ലഭിച്ചവരാണ്. നമ്മുടെ രക്ഷയുടെ ഭദ്രതയെ ഇത് കാണിക്കുന്നു. ഇവയെല്ലാം രക്ഷിക്കപ്പെടുമ്പോൾ ഒരു വ്യക്തിയിൽ സംഭവിക്കുന്നവയാണ് (യോഹ. 14:16, 1 കൊരി. 12:13, 1 യോഹ. 2:27, എഫെ. 1:13,14). എന്നാൽ പരിശുദ്ധാത്മനിറവ് വ്യത്യസ്തമാണ്. അത് ഒരിക്കൽ എന്നേക്കുമായി നടക്കുന്ന കാര്യമല്ല. പ്രത്യുത അത് തുടർന്നുകൊണ്ടേയിരിക്കണം. ആത്മസ്നാനം ഏൽ ക്കണം എന്നോ ആത്മാഭിഷേകം പ്രാപിക്കണം എന്നോ കല്പനയില്ല. എന്നാൽ ആത്മാവിൽ നിറയുക എന്നുള്ളത് വിശ്വാസിയുടെ ഉത്തരവാദിത്വവും അവകാശവുമാണ്. പരിശുദ്ധാത്മ നിറവിനായി നാം ആഗ്രഹിക്കുകയും ജീവിതം സമർപ്പിക്കുകയും ചെയ്യണം. അപ്പോൾ വചനത്തിൽക്കൂടി പരിശുദ്ധാത്മാവ് നമ്മുടെ മനസ്സിനെയും വികാരത്തെയും തീരുമാനശക്തിയെയും നിയന്ത്രിക്കുന്നു. അപ്പോൾ നാം ക്രിസ്തുവിനെ പ്രതിഫലിപ്പിക്കുന്നവർ ആകും. ക്രിസ്തുവിന്റെ സാക്ഷികൾ ആകുവാൻ ആത്മനിറവിന്റെ ആവശ്യം ഉണ്ട്. അതു സ്വന്തശക്തിയിൽ ചെയ്യാവുന്നതല്ല (പ്രവൃ. 4:8,31).

ആത്മനിറവിനുള്ള തടസ്സങ്ങൾ പലതാണ്. ദൈവവചനം അനുസരിക്കാ തിരിക്കുക, പരിശുദ്ധാത്മാവിനോട് മറുത്തുനില്ക്കുക (പ്രവൃ. 7:51,52), ജഡാഭിലാഷം (ഗലാ. 5:17), പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്ന വിധം സംഭാഷണത്തിലും പ്രവൃത്തിയിലും ജീവിക്കുക (എഫെ. 4:30), പരിശുദ്ധാത്മാവിനെ കെടുത്തുന്ന വിധം പ്രയോജനശൂന്യമായ ജീവിതം നയിക്കുക മുതലായ കാര്യങ്ങൾ പരിശുദ്ധാത്മനിറവിനുള്ള തടസ്സങ്ങൾ ആണ്.

നാം ആത്മനിറവിന്റെ ആവശ്യത്തെ കുറിച്ചു ബോധവാന്മാരായി അതിനായി ആഗ്രഹിക്കുകയും അപേക്ഷിക്കുകയും ചെയ്യുന്നവർ ആകണം (ലൂക്കൊ. 11:11-13). നമുക്ക് പാപങ്ങൾ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കാം (സങ്കീ. 66:18, 1 യോഹ. 1:7-9). കർത്താവിനായി നമ്മെ സമർപ്പിക്കാം (റോമർ 6:13,19).

എങ്ങനെ ആത്മനിറവിന്റെ അനുഭവക്കാരായി ജീവിക്കാം? അതിനു കർത്താവിനെ കുറിച്ചുള്ള ചിന്തകളാൽ ഹൃദയം നിറഞ്ഞ് സന്തോഷിച്ചും സ്തുതിയുടെ ഗീതങ്ങൾ പാടിയും ആത്മിക കാര്യങ്ങൾ അന്യോന്യം പറഞ്ഞും നാം സന്തോഷിക്കുന്നവർ ആകണം (എഫെ. 5:18,19). നമ്മുടെ സംഭാഷണം നമ്മുടെ ആത്മിക സ്ഥിതി വെളിപ്പെടുത്തും. ഹൃദയം നിറഞ്ഞ് കവിയുന്നത് വായ് പ്രസ്താവിക്കുന്നു. ദൈവമക്കൾ പ്രതികൂല സാഹചര്യങ്ങളിലും സന്തോഷിക്കുന്നവർ ആകണം. അവർ കർത്താവിനുള്ളവരാണ്. കർത്താവിന്റെ നിയന്ത്രണം അവർക്കു വാഗ്ദത്തം ചെയ്തിരിക്കുന്നു. സകലവും നന്മയാക്കിത്തീർക്കുവാൻ കർത്താവ് മതിയായവൻ എന്ന് അവർ വിശ്വസിക്കുന്നു. ദൈവം ക്രിസ്തുവിൽക്കൂടി വെളിപ്പെടുത്തിയിട്ടുള്ള ദൈവസ്നേഹത്തിൽനിന്നും അവരെ വേർപ്പെടുത്തുവാൻ ഒരു ശക്തിക്കും കഴിയുന്നതല്ല എന്ന ഉറപ്പ് അവർക്കുണ്ട് (റോമർ 8:35-39). ദൈവവചനം നമ്മിൽ വസിക്കുമ്പോൾ മാത്രമേ ഈ അറിവും തൽഫലമായി ആത്മനിറവിന്റെ അടയാളമായ ആത്മിക സന്തോഷവും നമ്മിൽ ഉളവാകയുള്ളൂ

(കൊലൊ. 3:16).

രണ്ടാമതായി നാം ക്രിസ്തുവിന്റെ നാമത്തിൽ പിതാവായ ദൈവത്തിന് എല്ലാറ്റിനും വേണ്ടി സ്തോത്രം ചെയ്യുന്നവർ ആകണം. കർത്താവിനെ കുറിച്ചുള്ള അറിവ് അതിന് ആവശ്യമാണ്. ദൈവത്തിന്റെ സകല അനുഗ്രഹങ്ങളും ക്രിസ്തുവിന്റെ നാമത്തിലാണ് നമുക്ക് ലഭിച്ചിരിക്കുന്നത് (എഫെ. 1:3). നാം കുടുംബത്തിലും സഭയിലും മറ്റുള്ളവർക്കുവേണ്ടി സ്തോത്രം ചെയ്യുന്നവരാണോ? അപ്പോൾ നാം സന്തോഷവും ഐകമത്യവും ഉള്ളവർ ആകും. നന്ദിയില്ലാത്ത ജീവിതം നരകതുല്യമാണ്. നന്ദിയും സ്തോത്രവും താഴ്മയുള്ള ഹൃദയത്തിൽനിന്നു മാത്രമേ ഉയരുകയുള്ളൂ. മറിയയുടെ നന്ദിയുള്ള ഹൃദയം കർത്താവിനെ ആരാധിക്കുവാൻ അവളെ നിർബന്ധിച്ചു. തൽഫലമായി ഭവനം സൗരഭ്യംകൊണ്ട് നിറഞ്ഞു (യോഹ. 12:1-3). പൗലൊസ് കാരാഗൃഹത്തിലും ദൈവത്തിനു സ്തോത്രം ചെയ്യുന്നവനായിരുന്നു (ഫിലി. 1:3). എല്ലാറ്റിനുവേണ്ടിയും സ്തോത്രം ചെയ്യുവാൻ ദൈവം നമ്മെ കുറിച്ച് ആഗ്രഹിക്കുന്നു (1 തെസ്സ. 5:18).

മൂന്നാമതായി ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പ്പെടുന്നവർ ആകണം. ആത്മനിറവിന്റെ ലക്ഷണമാണ് വിനയം. ക്രിസ്തു രക്ഷിതാവും കർത്താവുമാണ്. അവനോട് നാം സ്നേഹവും ബഹുമാനവും കാണിക്കണം. ബഹുമാനപുരസ്സരമായ ഭയത്തോടുള്ള കീഴ്പ്പെടലാണ് ഇത്. നാം അവനെ അനുസരിക്കുന്നവർ ആകണം. നാം അന്യോന്യം കീഴ്പ്പെടുന്നതു ക്രിസ്തുവിനോടുള്ള ബന്ധത്തിലും ക്രിസ്തുവിന് വേണ്ടിയുമാണ് (1 കൊരി. 12:21). തെറ്റുകൾ ചൂണ്ടിക്കാണിക്കുമ്പോൾ അത് തിരുത്തപ്പെടാൻ നാം മനസ്സുള്ളവർ ആകണം.

## അന്യോന്യം കീഴ്പ്പെടുന്നത് ഐക്യത്തിന് ആവശ്യം (5:22-32)

ഭാര്യമാർ ഭർത്താക്കന്മാർക്കും, മക്കൾ മാതാപിതാക്കൾക്കും, ദാസന്മാർ യജമാനന്മാർക്കും കീഴടങ്ങണം. സാമൂഹ്യജീവിതത്തിലും സഭാജീവിത ത്തിലും ഇത് ആവശ്യമാണ്. ക്രിസ്തുവിനോടുള്ള ഭയഭക്തിയിൽ അന്യോന്യം കീഴ്പ്പെടുന്നത് ആത്മനിറവിന്റെ ഒരു അടയാളമാകുന്നു. കീഴ്പ്പെടുക എന്നത് ഒരു മിലിറ്ററി പദമാണ്. അനുസരിക്കാനായി കീഴ്പ്പെടുക എന്ന ആശ യമാണ് ഇതിനുള്ളത്. കീഴ്പ്പെടാതിരിക്കുന്നതിന്റെ ഫലം അരാജകത്വം ആയിരിക്കും.

5:22-24 വരെ ഭാര്യമാർക്കുള്ള പ്രബോധനമാണ്. ആത്മനിറവിന്റെ ഫലമായിട്ടാണ് ഈ കീഴ്പ്പെടൽ ഉണ്ടാകേണ്ടത്. ഭാര്യമാർ ഭർത്താക്കന്മാർക്കു കീഴടങ്ങണം എന്നുള്ളതു ദൈവം നിയമിച്ചിട്ടുള്ള വ്യവസ്ഥയാണ്. ഇത് അനുസരിക്കുന്നത് സാമൂഹ്യജീവിതത്തിന്റെയും സഭാജീവിതത്തിന്റെയും കെട്ടുറപ്പിന് ആവശ്യമാണ്. ഭാര്യ ഭർത്താവിനു കീഴ്പ്പെടുമ്പോൾ കർത്താവിന് കീഴ്പ്പെടുകയാണ്. ദൈവവ്യവസ്ഥ അനുസരിക്കാതിരിക്കുമ്പോൾ സഭയും കുടുംബവും വിവാഹബന്ധവും സമൂഹവും തകർച്ചയിലാകും.

വിവാഹ ജീവിതത്തിന്റെ പവിത്രത ക്രിസ്ത്യാനിത്വം വ്യക്തമാക്കിയിരി ക്കുന്നു. സ്ത്രീകൾ ഒരു വ്യക്തിയല്ല, വസ്തു മാത്രമാണെന്നു കരുതിയിരുന്ന കാലത്താണ് പൗലൊസ് കുടുംബജീവിതത്തിന്റെയും വിവാഹത്തിന്റെയും പ്രാധാന്യം ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ദൈവമാണ് വിവാഹത്തിന്റെ പ്രമാണം വ്യക്തമാക്കിയിരിക്കുന്നത്. ദൈവവ്യവസ്ഥ ലംഘിക്കുന്നത് അതിന്റെ നിലനിൽപ്പിനെ ബാധിക്കും. ഭാര്യ ഭർത്താവിനു കീഴ്പ്പെടുന്നത് അപകർഷതയല്ല. നമ്മുടെ കർത്താവു പിതാവിനു കീഴ്പ്പെട്ടിരുന്നു. ആദ്യമാതാപിതാക്കൾ ദൈവവ്യവസ്ഥ ലംഘിച്ചു. അതിന്റെ തിക്തഫലങ്ങൾ മനുഷ്യവർഗ്ഗം ഇന്നും അനുഭവിക്കുന്നു. അനുസരിക്കാതിരിക്കുന്നതു പാപമാകുന്നു.

ഭാര്യാഭർത്തൃബന്ധം ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തെ ചിത്രീകരിക്കുന്നു. സഭ ക്രിസ്തുവിന് കീഴ്പ്പെട്ട് അനുസരിക്കണം. ക്രിസ്തു സഭയുടെ ശിരസ്സും രക്ഷകനുമാണ്. ശിരസ്സ് എന്ന നിലയിൽ ക്രിസ്തു സഭയെ സ്നേഹിക്കുന്നു, നിയന്ത്രിക്കുന്നു. സംരക്ഷകൻ എന്ന നിലയിൽ ക്രിസ്തു സഭയെ കരുതുന്നു, പരിപാലിക്കുന്നു. ആധുനിക കാലത്ത് ഈ ഉപദേശത്തിനെതിരെ വലിയ എതിർപ്പുണ്ട്. പൗലൊസ് ഒരു സ്ത്രീവിദ്വേഷിയായതുകൊണ്ടാണ് ഇങ്ങനെ ഉപദേശിച്ചിരിക്കുന്നതെന്നും മറ്റും അഭിപ്രായപ്പെടുന്നു. എന്നാൽ ഈ വാദഗതികൾ ദൈവവചനത്തിന്റെ ദൈവനിശ്വാസ്യതയെ ചോദ്യം ചെയ്യുന്നവയാണ്. ആകാശവും ഭൂമിയും മാറിപ്പോയാലും ദൈവവചനത്തിനു മാറ്റം സംഭവിക്കുന്നില്ല.

5:25-32 വരെയുള്ള പ്രബോധനം ഭർത്താക്കന്മാർക്കുള്ളതാണ്. ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ ഭർത്താവു ഭാര്യയെ സ്നേഹിക്കണം. ഇതു ത്യാഗപൂർണ്ണമായ സ്നേഹമാണ്. ഭാര്യയുടെ ക്ഷേമത്തിനാണ് പ്രാധാന്യം. സ്നേഹിക്കുന്ന ഭർത്താവിനു കീഴ്പ്പെടുന്നത് ഭാര്യയ്ക്കു സന്തോഷമുള്ള കാര്യമാണ്. ക്രിസ്തുവിന്റെ സ്നേഹം അവനെ അനുസരിക്കുവാനും, ആരാധിക്കുവാനും, ആഘോഷിക്കുവാനും നമ്മെ നിർബന്ധിക്കും (2 കൊരി. 5:14) എന്നുള്ളതിനു സംശയമില്ല.

എങ്ങനെയാണ് ക്രിസ്തു നമ്മെ സ്നേഹിച്ചത്? തന്നെത്താൻ ക്രൂശിൽ മരിക്കുവാൻ ഏൽപ്പിച്ചുകൊടുത്തു നമ്മെ സ്നേഹിച്ചു. ഇന്ന് സഭ വചന ത്താൽ ശുദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു (യോഹ. 15:3; 17:17). ഭാവിയിൽ സഭ സമ്പൂർണ്ണ വിശുദ്ധി പ്രാപിക്കും. ദൈവജനം പാപത്തിന്റെ ശിക്ഷയിൽ നിന്നും ശക്തിയിൽനിന്നും വീണ്ടെടുക്കപ്പെട്ടവരാണ്. എന്നാൽ പാപത്തിന്റെ സാന്നിദ്ധ്യത്തിൽനിന്നും വീണ്ടെടുക്കപ്പെട്ടിട്ടില്ല. തൽഫലമായി നാം ഇന്നു കറയും മാലിന്യവും ചുളുക്കവുമുള്ളവരാണ്. കറ പുറത്തുനിന്നും നമ്മെ ബാധിക്കുന്ന മാലിന്യമാണ്. നാം പാപംകൊണ്ട് നിറഞ്ഞ ഒരു ലോകത്താണ് ജീവിക്കുന്നത്. ചുളുക്കം നമ്മുടെ ജഡത്തിന്റെ മാലിന്യമാണ്. നമ്മുടെ ചിന്തകളിലും വിചാരങ്ങളിലും അശുദ്ധിയുണ്ട്. എന്നാൽ ഭാവികാലത്തു കർത്താ വു സഭയെ ചേർക്കുവാൻ വരി

കയും സഭയെ തേജസ്സോടെ ദൈവത്തിന്റെ മുൻപിൽ നിർത്തുകയും ചെയ്യും. ഈ ഭാഗത്തു ക്രിസ്തു സഭയെ സ്നേഹി ക്കുന്നതിന്റെ മൂന്നു ഘട്ടങ്ങൾ വ്യക്തമാക്കിയിരിക്കുന്നു. ആ നിസ്തുല്യ സ്നേഹത്തിന്റെ മുൻപാകെ നമ്മുടെ തലകളെ വണക്കാം.

ഭർത്താക്കന്മാർ, ക്രിസ്തു സഭയെ സ്നേഹിച്ച മാതൃക അനുകരിക്കേ ണ്ടവരാണ്. അവരുടെ സ്നേഹം നില നിൽക്കുന്നതും ത്യാഗപൂർണ്ണവും ഭാര്യയുടെ ക്ഷേമം മുൻനിർത്തിയുള്ളതുമായിരിക്കണം. ഭാര്യ സ്വന്തഭർത്താവിനു കീഴ്പ്പെടണം. ഭർത്താവു സ്വന്തശരീരംപോലെ സ്വന്തഭാര്യയെ സ്നേഹിക്കണം. ഇവിടെ ഏക ഭാര്യാഭർത്തൃബന്ധം വ്യക്തമായി കാണാം. അതാണ് ദൈവഹിതം. സ്വന്തശരീരത്തെ കരുതുകയും സംരക്ഷിക്കുകയും ചെയ്യുന്നതുപോലെ ഭർത്താവ് ഭാര്യയെ കരുതണം.

ഭാര്യാഭർത്തൃബന്ധം ആയുഷ്പര്യന്തമുള്ള ബന്ധമാകുന്നു (ഉല്പ. 2:23,24; മർക്കൊ. 10:7). ഭർത്താവു ഭാര്യ യോടു പറ്റിച്ചേരുന്നു. വിവാഹത്തിന് മുമ്പ് മാതാപിതാക്കന്മാരോടുള്ള ബന്ധത്തിൽ കഴിഞ്ഞിരുന്ന ഭർത്താവിന് ഇപ്പോൾ ഭാര്യയോടുള്ള ബന്ധത്തിന്റെ മുൻഗണന ബോധ്യമാകുന്നു. ഇതി നു തടസ്സമായി മാതാപിതാക്കൾ പ്രവർത്തിക്കരുത്. ഇത് ദൈവവ്യവസ്ഥയാണ്.

ഭാര്യാഭർത്തൃബന്ധത്തെ ക്രിസ്തുവും സഭയുമായുള്ള ബന്ധത്തോട് തുലനംചെയ്തിരിക്കുന്നു. ഈ മർമ്മം വലിയത്. ഇത് ഒരു പുതിയ സത്യത്തിന്റെ വെളിപ്പാടാണ്. ജീവിതത്തിലെ ഏറ്റവും ഉൽക്കൃഷ്ടമായ ബന്ധമാണ് ഇത്. സ്നേഹത്താൽ ഭരിക്കപ്പെടുന്നതും, മരണത്തോളം നിലനിൽ ക്കുന്നതും, സകലത്തിലും ദൈവവചനാനുസ രണം കീഴ്പ്പെടുന്നതും, പിരി യാൻ കഴിയാത്തതുമായ ഈ ബന്ധം മുൻനിർത്തി ജീവിച്ചാൽ വിവാഹമോചനമോ കുടുംബകലഹമോ ഉണ്ടാകുന്നതല്ല.

പരിശുദ്ധാത്മനിറവിൽ നാം ജീവിക്കുമ്പോൾ സന്തോഷവും നന്ദിയും അന്യോന്യം കീഴ്പ്പെടുന്ന അനുഭവവും ഉണ്ടാകുന്നു. ഇത് ആത്മിക ഐക്യത്തിന് ഒഴിച്ചുകൂടാത്ത ഘടകങ്ങൾ ആകുന്നു. വചനത്താൽ നിറയപ്പെടുമ്പോൾ മാത്രമേ അതു സംഭവിക്കുകയുള്ളൂ (കൊലൊ. 3:16,17). അതിനു കർത്താവു നമ്മെ ഏവരെയും സഹായിക്കട്ടെ.

## അദ്ധ്യായം 6

### മക്കളും മാതാപിതാക്കളും (6:1–4)

കുടുംബത്തിൽ ഐക്യം ഉണ്ടാകുവാൻ മക്കൾ മാതാപിതാക്കളെ അനുസരിക്കണം. ഇതു ക്രിസ്തുവിന്റെ മാതൃകയനുസരിച്ചും അനുകരണ യോഗ്യമാണ്. അവൻ പിതാവിനെ സകലത്തിലും അനുസരിച്ചു. കുടുംബത്തിന്റെ യും സമൂഹത്തിന്റെയും സഭയുടെയും ഭദ്രതയ്ക്ക് ഇത് ആവശ്യമാണ്. മക്കൾ മാതാപിതാക്കളെ അനുസരിക്കു ന്നത് ന്യായയുക്തമാണ്. പഴയനിയമ പ്രമാണവും ക്രിസ്തുവിന്റെ മാതൃകയും അത് വ്യക്തമാക്കുന്നു (പുറ. 20:12; ലൂക്കൊ. 2:51). അനുസരിക്കുന്നവർക്ക് ദീർഘായുസ്സ് വാഗ്ദത്തം ചെയ്തിരിക്കുന്നു. മാതാപിതാക്കളിൽനിന്നും ശിക്ഷണം മക്കൾക്ക് ആവശ്യമാണ്. അത് അനുസരിക്കുമ്പോൾ നന്മ ഉണ്ടാകുന്നു. മക്കൾ മാതാപിതാക്കളെ ബഹു മാനിക്കണം, അവരെ വിലമതിക്കണം. അവരോടുള്ള ബഹുമാനം അനുസരണത്തിനു നിദാനം ആകണം. നാം ജീവിക്കുന്നത് അതു കുറഞ്ഞിരിക്കുന്ന ഒരു കാലത്താകുന്നു (2 തിമൊ. 3:2).

പിതാക്കന്മാർ മക്കളെ കോപിപ്പിക്കരുത്. റോമൻ നിയമമനുസരിച്ച് പിതാവിന് ഭവനത്തിൽ പരമാധികാരമു ണ്ടായിരുന്നു. മക്കളെ അടിമകളായി വിൽക്കാനോ വേലചെയ്യിക്കാനോ മരണത്തിന് ഏൽപ്പിക്കാനോ അവർ മടിച്ചി രുന്നില്ല. അംഗഹീനരായ മക്കളെ മുക്കിക്കൊല്ലുന്ന പരിചയം അന്നുണ്ടായിരുന്നു. ഈ സാഹചര്യത്തിലാണ് പൗലൊസു പിതാക്കന്മാരെ പ്രബോധി പ്പിക്കുന്നത്. മക്കളോടു സ്നേഹവും മര്യാദയും കൂടാതെ പെരുമാറരുത്. തൊട്ടതിനൊക്കെ കുറ്റംപറയുന്നതും ക്രൂരമായി ശിക്ഷിക്കുന്നതും തെറ്റാ കുന്നു. അത് അവരെ കോപിപ്പിക്കുകയും മത്സരികളാക്കുകയും ചെയ്യും (കൊലൊ. 3:21). മക്കളെ ശാസിക്കുന്നതും അച്ചടക്കബോധമുള്ളവർ ആക്കുന്നതും കർത്താവിൽ ആയിരിക്കണം. അവർ ദൈവഭക്തിയുള്ളവർ ആകണം എന്നുള്ള ആഗ്രഹവും പ്രാർത്ഥനയും മാതാ പിതാക്കൾക്ക് ഉണ്ടാകണം. അതായിരിക്കണം പരമപ്രധാനമായ ലക്ഷ്യം. മുമ്പേ അവർ ദൈവരാജ്യവും അവന്റെ നീതിയും അന്വേഷിക്കുമ്പോൾ മറ്റു കാര്യങ്ങളും അവർക്കു ലഭിക്കും (മത്താ. 6:33). മക്കൾ യഹോവയുടെ ദാനമാ ണ്. അവരെ ദൈവ വഴിയിൽ വളർത്തുവാൻ നാം കടപ്പെട്ടവർ ആകുന്നു. ബാലശിക്ഷ കോപത്തോടെ നടത്തരുത്. മക്കൾക്കു ബുദ്ധിയുപദേശവും ശാസനയും അച്ചടക്ക ബോധവും ദൈവവചനാനുസരണം നൽകണം (2 തിമൊ. 3:13–17).

### ദാസന്മാരും യജമാനന്മാരും (6:5–9)

ദാസന്മാർ യജമാനന്മാരെ അനുസരിക്കുന്നത് ഐക്യത്തിന് ആവശ്യമാകുന്നു. ഇവിടെ രക്ഷിക്കപ്പെട്ട അടിമ കളെക്കുറിച്ചാണ് പ്രതിപാദിച്ചിരിക്കുന്നത്. അന്നു റോമിൽ 6 കോടി അടിമകൾ ഉണ്ടായിരുന്നതായി അഭിപ്രായപ്പെ ടുന്നു. അവരാണ് മുഖ്യമായും എല്ലാ ജോലികളും ചെയ്തിരുന്നത്. അടിമകളെ പണിയായുധങ്ങളായി കരുതിയി രുന്നു. അവരുടെ മേൽ യജമാനനു പരമാധികാരം ഉണ്ടായിരുന്നു. ഈ സാഹചര്യത്തിൽനിന്നും അനേകർ രക്ഷിക്ക പ്പെട്ടു സഭയോടു ചേർന്നു. അവർ യജമാനന്മാരോട് അനുസരണം കാണിക്കണം എന്നു പൗലൊസു പ്രബോധിപ്പി ക്കുന്നു. അവരോടുള്ള അനുസരണം ക്രിസ്തുവിനോടുള്ളതുപോലെ ആയിരിക്കണം. ഇവിടെ പൗലൊസ് അടിമ സമ്പ്രദായത്തെ കുറ്റം വിധിക്കുന്നില്ല. എന്നാൽ സുവിശേഷസത്യങ്ങൾ അടിമസമ്പ്രദായത്തിന് എതിരാണ്. ചരിത്രം

ആ സത്യം സാക്ഷിക്കുന്നു. രക്ഷിക്കപ്പെട്ട യജമാനന്മാർക്കു ജോലിചെയ്യുന്ന അടിമകളായ വിശ്വാസികൾ ഉത്തരവാദിത്വബോധമുള്ളവരായി ജോലി ചെയ്യണം. അതു കർത്താവിൽ നിന്നും അംഗീകാരം ലഭിക്കണം എന്ന ബോധത്തോടുകൂടി ചെയ്യണം. അപ്പോൾ ഏതു ജോലിയും വിലയുള്ളതാകും. നാം ദൃഷ്ടിസേവ ചെയ്യുന്നവർ ആകരുത്. ഭൂമിയിൽ ന്യായമായ പ്രതിഫലമോ പ്രശംസയോ ലഭിച്ചു എന്നു വരികയില്ല. എന്നാൽ കർത്താവിൽനിന്നും പ്രശംസ അവർക്കു ലഭിക്കും.

6:9-ൽ യജമാനന്മാർക്കുള്ള പ്രബോധനമാണ്. സ്വർഗ്ഗത്തിൽ യജമാനന്മാർ ദാസന്മാരാണ്. ദൈവത്തിനു മുഖപക്ഷമില്ലല്ലോ. അവിടെ മുതലാളിയും തൊഴിലാളിയും ഇല്ല. യജമാനന്മാർ ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ടവർ ആകുന്നു. അടിമകളെ ജീവനുള്ള പണിയായുധങ്ങളായി കരുതി അവരെ ഭീഷണിപ്പെടുത്തി പണിചെയ്യിക്കുക പതിവായിരുന്നു. സദാ ഭീഷണി മുഴക്കുന്ന ബോസ്സിനെ തൊഴിലാളികൾ വെറുക്കുന്നു. യജമാനനും ദാസനും ഒരേ ദൈവത്തെ സേവിക്കുന്നു എന്നുള്ള ബോധം അവരുടെ പെരുമാറ്റത്തിനു വ്യത്യാസം ഉളവാക്കും. അപ്പോൾ കർത്താവിനെ പ്രസാദിപ്പിക്കുക എന്നുള്ളത് അവരുടെ ലക്ഷ്യമായിത്തീരുന്നു. യജമാനൻ അടിമകളുടെ അഥവാ തൊഴിലാളികളുടെ ക്ഷേമം അന്വേഷിക്കുന്നവൻ ആയിരിക്കണം. അവരെ ചൂഷണം ചെയ്യരുത്. ദൈവം അത് വെറുക്കുന്നു. യജമാനന്റെ കർത്താവിനോടുള്ള സ്നേഹവും ഇടപാടുകളും തൊഴിലാളികളെ വിശ്വസ്ത സേവനത്തിനു പ്രേരിപ്പിക്കുന്നതാകണം. ദൈവകരങ്ങളിൽ പ്രയോജനപ്പെട്ടവരിൽ പലരും ഒരിക്കൽ അടിമകൾ അഥവാ ദാസന്മാർ ആയിരുന്നു. യജമാനന്മാർ മുഖപക്ഷം കാട്ടുന്നവർ ആകരുത്. അത് ഭിന്നതയ്ക്കും നിരാശയ്ക്കും കാരണമായി ഭവിക്കും. ആത്മനിറവുള്ളവർ കർത്താവിൽ സദാ സന്തോഷിക്കുന്നവരും എല്ലാറ്റിനും നന്ദി പറയുന്നവരും കർത്താവിൽ അന്യോന്യം കീഴ്പ്പെടുന്നവരും ആകും. ഇതു സഭയുടെയും സമൂഹത്തിന്റെയും കുടുംബത്തിന്റെയും നിലനിൽപ്പിന് ആവശ്യമാകുന്നു.

## വിശ്വാസിയുടെ പോരാട്ടം (6:10-20)

ക്രിസ്തീയ ജീവിതം പോരാട്ടമുള്ളതാണ്. ഓരോ വിശ്വാസിയും അതിനെക്കുറിച്ച് ബോധവാനായിരിക്കണം. പൗലൊസിന്റെ അവസാന പ്രബോധനമായിട്ടാണ് അത് നൽകിയിരിക്കുന്നത്. ദൈവമക്കൾ കർത്താവിൽ പ്രയോജനമുള്ളവർ ആകുമ്പോൾ സാത്താന്റെ ആക്രമണവും വർദ്ധി ക്കും. കർത്താവിൽനിന്നും നമ്മെ അകറ്റുകയാണ് സാത്താന്റെ ആത്യന്തിക ലക്ഷ്യം. ആത്മിക അനുഗ്രഹങ്ങളുടെ ലിസ്റ്റിൽ സാത്താനോടുള്ള നമ്മുടെ പോരാട്ടവും വിജയവും ഉൾപ്പെടുത്തിയിരിക്കുന്നു. നാം ശത്രുവിന്റെ സ്വഭാവം, യുദ്ധതന്ത്രം, നമ്മുടെ ആയുധവർഗ്ഗത്തെക്കുറിച്ചുള്ള അറിവ്, സഹഭടന്മാരോ ടുള്ള സഹകരണം എന്നിവയെക്കുറിച്ച് ബോധവാന്മാർ ആയിരിക്കണം. രക്ഷിക്കപ്പെടാത്തവർ സാത്താന്റെ തന്ത്രങ്ങളെക്കുറിച്ചു ബോധവാന്മാർ അല്ല. എല്ലാ വിശ്വാസികൾക്കുമുള്ള പ്രബോധനമാകുന്നു ഇത്.

1. വിശ്വാസജീവിതപ്പടക്കളത്തിൽ ഒന്നാമതായി നാം കർത്താവിലും അവന്റെ അമിത ബലത്തിലും ശക്തിപ്പെടുന്നവർ ആകണം. സാത്താന്റെ ശക്തിയെ നേരിടാൻ നമുക്കു സ്വയമേവ കഴിവില്ല. കർത്താവിനോടുള്ള ഐക്യവും ദൈവകൃപയുടെ വ്യാപാരവും അതിന് ആവശ്യമാണ്. ഹവ്വാ സ്വന്തകഴിവുകൊണ്ട് സാത്താനെ നേരിട്ടു. ഫലമോ പരാജയം ആയി രുന്നു. ക്രിസ്തു മരുഭൂമിയിൽ സാത്താനെ നേരിട്ട സംഭവം നാം മത്തായിയുടെ സുവിശേഷം നാലാം അദ്ധ്യായത്തിൽ കാണുന്നു. ക്രിസ്തു ദൈവവചനത്താൽ നിറയപ്പെട്ടവനും നിയന്ത്രിക്കപ്പെട്ടവനും ആയിരുന്നു. ദൈവഹിതം ചെയ്യുകയായിരുന്നു അവന്റെ ജീവിതലക്ഷ്യം. ദാവീദും പത്രൊസും പരാജയപ്പെട്ടതു സ്വാർത്ഥതാല്പര്യങ്ങൾക്കു വിധേയപ്പെട്ടതുകൊണ്ടായിരുന്നു. ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം എന്നീ പരീക്ഷകളെ ജയിക്കുവാൻ നമ്മുടെ കർത്താവിനു കഴിഞ്ഞു. നാം കർത്താവിനെ അനുഗമിക്കയും അനുസരിക്കയും ചെയ്യുമ്പോൾ നമുക്കും പരീക്ഷകളെ ജയിക്കുവാൻ കർത്താവ് കൃപ നൽകും. നമ്മുടെ കർത്താവ് ബലവാനാണ്. അവൻ രാജാധിരാജാവും കർത്താധി കർത്താവുമാണ്. അവൻ മരണത്താൽ സാത്താനെ ജയിച്ചു (വെളി. 19:16; കൊലൊ. 2:15). അതുകൊണ്ട് ദൈവമക്കൾ സാത്താനെയും മരണത്തെയും ഭയപ്പെടേണ്ടതില്ല. നമ്മുടെ ആത്മീയ പോരാട്ടത്തിനു ശക്തി നൽകുന്നതു കർത്താവാകുന്നു (ഫിലി. 4:13; യോശു. 10:14). പരീക്ഷകളിൽ ജയവും പ്രവർത്തനങ്ങളിൽ ഫലങ്ങളും ഉണ്ടാകുമ്പോൾ സ്വയം പ്രശംസിക്കരുത്. പ്രത്യുത കർത്താവിനു മഹത്വവും പ്രശംസയും നൽകുന്നവർ ആകണം. ദൈവജനമേ, നമുക്ക് കർത്താവിന്റെ അമിതബലത്താൽ നിറയപ്പെടുന്നവർ ആകാം.
2. രണ്ടാമതായി (ക്രിസ്തീയ) ആത്മീയ പോരാട്ടത്തിനു നാം ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കുന്നവർ ആകണം. നമുക്കു പോരാട്ടമുള്ളതു മനുഷ്യരോടല്ല, സാത്താനോടാണ്. സാത്താൻ മനുഷ്യരെ ആയുധമാക്കുമെങ്കിലും അവരിൽ പ്രവർത്തിക്കുന്നതു സാത്താനാണ്. ദൈവമക്കൾ പിശാചിന് ഇടംകൊടുക്കുന്നവർ ആകരുത് (എഫെ. 4:27). നാം വിശ്വാസികളോടും അല്ലാത്തവരോടും പകയും കോപവും വച്ചുപുലർത്തുമ്പോൾ പിശാചിന്റെ കെണിയിൽ വീഴും. ആത്മീയപോരാട്ടത്തിൽ ജഡിക ആയുധങ്ങൾ ധരിക്കരുത് (എഫെ. 4:25-32). ദൈവമക്കളിൽ വ്യാപരിക്കേണ്ടുന്ന അളവറ്റ ശക്തി പരിശുദ്ധാത്മശക്തിയാണ്. ആ ശക്തിയാൽ നമ്മുടെ ഉള്ളം ബലപ്പെടുമ്പോൾ നാം ആത്മഫലങ്ങളെ പുറപ്പെടുവിക്കുന്നവർ ആകും (ഗലാ. 5:22,23).

പിശാചിന്റെ തന്ത്രങ്ങളെക്കുറിച്ചു നാം അറിവുള്ളവർ ആയിരിക്കണം. നമ്മുടെ ബലഹീനതകൾ അവൻ അറിയുന്നു. ദൈവമക്കളെക്കുറിച്ച് അപവാദം പറയുന്നവനാണ് സാത്താൻ (വെളി. 12:9,10). നമ്മുടെ ജീവിതപരവും ഉപദേശപരവുമായ ന്യൂനതകളെ തന്ത്രപൂർവ്വം ഉപാധികളായി ഉപയോഗിച്ചു കർത്താവിൽനിന്നും നമ്മെ അകറ്റുവാൻ

അവൻ എപ്പോഴും പരിശ്രമിക്കുന്നു. അതുകൊണ്ടു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം എപ്പോഴും ധരിക്കുന്നവർ ആകുവാൻ നമ്മെ പ്രബോധിപ്പിച്ചിരിക്കുന്നു. പിശാചിന്റെ തന്ത്രങ്ങൾ അറി യുക. അവൻ ദൈവവിരോധിയാകുന്നു. സാത്താനുള്ള മറ്റൊരു പേര് പരീക്ഷിക്കുന്നവൻ എന്നത്രെ (മത്താ. 4:3). പാപം ചെയ്യുവാൻ നാം പ്രേരിപ്പിക്കപ്പെടുന്നതു പിശാചിനാലാകുന്നു. അവനെ കൊലപാതകൻ എന്നും ഭോഷ്ക്കു പറയുന്നവൻ എന്നും വിളിച്ചിരിക്കുന്നു (യോഹ. 8:44). അലറുന്ന സിംഹം, പാമ്പ്, വെളിച്ചദൂതൻ, ഈ ലോകത്തിന്റെ പ്രഭു എന്നീ പേരുകളിലും സാത്താൻ അറിയപ്പെടുന്നു (1 പത്രൊ. 5:8; ഉല്പ. 3:1; വെളി. 12:9; 2 കൊരി. 11:13–15; 4:4). ഒരിക്കൽ സാത്താൻ ദൂതപ്രധാനിയായ ലൂസിഫർ ആയിരുന്നു. ദൈവസൃഷ്ടിയായിരുന്ന അവൻ ദൈവസഖിത്വവും അനുഭവിച്ചിരുന്നു (യെശ. 14:12–15). എന്നാൽ സ്വാർത്ഥതയും അഹങ്കാരവും അവന്റെ പതനത്തിനു കാരണമായി. സൃഷ്ടിയായ ലൂസിഫർ അറിവിലും പ്രവൃത്തികളിലും പരിധിയുള്ളവനാണ്. അവൻ സർവ്വവ്യാപിയല്ല. എന്നാൽ അവൻ അസംഖ്യം ദൂതന്മാരുടെ വീഴ്ചയ്ക്കു കാരണമായി ഭവിച്ചു. ലോകത്തിന്റെ പ്രഭുവായ സാത്താനോടു ദൈവദൂതപ്രധാനിയായ മീഖായേൽ എതിർത്തുനിന്നു എന്നു കാണുന്നു (ദാനീയേൽ 10:13). ഇതൊക്കെയും സാത്താന്റെ വഞ്ചനയും തന്ത്രങ്ങളും വെളിപ്പെടുത്തുന്നു. അവന്റെ തന്ത്രങ്ങളെ നിസ്സാരമായി ഗണിക്കരുത്. കർത്താവിന്റെ അമിതബലത്താൽ മാത്രമേ അവനെ ജയിക്കുവാൻ കഴിയുക യുള്ളൂ. തന്ത്രങ്ങൾ എന്ന വാക്കു രണ്ടുപ്രാവശ്യം പുതിയനിയമത്തിൽ ഉപ യോഗിച്ചിരിക്കുന്നു. വഞ്ചന നിറഞ്ഞ മാർഗ്ഗം എന്ന ആശയമാണ് അതിനുള്ളത് (എഫെ. 4:14). അവന്റെ തന്ത്രങ്ങളിൽ കുടുങ്ങി തെറ്റിപ്പോകുവാനും വിശ്വാസത്തിൽ സ്ഥിരത ഇല്ലാത്തവർ ആകുവാനും സാദ്ധ്യത ഉള്ളതിനാൽ നാം കരുതലുള്ളവർ ആകണം. ദൈവവചനപരിജ്ഞാനവും പരിശുദ്ധാത്മനിറവും അതിന് ആവശ്യം ഉണ്ട്. സാത്താൻ ലോകമാകുന്ന ബാഹ്യശക്തിയെയും ജഡമാകുന്ന ആന്തരികശക്തിയെയും നമുക്ക് എതിരെ ആയുധമായി ഉപ യോഗിക്കും. അപ്പോൾ നാം അവനോട് എതിർത്തുനിൽക്കണം. ക്രിസ്തീയ ജീവിതം വിജയത്തിൽനിന്നും ആരംഭിക്കുന്നതാണ്. ക്രിസ്തുമരണത്തെയും സാത്താനെയും ജയിച്ചവനാകുന്നു. അവനിലുള്ള വിശ്വാസ മാണ് നമ്മുടെ രക്ഷയ്ക്കുള്ള അടിസ്ഥാനം. ക്രിസ്തു നമുക്കു സമീപം ഉണ്ട്. അവനെ ധരിക്കുമ്പോൾ ജയം ലഭ്യമാകുന്നു. കർത്താവ് നമുക്ക് അനുകൂലം എങ്കിൽ പ്രതികൂലം ആർ (റോമർ 8:31).

പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തുനിൽക്കുവാൻ നാം ഒന്നാമതായി ധരിക്കേണ്ടത് അരയ്ക്കു സത്യം എന്നുള്ള കെട്ടാണ്. പടയാളിയുടെ വസ്ത്രം ഒതുക്കമുള്ളതാക്കുന്നത് അരക്കെട്ടാണ് അഥവാ ബെൽറ്റാണ്. അരക്കെട്ടു സേവനസന്നദ്ധതയെ കാണിക്കുന്നു. സത്യം, ക്രിസ്തുവിനെയും ദൈവവചനത്തെയും സൂചിപ്പിക്കുന്നു (യോഹ. 14:6; 17:17). ക്രിസ്തുവിനോടുള്ള സജീ വവും നിരന്തരവുമായ ബന്ധം ആത്മീയ പോരാട്ടത്തിൽ വിജയം വരിക്കുവാൻ ആവശ്യമാകുന്നു. കൂടാതെ നമ്മുടെ അനുദിന ജീവിതം സത്യസന്ധ വും പരമാർത്ഥത ഉള്ളതും ആയിരിക്കണം. അതു വീതിയുള്ള ബെൽറ്റായിരുന്നു. ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും വിശ്വസ്തത പുലർത്തുവാൻ നാം കടപ്പെട്ടവർ ആണ്.

രണ്ടാമതായി ധരിക്കേണ്ട സർവ്വായുധവർഗ്ഗം നീതിയെന്ന കവചം (Breast Plate) ആണ്. കവചം നെഞ്ചിനെയും പുറത്തെയും മറയ്ക്കുന്നതായിരുന്നു. സാത്താന്റെ ആക്രമണം മുമ്പിൽനിന്നും പുറകിൽനിന്നും ഉണ്ടാകാം. അതു ലോകത്തിൽനിന്നും സഭയ്ക്കകത്തുനിന്നും വരാവുന്നതാണ്. വിശ്വാസികൾ നീതീകരിക്കപ്പെട്ടവരാകുന്നു. ക്രിസ്തുവിലുള്ള വിശ്വാസമാണ് അതിന് ഉപാധി. ആ നീതി വിശ്വസിക്കുമ്പോൾ തന്നെ ഉണ്ടാകുന്നു (റോമർ 5:1; 2 കൊരി. 5:21). എന്നാൽ ആത്മീയപോരാട്ടത്തിനു പ്രായോഗിക ജീവിതത്തിൽ നീതി വെളിപ്പെടുത്തുന്നവർ ആകണം. അല്ലാത്തപക്ഷം നാം പരാജയപ്പെടും (1 തിമൊ. 6:11). ആരോപണത്തിന് എതിരെ വാക്കുകൾ ഒരു പ്രതിരോധമല്ല. എന്നാൽ മാതൃകാജീവിതത്തിന്റെ മുമ്പിൽ സാത്താൻ പരാജയപ്പെടും. ദൈവമക്കൾ ദൈവവചനത്തോടു വിശ്വസ്തതയും സ്നേഹവും ഉള്ളവരാകുമ്പോൾ സാത്താന്റെ തന്ത്രങ്ങൾ ജയിക്കയില്ല (1 തെസ്സ. 5:8).

മൂന്നാമതായി നാം സമാധാന സുവിശേഷമാകുന്ന പാദരക്ഷ ധരിക്കണം. റോമൻ പടയാളി ധരിച്ചിരുന്ന ചെരിപ്പിന്റെ അടിയിൽ ആണികൾ ഉണ്ടായിരുന്നു. അത് സ്ഥിരതയേയും സന്നദ്ധതയേയും കാണിക്കുന്നു. സുവിശേഷം വിശ്വസിക്കുമ്പോൾ നാം ദൈവത്തോട് സമാധാനം ഉള്ളവർ ആകുന്നു. നാം ദൈവത്തോടും മറ്റുള്ളവരോടും സമാധാനമുള്ളവർ ആകണം. അപ്പോൾ മാത്രമേ സാത്താൻ നമ്മുടെ മേൽ ജയം വരിക്കാതിരിക്കയുള്ളൂ. സുവിശേഷത്തിനുവേണ്ടി കഷ്ടനഷ്ടങ്ങൾ സഹിക്കുവാൻ നാം മനസ്സുള്ളവർ ആകണം. സാത്താൻ കൊലപാതകനും ദൈവവിരോധിയും ആണ്. ക്രിസ്തുവിശ്വാസികൾ സമാധാനപ്രഭുവിന്റെ സ്ഥാനപതികൾ ആകുന്നു. അവർ സുവിശേഷം ഘോഷിക്കുന്നവരും സുവിശേഷത്തിന്റെ പോരാട്ടം സഹിക്കുന്നവരും ആകുമ്പോൾ സാത്താന്റെ തന്ത്രങ്ങൾ പരാജയപ്പെടും.

നാലാമതായി ആത്മീയപോരാട്ടത്തിനു വിശ്വാസം എന്ന പരിച ധരി ക്കണം. അതിനു നാലടി ഉയരവും രണ്ടരയടി വീതിയും ഉണ്ടായിരുന്നു. അത് തീയമ്പുകളെ തടയുവാൻ കഴിയത്തക്കവണ്ണം ലോഹംകൊണ്ടോ തുകൽകൊണ്ടോ നിർമ്മിക്കപ്പെട്ടിരുന്നു. ഇവിടെ വിശ്വാസംകൊണ്ടുള്ള ആശയം ജീവിതത്തിനാവശ്യമായ ദൈവത്തിലുള്ള ആശ്രയം എന്നാണ്. രക്ഷിക്കപ്പെടുന്നത് വിശ്വാസത്താലാണ്. അതുപോലെതന്നെ ജീവിക്കുന്നതും വിശ്വാസത്താലാകുന്നു (ഗലാ. 2:20). സാത്താൻ സംശയം, പരീക്ഷ, ആക്രമണം, ഭീഷണി, അപവാദം തുടങ്ങിയ തീയമ്പുകൾ നമുക്ക് എതിരെ എയ്യുമ്പോൾ നാം ദൈവവാഗ്ദത്തങ്ങളിൽ ശരണപ്പെടുന്നവർ ആകണം. അബ്രഹാം ഭയപ്പെട്ട വേളയിൽ ദൈവം അവനു ചുറ്റും പരിചയായിരുന്നു. ആ ദൈവം നമ്മുടെയും ദൈവമത്രെ (ഉല്പ. 15:1). ദൈവവചനത്തിൽ സംശയം ജനിപ്പിക്കുവാൻ സാത്താൻ ശ്രമിക്കുമ്പോൾ ക്രിസ്തുവിനെപ്പോലെ ദൈവവചനത്തിൽ തന്നെ

ശരണപ്പെടുവാൻ നമുക്കു കഴിയണം. അപ്പോൾ സാത്താൻ പരാജയ പ്പെടും.

അഞ്ചാമതായി രക്ഷ എന്ന ശിരസ്ത്രം നാം ധരിക്കണം. റോമൻ പടയാളികൾ ധരിച്ചിരുന്ന Helmet കഴുത്തു വരെ മൂടുന്നതായിരുന്നു. തലയെ മാരകമായ മുറിവിൽനിന്നും രക്ഷിക്കുക എന്നുള്ളതായിരുന്നു അതിന്റെ ഉദ്ദേശം. തല അഥവാ ബുദ്ധിയാണ് ശരീരത്തെ നിയന്ത്രിക്കുന്നത്. അത് ചിന്താമണ്ഡലത്തെ കാണിക്കുന്നു. രക്ഷ ദൈവത്തിന്റെ ദാനം ആണ്. ആ രക്ഷ ജീവിതത്തെ സമൂലം ബാധിക്കുന്നതാണ്. അത് ഭൂതവർത്തമാനഭാവികാലങ്ങളോട് ബന്ധമുള്ളതാണ്. നമുക്ക് പാപമോചനം ലഭിച്ചത് രക്ഷിക്ക പ്പെട്ട നിമിഷത്തിലാണ്. അത് ഇപ്പോൾ പാപത്തിന്റെ ശക്തിയിൽനിന്നും വിടുതൽ നൽകുന്നു. ഭാവിയിൽ പാപത്തിന്റെ സാന്നിദ്ധ്യത്തിൽനിന്നുമുള്ള സ്വാതന്ത്ര്യവും നൽകും. രക്ഷയെക്കുറിച്ചുള്ള അറിവും പ്രത്യാശയും നിറഞ്ഞ ജീവിതം എത്ര ധന്യമാകുന്നു. സാത്താൻ അത് നശിപ്പിക്കുവാൻ സംശയം മനസ്സിൽ കൊണ്ടുവരും. അതിനെ നേരിടാൻ നാം രക്ഷ എന്ന ശിരസ്ത്രം ധരിക്കേണ്ടത് ആവശ്യമാണ്. രക്ഷയെക്കുറിച്ചുള്ള അറിവ് ബുദ്ധിയിൽ മാത്രം ഒതുക്കാതെ ഹൃദയത്തിൽ പരിവർത്തനം ചെയ്യുവാൻ അനുവദിക്കണം. അപ്പോൾ നാം നീതിഫലങ്ങൾ പുറപ്പെടുവിക്കുന്നവർ ആകും. രക്ഷയുടെ സന്തോഷം നാം അനുഭവിക്കും. രക്ഷയുടെ പ്രായോഗിക അനുഭവമുള്ളവർക്ക് മാത്രമേ സാത്താന്റെ ആക്രമണങ്ങളെ ജയിക്കുവാൻ കഴികയുള്ളൂ.

ആറാമതായി നാം ദൈവവചനമെന്ന ആത്മാവിൻ വാൾ ധരിക്കുന്നവർ ആകണം. ഇവിടെ ദൈവവചനത്തെ വാളായി ചിത്രീകരിച്ചിരിക്കുന്നു. അത് ദൈവാത്മനിശ്വസ്തമാകയാൽ ആത്മാവിന്റെ വാളാണ് (2 തിമൊ. 3:16). ഈ വാൾ ഹൃദയങ്ങളിൽ പരിവർത്തനം ചെയ്യുവാൻ ശക്തിയുള്ള ആയുധം ആകുന്നു (എബ്രാ. 4:12). ഇത് ഉപയോഗിക്കുവാൻ ദൈവാത്മാവിന്റെ സഹായം ഒഴിച്ചുകൂടാത്തതാകുന്നു. സാത്താന്റെ ആക്രമണങ്ങളെ നേരിടേണ്ടത് വചനമെന്ന വാളിനാലാണ് (മത്താ. 4:1-11). ഈ വാൾ ഉപയോഗിക്കുവാൻ അഭ്യസനം ആവശ്യമുണ്ട്. ദൈവവചനം വായിക്കയും ധ്യാനിക്കയും പഠിക്കയും ചെയ്യുന്നവർ സാത്താന്റെ ആക്രമണങ്ങളെ നേരിടുവാൻ പ്രാപ്തിയുള്ളവർ ആകും. വചനകേൾവിയാൽ പാപത്തെക്കുറിച്ചുള്ള ബോധം ഉണ്ടാകുന്നു. ജീവിതത്തിൽ സമാധാനവും സംതൃപ്തിയും ലഭിക്കുവാൻ നാം വചനം ധ്യാനിക്കുന്നവർ ആകണം (സങ്കീ. 1:1,2). ക്രിസ്തുവിനെക്കൊണ്ട് നിറയുന്ന വർക്ക് മാത്രമേ സാത്താന്റെ മേൽ ജയം പ്രാപിക്കുവാൻ കഴിയൂ. നാം ഇരുട്ടിന്റെ പ്രവൃത്തികളെ ഉപേക്ഷിച്ച് വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിക്കുന്നവർ ആകണം. അതിനു നാം ക്രിസ്തുവിനെ ധരിക്കുന്നവർ ആകണം (റോമർ 13:11-14). നമ്മെ കാണുന്നവർ ക്രിസ്തുവിനെ കാണണം. സാത്താൻ അപ്പോൾ പരാജയപ്പെടും.

## ആത്മീയപോരാട്ടത്തിൽ പ്രാർത്ഥനയുടെ സ്ഥാനം

പോരാട്ടത്തിൽ ആയുധവർഗ്ഗം ഫലപ്രദമാകുവാൻ പ്രാർത്ഥന ഒഴിച്ചുകൂടാത്തതാകുന്നു. പ്രാർത്ഥന ദൈവത്തോടുള്ള അപേക്ഷ ആകുന്നു. യുദ്ധത്തിൽ വാർത്താവിനിമയത്തിനുള്ള സ്ഥാനമാണ് ആത്മീയപോരാട്ടത്തിൽ പ്രാർത്ഥനയ്ക്കുള്ളത്. വിശ്വാസിയുടെ പ്രാർത്ഥനാജീവിതം തകർക്കുവാൻ സാത്താൻ സദാ പരിശ്രമിക്കുന്നു. പ്രാർത്ഥന പൊതുവായുള്ളതും യാചന പ്രത്യേക ആവശ്യങ്ങൾ അറിയിക്കുന്നതുമാണ്. പരസ്യവും രഹസ്യവുമായ പ്രാർത്ഥന നാം കഴിക്കുന്നവർ ആകണം. പൗലൊസിനു സഹവിശ്വാസികളുടെ പ്രാർത്ഥന ആവശ്യമായിരുന്നെങ്കിൽ നമുക്ക് അത് എത്ര അധികം. യിസ്രായേൽ അമാലേക്കുമായി യുദ്ധം ചെയ്ത സംഭവം നാം പുറപ്പാടുപുസ്തകം 17-ാം അദ്ധ്യായത്തിൽ വായിക്കുന്നു. യോശുവ അമാലേക്കിനോട് യുദ്ധം ചെയ്തപ്പോൾ മോശെ കുന്നിൻമുകളിൽ കൈ ഉയർത്തി നിന്നിരുന്നു. അപ്പോൾ യിസ്രായേൽ ജയിച്ചു. കൈ തളരുമ്പോൾ സഹായത്തിന് അഹരോനും ഹൂരും കുന്നിൻമുകളിൽ ഉണ്ടായിരുന്നു. വിശ്വാസികളുടെ പ്രാർത്ഥനയുടെ മുമ്പിൽ സാത്താൻ വിറയ്ക്കുന്നു. ആ പ്രാർത്ഥനയുടെ സ്വഭാവം നാം അറിയണം എന്ന് അപ്പൊസ്തലൻ ആഗ്രഹിക്കുന്നു.

നാം എപ്പോഴും പ്രാർത്ഥിക്കുന്നവർ ആകണം. ശരീരത്തിന്റെ നിലനില്പിനു ശ്വാസോച്ഛ്വാസം ആവശ്യമായിരിക്കുന്നതുപോലെ വിജയകരമായ ക്രിസ്തീയ ജീവിതത്തിനു പ്രാർത്ഥന ഒഴിച്ചുകൂടാത്തതാകുന്നു. അത് പരീക്ഷകളെ അതിജീവിക്കുവാൻ ശക്തി പ്രദാനം ചെയ്യും. "സകല പ്രാർത്ഥന"കൊണ്ടുള്ള ആശയം പ്രാർത്ഥനയിൽ ഉൾക്കൊണ്ടിരിക്കുന്ന ഘടകങ്ങൾ ഏവ എന്നത്രെ. പ്രാർത്ഥനയിൽ അപേക്ഷയും, പക്ഷവാദവും, സ്തുതിയും, സ്തോത്രവും, ഏറ്റുപറച്ചിലും, പൊതുവായുള്ളതും വ്യക്തിപരമായുള്ള തുമായ ആവശ്യങ്ങളും അടങ്ങിയിരിക്കുന്നു. മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ നാം ആത്മീയ വിജയം ഉള്ളവർ ആകും. എല്ലാ ചുറ്റുപാടിലും നാം പ്രാർത്ഥിക്കുന്നവരാകണം. ആത്മാവിന്റെ പ്രേരണയിൽ നാം പ്രാർത്ഥിക്കുന്നവരാകണം (റോമർ 8:26; യൂദാ 20). നാം മടുത്തുപോകാതെ പ്രാർത്ഥിക്കണം. ജാഗ്രതയോടുകൂടെ നാം പ്രാർത്ഥിക്കണം. അലസതാമനോഭാവം വെടിഞ്ഞ് ഉത്സാഹത്തോടും സൂക്ഷ്മതയോടും കൂടെ പ്രാർത്ഥിക്കണം. സകല വിശുദ്ധന്മാർക്കുവേണ്ടിയും നാം പ്രാർത്ഥിക്കണം. ആത്മീയപോരാട്ടം എല്ലാ വിശ്വാസികൾക്കും ഉള്ളതാകുന്നു. അവരുടെ നിലനില്പിനു നമ്മുടെ പ്രാർത്ഥന ഒഴിച്ചുകൂടാത്തതാകുന്നു. വിശുദ്ധന്മാരോടു പ്രാർത്ഥിക്കുകയല്ല വിശുദ്ധന്മാർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ നാം കടപ്പെട്ടവർ ആകുന്നു. പ്രാർത്ഥനാവിഷയങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണം. സുവിശേഷഘോഷണത്തിനു പ്രാപ്തി ലഭിക്കുവാൻ നാം പ്രാർത്ഥിക്കുന്നവർ ആകണം. പൗലൊസ് ചങ്ങല ധരിക്കുന്നു എങ്കിലും വചനത്തിനു ബന്ധനം ഇല്ല. ശുശ്രൂഷകൾ ഫലകരമാകുന്നതു പ്രാർത്ഥനയുടെ ശക്തിയാലാകുന്നു. ചങ്ങല ധരിച്ച ക്രിസ്തുവിന്റെ സ്ഥാനപതി എന്നുള്ളതു പദവിയുള്ള സ്ഥാനം ആകുന്നു. സുവിശേഷത്തിനുവേണ്ടി കഷ്ടം സഹിക്കുന്നത് നാം പദവിയായി കരുതുന്നവർ ആണോ? സുവിശേഷം അറിയിക്കുവാൻ ദിവ്യനിയോഗം ലഭിച്ചവരാണ് നാം. ദൈവ

ത്തിന്റെ ആലോചന മറച്ചുവെയ്ക്കാതെ സമയത്തും അസമയ ത്തും അറിയിക്കുവാൻ പരിശുദ്ധാത്മശക്തി നമുക്ക് ആവശ്യമാണ്. അപ്പൊസ്തലൻ സഹവിശ്വാസികളുടെ പ്രാർത്ഥന അപേക്ഷിക്കുന്നു. ആ നല്ല മാതൃകയും വിന യവും അനുകരണയോഗ്യമായ ആത്മിക ഗുണങ്ങൾ അത്രേ.

### വന്ദനവും ആശീർവാദവും (6:21–24)

ആത്മീയപോരാട്ടം എല്ലാ വിശ്വാസികളും അനുഭവിക്കുന്നു. അന്യോന്യം അത് അറിയുന്നത് പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും മുഖാന്തരം ആകും. പൗലൊസിനു തിഹിക്കോസ് ആശ്വാസവും പ്രോത്സാഹനവും നൽകി (പ്രവൃ. 20:4). അവൻ വിശ്വസ്ത ശുശ്രൂഷകനായിരുന്നു. പൗലൊസിന്റെ വസ്തുതകൾ അറിയുവാൻ ആഗ്രഹമുള്ള എഫെ സ്യയിലുള്ള വിശ്വാസികൾക്കു തിഹിക്കോസിനെ പരിചയപ്പെടുത്തുന്നു. നാം കർത്തൃദാസന്മാരുടെ വിവരങ്ങൾ അറിയുവാൻ ആഗ്രഹം ഉള്ളവരാണോ? അവരെ പ്രോത്സാഹിപ്പിക്കുന്നവരാണോ? പൗലൊസിന്റെ ഹൃദയത്തെ തണുപ്പിച്ച തിഹിക്കോസ് എഫെസ്യയിലുള്ള വിശ്വാസികളെയും ആശ്വസിപ്പിക്കുമെന്നുള്ള ഉറപ്പ് പൗലൊസിനു ണ്ടായിരുന്നു. ദൈവകുടുംബത്തിലെ അംഗങ്ങൾ തമ്മിൽ ആശ്വസിപ്പിക്കുന്നവർ ആയിരിക്കണം. വിശ്വാസം, സമാ ധാനം, സ്നേഹം, കൃപ എന്നീ അനുഗ്രഹങ്ങൾ ആശംസിച്ചുകൊണ്ട് അപ്പൊസ്തലൻ ഈ ലേഖനം ഉപസംഹരി ക്കുന്നു. ക്രിസ്തു പിതാവിനു തുല്യനാണെന്ന് ഇവിടെ കാണാം. ക്രിസ്തീയ പോരാട്ടത്തിൽ വിജയം വരിക്കുവാൻ വിശ്വാസം സഹായിക്കും. അതു സ്നേഹത്തോടുകൂടെ വ്യാപരിക്കുന്നതും എല്ലാ സാഹചര്യത്തിലും സമാ ധാനം നൽകുന്നതുമാണ്. കർത്താവിനെ അക്ഷയമായി സ്നേഹിക്കുന്നവർക്ക് ദൈവകൃപയുടെ എല്ലാ അനുഗ്രഹങ്ങളും ലഭിക്കുമെന്നുള്ള ആശംസ യോടെ ലേഖനം സമാപിക്കുന്നു. ദൈവം ഏവരെയും അനുഗ്രഹിക്കുമാറാകട്ടെ.

* * *